നിന്റെ ഹൃദയം നീ
എന്നോടു തിരിച്ചു ചോദിക്കരുത്
അന്ന്...അവിടെ...
നമ്മുടെ വിയർപ്പിൽ കുതിർന്ന്
ഡെറ്റോൾ മണക്കുന്ന നിന്റെ ഹൃദയം
ഞാൻ വച്ചു മറന്നുവെന്നെനിക്കു
കള്ളം പറയേണ്ടിവരും.
ഞാനും ഒരു ഗിനിപ്പന്നിയല്ലെന്ന്
അറിയുന്ന ദിവസം
നീയെന്റെ പിറകേ ഓടിവരും
ഞാൻ നിന്നെ കൊണ്ടു പോകും,
സിറിഞ്ചും കത്തിയും ലാബുമില്ലാത്ത
മാലാഖമാരുടെ പുൽ മേട്ടിലേക്ക്

ാന്ത് പി.ആർ
ാം വർഷ ഫങ്ഷണൽ ഇംഗ്ലീഷ്

# Be a Computer Networking Expert *With*

**MCSE CCNA LINUX SOLARIS Hardware - A+**

**karROX**

**Technologies Ltd.**

RIGHT TRAINING
RIGHT CRTIFICATION
RIGHT JOBS

Authorised Training Centre :

*2nd Floor, VRH Complex, East Nada, Irinjalakuda, Tel : 820471, 82830*

*All logos are affiliated to Corporate Office onl*

Microsoft CERTIFIED Technical Education Center

CISCO SYSTEMS LEARNING PARTNER

JAVA

Sun microsystems AUTHORIZED SUN EDUCATION CENTER

CALDERA

LINUX EDUCATION

The Computing Technology Industry Association, USA CERTIFICATION A+ PROGRAM

Authorised PROMETRIC TESTING CENTE



## ക്രീഡാലം

കേരളാ ഫുട്ബോൾ ടീമിന് സമൃദ്ധമായി സ്വപ്നങ്ങൾ കൊടുത്തപ്പോൾ ദൈവം, അവ നേടിക്കൊടുക്കാൻ എം. പീതാംബരൻ എന്നൊരു കോച്ചിനേയും കണ്ടു വച്ചിരന്നു. ക്രൈസ്റ്റ് കലാലയത്തിന്റെ ഈ ഫുട്ബൾ കോച്ച്, കേരളം സന്തോഷ് ട്രോഫിയിൽ ...ത്തമിടുമ്പോൾ ദ്രോണാചാര്യരോളം വളർന്നു. എന്നിട്ടും അദ്ദേഹത്തെ ...നാക്കൂ. വിനയാന്വിതനായ മനുഷ്യൻ, സരസമായ സംഭാഷണം, ...ക്ഷ്ണതയുള്ള വീക്ഷണങ്ങൾ, കൃത്യമായ വിശകലനങ്ങൾ, ...ഇതൊന്നുമില്ലെങ്കിൽ എങ്ങനെ പന്ത് അളന്ന് കുറിച്ച് ഗോൾ ...ലയത്തിലെത്തിക്കാമെന്ന് ഇയാളെങ്ങനെ പഠിപ്പിക്കും?

**...കേരളത്തിന് പുറത്ത് വച്ച് സന്തോഷ് ട്രോഫി നേടിയതിനെക്കുറിച്ച്.**

കേരളത്തിന് വെളിയിൽ കേരളം ആദ്യമായി ജയിക്കുന്ന ...സന്തോഷ് ട്രോഫിയാണ് ഇത്തവണത്തേത്. ബോംബെയിലെ ...മലയാളികൾക്കും 3 കോടി കേരളീയർക്കും അഭിമാനിക്കാവുന്ന ...നേട്ടമാണിത്. കാരണം ബോംബെയിൽ ഇതുവരെ ഒരു മലയാളി ടീമും ...ഒരു ട്രോഫിയും നേടിയിട്ടില്ല.

**...സന്തോഷ് ട്രോഫിക്ക് മുൻപ് മറ്റേതെങ്കിലും നാഷണൽ ...നേടിയിട്ടുണ്ടോ?**

# കാലിൽ പന്ത് തൊടുക്കുന്ന ദ്രോണർ



ആദ്യമായി അണ്ടർ 21 ...ഇന്ത്യയിൽ നടന്നപ്പോൾ വിജയിച്ച ...കേരളാ ടീമിന്റെ കോച്ച് ഞാനായിരുന്നു.

തൃശൂരിലെ ഒല്ലൂരിൽ ജനിച്ച് ...ഇന്ത്യ മുഴുവനും അറിയപ്പെടുന്ന ...കോച്ചായി വളർന്ന ഈ ...അൻപത്തിമൂന്ന് കാരന്റെ ...സ്വരത്തിനിപ്പോഴും യൗവ്വനം. മുഴങ്ങുന്ന ...നിശ്ചയ ദാർഢ്യം.

ഹക്കീമടക്കം ക്രൈസ്റ്റ് സംഭാവന ചെയ്ത പല താരങ്ങളും ...ഇത്തവണത്തെ സന്തോഷ് ട്രോഫി ടീമിലുണ്ടായിരുന്നു. ഈ ...വിജയത്തിൽ മാത്രമല്ല മൊത്തത്തിൽ ഇന്ത്യൻ ഫുട്ബോളിന് ക്രൈസ്റ്റ് നൽകിയ സംഭാവനകളെ സാറെങ്ങനെ വിലയിരുത്തുന്നു?

ക്രൈസ്റ്റിന്റെ ഗ്രൗണ്ട് ഫുടോബോളേഴ്സിന്റെ പുണ്യ... ഭൂമിയാണ്. ഇത്രയധികം, ഇന്റർ നാഷണൽ ലെവലിലുള്ള താരങ്ങളെ... വളർത്തിയെടുത്ത മറ്റൊരുകലാലയമോ ഗ്രൗണ്ടോ കേരളത്തിലില്ല... ആന്റോ വർഗ്ഗീസ്, വിജയൻ, പൗലോസ്, എം.എം. ജേക്കബ് തുടങ്ങി... പ്രദീപ് ജോസ് ജോഷ്വാ,ജോൺസൺ അങ്ങനെ എത്രയെത്ര... പ്രതിഭകൾ. ഒന്നാം നിര താരങ്ങളെ സംഭാവനം ചെയ്യുന്നതിനൽ മുന്നി... നൽക്കുന്നത് നമ്മൾ തന്നെയാണ്.

എട്ട് കൊല്ലം തൃശൂർ, സംസ്ഥാന ചാമ്പ്യൻഷിപ്പ്... നേടിയപ്പോൾ, ടീം കോച്ചായിരുന്നതിന്റെ അനുഭവസമ്പത്തിൽ...

> **ഫുട്ബോളിനെ സ്നേഹിക്കുക, ഫുട്ബോളിനെല്ലാം നൽകുക. ഫുട്ബോൾ നിങ്ങൾക്കെല്ലാം നൽകും.**

നിന്നുകൊണ്ടാണ് പീതാംബരൻ സാർ സംസാരിക്കുന്നത്.

ക്രൈസ്റ്റും ഒപ്പം ഇരിങ്ങാലക്കുടയും ഫുട്ബോളിനെ... ഇങ്ങനെ നെഞ്ചിലേറ്റാൻ എന്തായിരിക്കും കാരണം?

കോളേജിന്റെ കാര്യത്തിൽ ഇവിടുത്തെ മാനേജ്മെന്റിന്റെ... താൽപര്യമാണത്. കണ്ടംകുളത്തി ട്രോഫിയുടെ കാര്യമെടുക്കുക... എത്രയോ കൊല്ലമായി മുടങ്ങാതെ നമ്മളത് നടത്തുന്നു... കേരളത്തിലെന്നല്ല ഇന്ത്യയിലെ തന്നെ പല ടൂർണ്ണമെന്റുകളും പ... കൊല്ലങ്ങളിൽ മുടങ്ങിയിട്ടുണ്ട്. പക്ഷേ കണ്ടംകുളത്തി ഇതുവരെ... മുടങ്ങിയിട്ടില്ല.

കണ്ടംകുളത്തി ട്രോഫിക്ക് ഒരു പ്രത്യേകതയുണ്ട്... നിങ്ങൾ വേൾഡ് കപ്പ് ജയിച്ചിട്ട് ഇരിങ്ങാലക്കുടയിൽ വന്നാലും... ഇവരാദ്യം ചോദിക്കുക... കണ്ടംകുളത്തി ജയിച്ചോ തോറ്റോ... എന്നാണ്.

മറ്റെന്ത് വിട്ടുകൊടുത്താലും... ഫുട്ബോൾ വിട്ടുകൊടുക്കില്ല. അല്ലേ...

അതെ ഇതുപോലെ... ടൈം ക്യാമ്പ് നടക്കുന്ന മറ്റൊ... കോളേജില്ല. ദിവസവും നാല്പത... മുതൽ അമ്പത് കളിക്കാർവരെ ഇവിടെ... പ്രാക്ടീസ് ചെയ്യുന്നു. ഇത്രയധിക... കളിക്കാർ ഡെയ്‌ലി പ്രാക്ടീസ് നടത്തുന്ന വേറേത് ഗ്രൗണ്ടാണുള്ളത്...

**എൻ.എ.ഡേവിഡ് ട്രോഫി ഇത്തവണ ക്രൈസ്റ്റ് നേടിയല്ലോ.**

അത് ടീം വർക്കിന്റെ വിജയമാണ്. എടുത്ത് പറയാവുന്ന താരങ്ങളുണ്ടായിരുന്നില്ലെങ്കിലും നമ്മൾ നല്ല കളി കാഴ്ചവച്ചു. അതികായന്മാരെയാണ് നമ്മൾ തറപറ്റിച്ചത്. ആദ്യം പൊലീസ് ടീമിനെ. പിന്നെ പോർട്ട് ട്രസ്റ്റിനെ . ആക്രമണം ആയിരുന്നു അടവ്.

ഫുട്ബോളിനെ ജീവനു തുല്യം പ്രണയിച്ച മനുഷ്യൻ. ഫുട്ബോൾ ഇയാളെ തിരിച്ചും സ്നേഹിച്ചു. ഗ്രൗണ്ടും പന്തും പീതാംബരന് എല്ലാം നേടിക്കൊടുത്തു.

**പിന്നിട്ട വഴികളെക്കുറിച്ച് പറയാമോ?**

സ്കൂൾ കഴിഞ്ഞ് നേരെ സർവ്വീസിലേക്ക്. അവിടെ AMC Lucknowന് കളിച്ചു തുടങ്ങി. 88ൽ എസ്.ബി.എ.യിൽ ജോയിന്റ് ചെയ്തു. ആദ്യം പാലക്കാട് എൻ.വൈ.കെയിൽ പിന്നെ ക്രൈസ്റ്റിൽ വ്യാസയിൽ.

**ഇപ്പോൾ 3 കൊല്ലമായി വീണ്ടും ക്രൈസ്റ്റിൽ.**

**ഈ വളർച്ചയ്ക്ക് ആരോടാണ് കടപ്പാട്.**

ദൈവത്തോട് പിന്നെയും തീരാത്ത കടപ്പാടുക മാതാപിതാക്കളോട്, പൂർവീകരോട്. എന്റെ കോച്ച് ആയിരുന്ന ജോർജിനോടും ഒളിമ്പ്യൻ ചന്ദൻസിങ്ങ് റാവത്തിനോടും.

കാലിൽ പന്തിനോടൊപ്പം സ്വപ്നങ്ങളും തൊടുക്കു ദ്രോണാചാര്യർ ഇന്ത്യൻ ടീമിന്റെ കോച്ചാവുന്നത് സ്വപ്നം കാ (സ്വപ്നങ്ങളുള്ളവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ സ്വപനങ്ങൾ സാക്ഷാൽക്കരിക്കുന്നു. പുതിയ കളിക്കാ പീതാംബരൻ സാറിന് ഒന്നേ പറയാനുള്ളൂ.

ഫുട്ബോളിനെ സ്നേഹിക്കുക, ഫുട്ബോളി നൽകുക. ഫുട്ബോൾ നിങ്ങൾക്കെല്ലാം നൽകും.

ഇന്റർവ്യൂ തയ്യാറാ

ജനിൽ

INDTRONIES

*Industrial consultancy in electronics automation and indigenisation*

Regd. Office : **Madathiprarambil, Chettiparambu, Irinjalakuda - 680 121**

**Trichur, Krala (0488) 825722, Resi : 822668**

**ആൺകുട്ടികൾക്കും പുരുഷൻമാർക്കും മാത്രമായിട്ടുള്ള ഇരിങ്ങാലക്കുടയിലെ ഏക റെഡിമെയ്ഡ് ഡ്രസ്സുകളുടെ ഷോറൂം..............**



**വില്ലീസ്**

**മെൻസ് വെയർ**

**ഠാണ–മെയിൻ റോഡ്, ഇരിങ്ങാലക്കുട.**

**Ph : 821855**

N.B: കാറാൽകട മുണ്ടുകളും ലഭിക്കും.

# ചോദ്യചിഹ്നം



പുറപ്പെട്ടതെപ്പോഴാണ്......!

അയാൾ ഓർക്കാൻ ശ്രമിച്ചു. എപ്പോഴോ പുറപ്പെട്ടു. ഇപ്പോൾ നിഴൽ അയാളോട് ചേർന്ന് നിലത്ത് അയാളേക്കാൾ അല്പം വലുപ്പത്തിലാണ്. എന്നു വെച്ചാൽ സമയം വൈകിയിട്ടില്ല. എന്നാൽ വൈകിയിരിക്കുന്നു. ഇത്ര നേരമായിട്ടും അയാൾക്ക് തന്റെ നിഴലിനോട് ഒരു നിമിഷം പോലും കൂറ് പ്രകടിപ്പിക്കാൻ സാധിച്ചില്ല. അയാൾ ചുറ്റിലും ആരൊക്കെയോ തിരക്കു കൂട്ടുന്നു.

മുന്നോട്ട് പോകാൻ....

ലക്ഷ്യങ്ങൾ കൈയ്യടക്കാൻ.....

മറ്റു ചിലർ അഭിമുഖമായി വരുന്നു.അവരുടെ കണ്ണുകളിൽ മറ്റൊരു വഴി കണ്ടു പിടിക്കേണ്ടതിന്റെ പരിഭ്രമം. അവർക്കു പിന്നിൽ, അവർ ബാക്കി വച്ച കാലടിപാടുകൾ അനാഥമായി കിടന്നു. അവ പിൻതുടർന്ന് മറ്റൊരാൾ വന്നാൽ, അയാളുടെ കാലടികൾ അവിടെ ചെന്ന് നിശ്ചലമാകും. ഒരുപക്ഷെ അവർക്കും തിരിച്ച് വരേണ്ടി വരും

അയാൾ തിരക്ക് കൂട്ടി. പാദങ്ങൾ വേഗത്തിൽ ചലിക്കാൻ തുടങ്ങി. മുൻപേ പോകുന്നവർ തിരിഞ്ഞ് നോക്കി. അയാളുടെ വേഗത കണ്ടിട്ടാവണം. അവരും വേഗത കൂട്ടി. അയാൾ ആലോചിച്ചു.

താൻ ഏകനാണ്;

പക്ഷെ തുടക്കത്തിൽ കൂടെ ഒരുപാട് പേരുണ്ടായിരുന്നു. അവരോടൊപ്പം, അനുസരണയോടെയാണ് യാത്ര

തുടങ്ങിയത്. പക്ഷെ ഇപ്പോൾ മുൻപിൽ പോകുന്നവരേക്കാൾ വേഗത്തിൽ പോകണം എന്ന ലക്ഷ്യം കൊണ്ട് മാത്രം ഏകനായി യാത്ര തുടരുന്നു. സഹയാത്രികരെ എവിടെയോ വച്ച് അയാൾക്ക് നഷ്ടപ്പെട്ടു.

തോളിൽ കടപ്പാടുകളുടെ ഭാണ്ഡം തൂങ്ങി. ആദ്യം അതിന് ഒരു മയിൽപീലയുടെ പോലും ഭാരം ഉണ്ടായിരുന്നോ എന്ന് സംശയമാണ്. പക്ഷെ ഇന്ന് ഭാരം എത്രയോ അധികമാണ് എന്നാണ് ചിന്ത. പക്വത തോളിൽ തൂങ്ങിയ ഭാണ്ഡത്തിന് ഭാരം കൂട്ടി.

അയാൾ ഉന്മേഷത്തോടെ, കാലുകൾ നീട്ടി വച്ച് നടന്നു. പെട്ടെന്ന്, അയാൾക്ക് ഇടത് വശത്തായി ഒപ്പത്തിനൊപ്പം ഒരു രൂപം തലവെട്ടിച് നോക്കി.

അത് അവളായിരുന്നു...!

അവൾ പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു. മറന്നുവോ എന്നെ? മറുപടി പറയാൻ ആവുന്നതിന് മുൻപേ അവൾ അയാളെ പിന്നിട്ട്. വളരെ ദൂരം എത്തി കഴിഞ്ഞിരുന്നു. ദൂരെ അവൾ ഒരു പൊട്ടുപോലെ കാണപ്പെട്ടു.

അയാൾക്ക് കാലുകൾ കുഴഞ്ഞു. അയാൾ വേച്ചു വേച്ചു നടന്നു. പിന്നെ നിലത്ത് വീണ് ഇഴയാൻ തുടങ്ങി. അയാൾക്ക് പുറമെ, ആ നിരത്തിലൂടെ സഞ്ചരിച്ചിരുന്ന എല്ലാവരും കുഴഞ്ഞ് വീഴുന്നതായും, അത് വരെ സ്ത്രീകൾ ഇല്ലാതിരുന്ന ആ പാതയിലൂടെ, വീണു കിടക്കുന്ന പുരുഷന്മാരെ ചവിട്ടിമെതിച്ചുകൊണ്ട് ഒരു കൂട്ടം....അല്ല! ഒരു സമുദ്രം സ്ത്രീകൾ. സമൂഹം തഴഞ്ഞിട്ട വ്യക്തിത്വങ്ങളിൽ ആത്മ നിശ്വാസത്തിന്റെ തിളക്കവും ഏതോ ലക്ഷ്യം കൈയ്യടക്കാനുള്ള വ്യഗ്രതയുമായി മുന്നോട്ട് പോകുന്നതായും അയാൾ കണ്ടു. അനന്തതയിൽ അവർ പൂർണ്ണവിരാമങ്ങളുടെ ഒരു നിരപോലെ കാണപ്പെട്ടു. തൊണ്ട വറ്റിവരണ്ടു. കാഴ്ച നശിച്ചവനുമായി തളർന്നു കിടക്കുന്ന അയാൾക്ക് അപ്പുറം ഒരുപാട് പൂർണ്ണ വിരാമങ്ങൾ നിരനിരയായ വന്നടുത്തു.

അവക്കപ്പുറം ഒരു ചോദ്യചിഹ്നവും തല ഉയർത്തി പിടിച്ച് നിന്നിരുന്നു. വീണു കിടക്കുന്ന മേധാവിത്വത്തിനൊരു വെല്ലുവിളിപോലെ....!!!

——അനിഷ. എം.കെ
ഭൗതിക ശാസ്ത്രം
(ഒന്നാം വർഷം)

# കലാലയത്തിന്റെ ചിറകുകൾ

സുവിൻ സാം

പഠനം, ഇന്ന് കലാലയത്തിൽ കാലൂന്നുന്ന ഓരോ വിദ്യാർത്ഥിക്കും അവന്റെ ഭാവി ഭദ്രമാക്കാൻ ആദ്യം തരണം ചെയ്യേണ്ട കർമ്മമാണ്. അഥവാ ധർമ്മം പ്രീഡിഗ്രിയുടെ കടയിൽ കാലം കോടാലി വെച്ചപ്പോൾ കലാലയത്തിന് ജീവൻ നൽകുന്ന സിരാനാഡികളായി മാറിയിരിക്കുന്നു ഡിഗ്രി കലാലയത്തിന്റെ ഇന്നത്തെ ആദ്യത്തെ പടി.

എന്നിരുന്നാലും വളർന്നു വരുന്ന ഒരു മനുഷ്യ സമൂഹത്തിന്റെ അടിത്തറയായി മാറുവാൻ ആത്മീയമായി വളർത്തുകയാണല്ലോ ഓരോ കലാലയത്തിന്റെയും ലക്ഷ്യം. കഴിഞ്ഞ കാലത്തിൽ അതെത്രകണ്ട് കലാലയങ്ങൾക്ക് സാധിച്ചു എന്നത് ചരിത്രത്തിന്റെ വിഷയമാണ്. വാക്കുകൾ ഭാവനക്കനുസരിച്ച് കൂടി ചേർത്ത് മഹത്തായ അർത്ഥം രൂപകൽപന ചെയ്തവരും സമൂഹത്തനു വേണ്ടി ജീവിതം ഒഴിഞ്ഞ് വച്ച് ഒടുവൽ സമൂഹം ശിക്ഷിച്ചവരും എന്നുവേണ്ട നല്ലതും ചീത്തയുമായി ഭൂതകാലങ്ങളിൽ ആധിപത്യം സ്ഥാപിച്ചവർ ചരിത്രത്തിൽ സ്ഥാനമില്ലാതെ തിങ്ങി പാർക്കുകയാണ്. അത് കൊണ്ട് തന്നെ ഇന്നത്തെ സമൂഹം കൊണ്ട് നിറയേണ്ടതും എന്നാൽ ശൂന്യവുമായിരുന്ന ഭാവിയിലേക്ക് വിരൽ ചൂണ്ടുന്നതാണ് നല്ലത്.

പലപ്പോഴും കലാലയത്തിന്റെ ജീവിത ലക്ഷ്യം പരീക്ഷയായി മാറുന്നു.അതിനുവേണ്ടി മാത്രം വാങ്ങിച്ചു കൂട്ടുന്ന പുസ്തകങ്ങളിലെ കറുത്ത വാക്കുകൾ ആർത്തിയോടെ കരണ്ടി തിന്ന് ഒടുവിൽ പീരക്ഷകളിൽ ഒരു വിഷമത്തോടെ ഉത്തരകടലാസിൽ അവ ആവശ്യമായും അനാവശ്യമായും ഇറക്കിവെച്ച് കൂടുതൽ നല്ല ഫലങ്ങൾ അതിൽ നിന്ന് പറിച്ചെടുത്ത് തന്റെ കലാലയലക്ഷ്യം പൂർണമായി എന്നു വിശ്വസിച്ച് സന്തോഷത്തിന്റെ നെടുവീർപ്പ് വിടുന്ന പലരും ലോകത്തിൻരെ മുൻപിൽ ദുഃഖത്തിന്റെ ചോദ്യചിഹ്നങ്ങളായി മാറുന്നു.

എന്തുകൊണ്ടാണീ അധഃപതനം? ഈ ചിന്ത പലരും കടം വാങ്ങുന്നതിനു മുമ്പേ, ലോകത്തിന്റെ പരിതാപകരമായ അവസ്ഥയെ പഴിപറയുന്നു.ഒരു പാടുകാലത്തെ കലാലയ ജീവിതത്തിനുശേഷം കാലത്തിന് മുൻപിൽ കീഴ്പെടുമ്പോൾ,ലോകത്തിനെ പഴിക്കുന്നതിനു മുമ്പേ, സ്വയം പഴിക്കുന്നതിനു മുമ്പേ സത്യത്തെ അറിയുവാനുള്ള വെമ്പലാണ് ഉണ്ടാകേണ്ടത്. മരണം വരെ വിദ്യാർത്ഥിയായ മനുഷ്യൻ ലോകം എന്ന കലാലയത്തിൽ നിന്ന് പഠിച്ചെടുത്ത് ജീവിത സത്യം എങ്ങനെ സമൂഹത്തിൽ പ്രായോഗികമാക്കാം എന്നതിന്റെ പണിപുരയാകട്ടെ ഒരോ കലാലയവും.

വളർന്നുവരുന്ന മനുഷ്യസമൂഹത്തെ ശോഭനീയമായ ഭാവിയിലേക്ക് കൈപിടിച്ചുയർത്തുവാൻ കലാലയങ്ങൾ ഇനിയും മാറേണ്ടിയിരിക്കുന്നു. അങ്ങനെ കൊച്ചു, കൊച്ചു സമൂഹങ്ങളിലൂടെ വലിയ സമൂഹമായ ലോകത്തെ സുഭദ്രമായ ഭാവിയിലേക്ക് പറന്നടിപ്പിക്കുവാനുള്ള കലാലയത്തിന്റെ ശ്രേഷ്ഠമായ ഉപകരണമായി മാറട്ടെ ഇന്നത്തെ തലമുറ.


# Annual Report of NCC Unit No:2

## Christ College Irinjalakuda


This year the NCC Activities began with the flag hoisting ceremony on the Independence day by the principal Fr. C.A. Thomas. National Integration Camp at New Delhi ws attended by cadet Aneesh P.K of III Bcom. National Integration camp at Ludhiyana in panjab was attended by Company under Officer Sijo Thomas of II BA Economics and National Integration at Bhusawal in Maharashtra was attended by Lance corporal Promise. P.F. of II Physics and Cadet Thrivikraman. P.G. of I Maths.Eighteen Cadents of Our Company attended combined Ali wing Annual Training camp held at S.N. College Nattika. In this year Anual Training camp orgnised in our college become very successful to our company and college and if ended with organised an exhibition of various military weapons useful in the army and other related pictures and charts. Army attachment camp held at belham was attended by company Senior under Officer Abilash M.O. of II BA economics, cadet Bino Baby of II Zoology Cadet Mridul. C.P. and cadet Jestin Davis of II Bsc Maths and cadet Rakesh K.R. of Ist Bsc maths. National Integration Camp was attended by Cadet Aneesh kumar of II Bcom and Cadet Girish B of Ist B.A. Economics. Trucking camp at Agastyakudam was attended by cadet Jayakrishnan P.R of Ist B.sc. physics. The christ college NCC Configent was adjudged as the best configent in the march past at the Republic Day parade conducted by the Irinjalakuda Muncipality.●



**CSUO. Abhilash M.O.**



**CUO. Sijo Thomas**



**CUO. Joy Joseph**

We do a program that's been designed by the industry itself.

We don't just do theory. We work on 'live projects'.

We watch experts solve real-life problems, and become experts too.

We are trained in everything that's 'today-relevant' in IT.


We work for one full year in an organisation as part of our program.

We are trained to be productive on the job from day one.

We are the employers' first choice for recruitment.*



# We're GNIIT-ians.
# We're made of different stuff.




What makes GNIIT-ians special? The course itself, for a start. It revolves around three key points. **Core Concepts**, to give you a solid foundation. **Software Engineering**, to help you develop outstanding software. And **Key Technologies**, to make you productive from day one at work. The GNIIT Classic course replaces theory with practicals. Books with live sessions. Hours in the library with days on live projects. And finishes off with Professional Practice™, where GNIIT-ians spend one full year working in a company.
All this makes the GNIIT-ian an IT professional who's one of a kind.

GNIIT Classic
↑
Professional Practice™ (1 year)
↑
DNIIT (24 months)
↑
Advanced Diploma in IT (18 months)
↑
Diploma in IT (12 months)
↑
Certificate in IT (6 months)


EMPLOYERS' FIRST CHOICE

**Employers prefer GNIIT-ians because:**

- GNIIT-ians are productive from day one
- GNIIT-ians can take on challenges and win
- GNIIT-ians can adapt to any environment
- GNIIT-ians are as good as BEs/MCAs on the job
- GNIIT-ians have work experience, even before their first job


**or money back.***

Life begins at **NIIT**
www.niit.com



# ഗാർഡൻ

□ സുധീഷ് കെ.എസ്.
□ രണ്ടാം വർഷ ജന്തു ശാസ്ത്രം



കോളേജ് ഗാർഡന്
ഒരു മുഖവുര
ഗാർഡൻ,
ഇത്..................
പാമ്പുകളുടെ താവളം
ഇത്..................
സ്ത്രീ പാരതന്ത്ര്യത്തിൽ സ്മാരകം
ഇത് ..................
പൂക്കളില്ലാത്ത പൂങ്കാവനം
ഇത് ..................
മിണ്ടാ പ്രാണികൾതൻ കാരഗൃഹം
ഇവിടെ നെഹ്രുവുണ്ട്, ഗാന്ധിയുമുണ്ട്,
എല്ലാരും വെള്ള പൂശിയോർ
ഈ ..................
സിമന്റ്ബെഞ്ചുകൾ
പുരുഷ മേധാവിത്തത്തിന്നടയാള വാക്യമോ?

Best Compliments...

**Elite FABRICS**

SAREELAYAM

Wholesale & Retail piece Goods Dealers

swastik Chambers
1st Floor, Flat No.2
Carnac Road, Mumbai-1
Phone : 022 - 2618713
Fax : 022 - 2655992

M.O. Road, Trichur - 1, Ke
Phone : 423399, 421021
Fax : 0487 - 421021

22 Year of Service

**Irinjalakuda Kuries and Finances (P) Ltd.**

Kuries Building, Irijalakuda. Phone:822837
Branches: I.T. NIT, Faridabad.
Panthallookaran Building Kodakara - 726388.

Best Compliments from

**Peedee Travels & Peedees Gifts**

IRIJALAKUDA. Phone:821038, 820849.

ഫാക്ടറികൾ, വീടുകൾ, വ്യാപാരസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ നാനാവിധ ആഘോഷങ്ങൾ എന്നിവക്ക് സെക്യൂരിറ്റിഗാഡുകളെയും, ലേബർ കോൺട്രാക്ടിൽ തൊഴിലാളികളേയും സപ്ലൈചെയ്യുന്ന തൃശ്ശൂരിലെ ഏകസ്ഥാപനം.

**ADHARSH**

SECURITY DIVISION & PERSONAL SERVICE,

Regd.No. A. 359. Labour Contract Near State Bank of India, M.G.Road Thrissur-1.Phone: 428472,363557

**Branches**

| Ph: | |
|---|---|
| 343342 | Cherpu. |
| 547716 | Kanji Kode, |
| 528068 | Kunnamkulam. |
| Mob: | |
| 984 7030045 | Palakkad. |

**ആരഭി**

സംഗീത - നൃത്തവിദ്യാലയം

ഠാണാ - ഇരിങ്ങാലക്കുട

Phone (R):880119.

സംഗീതം, ശാസ്ത്രീയനൃത്തം, സിനിമാറ്റിക്ക് ഡാൻസ് എന്നിവ പഠിപ്പിക്കുന്നു.

എല്ലാവിധ ഡാൻസ് ഡ്രസ്സുകളും ആഭരണങ്ങളും വാടകയ്ക്ക്കൊടുക്കുന്നു.

# എൻ.എസ്.എസ്. വാർഷിക റിപ്പോർട്ട് 2001 02

2001 - 02 അദ്ധ്യയന വർഷത്തെ ക്രൈസ്റ്റ് കോളേജ് എൻ.എസ്. എസ്.യൂണിറ്റുകളുടെ സേവന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് ജൂലൈ 21 ന് ഇരിങ്ങാലക്കുട വാട്ടർടാങ്ക് പരിസരം വൃത്തിയാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഒന്നാം ഏകദിന ശ്രമദാനത്തോടെയായിരുന്നു. അന്നേ ദിവസം ഈ പ്രദേശത്തെ നിർധനരായ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സൗജന്യ ട്യൂഷൻ എന്ന നൂതന സംരംഭത്തിനും തുടക്കമായി. എൻ.എസ്. എസ്. വളണ്ടിയർമാർ തന്നെയായിരുന്നു. ക്ലാസുകൾ കൈകാര്യം ചെയ്തിരുന്നത്. ആരംഭത്തിൽ 8,9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായിരുന്നു ട്യൂഷൻ നൽകിയിരുന്നത്. ഇതിന്റെ വിജയം 6,7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ട്യൂഷൻ നൽകാൻ വളണ്ടിയർമാർക്ക് പ്രചോദനമേകി.

2001 ജൂലൈ 25 - കലാലയത്തിലേക്ക് പുത്തന ഉണർവ്വുമായി കടന്നു വന്ന ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികളെ വർണ്ണ മനോഹരമായ പൂക്കളം തീർത്ത് എൻ.എസ്. എസ്. ഹാർദ്ദവമായി സ്വാഗതം ചെയ്തു.

ആഗസ്ത് 8 : ഹിരോഷിമ ദിനത്തോടനുബന്ധിച്ച് എൻ.എസ്. എസ്. വളണ്ടിയർമാർ കോളേജ് പോർട്ടിക്കോയിൽ മൗന പ്രാർത്ഥന നടത്തുകയും ഭീകര വിരുദ്ധ പ്രതിജ്ഞ ഏറ്റു ചൊല്ലുകയും ചെയ്തു.

ആഗസ്ത് 9 : എലിപ്പനി ബോധവൽക്കരണ സെമിനാർ ഇരിങ്ങാലക്കുട താലൂക്കാശുപത്രി സൂപ്രണ്ടായ ഡോ. ശ്രീനിവാസൻ എലിപ്പനിയുടെ കാരണങ്ങളെക്കുറിച്ചും നിവാരണ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സെടുത്തു.

സെപ്തംബർ 5: അദ്ധ്യാപക ദിനം, രാവിലെ പൂക്കാർഡുകളേന്തി അംഗങ്ങൾ പനിനീർപ്പൂവുകൾ നൽകികൊണ്ട് അദ്ധ്യാപകർക്ക് ആശംസകൾ അർപ്പിച്ചു.

ഒക്ടോബർ 6: രണ്ടാം ഏകദിന ശ്രമദാനം: കോളേജ് ഓഡിറ്റോറിയം പരിസരം വൃത്തിയാക്കലും വാഴത്തോട്ടത്തിൽ വളമിടലും ആയിരുന്നു പ്രധാന തൊഴിലു... തൊഴിലവസരങ്ങൾ വിദ്യാർത്ഥികളുടെ ശ്രദ്ധയിൽപ്പെടുന്നതിനായി എംപ്ലോയ്മെന്റ് സെൽ എന്ന പദ്ധതിയ്ക്ക് വളണ്ടിയർമാർ രൂപം നൽകി.

ഒക്ടോബർ 20 മൂന്നാം ഏകദിന ശ്രമദാനം- കോളേജ് റോഡിന്റെ ശുചീകരണ പ്രവർത്തനമായിരുന്നു ശ്രമദാന ലക്ഷ്യം.

**നവംബർ 2 : ആയുഷ്മാൻ ഭവ**

തൃശൂർ ജില്ലയിലെ വിവിധ കോളേജുകളിലെ എൻ. എസ്. എസ്. വളണ്ടിയർമാർക്കു വേണ്ടി റോഡപകടങ്ങളും ശുശ്രൂഷമുറകളും എന്ന വിഷയത്തെക്കുറിച്ച് ത്രിദിന ശില്പശാല യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ സംഘടപ്പിക്കുകയുണ്ടായി. റോഡപകടങ്ങളുടെ നിയമവരങ്ങളെക്കുറിച്ചും പ്രഥമശുശ്രൂഷാ വിധികളെക്കുറിച്ചും പ്രമുഖർ ക്ലാസ്സെടുത്തു. പരിപൂർണ്ണ വിജയമായിരുന്ന ശില്പശാലയിൽ ജില്ലയിലെ 50ഓളം വളണ്ടിയർമാർ പങ്കെടുത്തു.

നവംബർ 17 : നാലാം ഏകദിന ശ്രമദാനം : അന്ധർക്കും ബധിരർക്കും വേണ്ടിയുള്ള തൊഴിൽ പരിശീലന കേന്ദ്രമായ സ്നേഹഭവൻ പരിസര ശുചീകരണമായിരുന്നു വളണ്ടിയർമാർ ഏറ്റെടുത്തിരുന്ന ദൗത്യം.

നവംബർ 22. പ്രതിഭ 2001 അന്തർ കലാശാല പ്രസംഗ ലളിതഗാന മത്സരം വിവിധ ജില്ലകളിലെ 32 ഓളം കോളേജിലെ പ്രതിനിധികൾ മാറ്റുരച്ച മത്സരം ക്രൈസ്റ്റ് കോളേജ് പ്രിൻസിപ്പാൾ റവ. ഫാ. തോമസ് ചക്രമാക്കിൽ ഉത്ഘാടനം ചെയ്തു. സമാപന സമ്മേളനത്തിൽ മുൻ സംസ്ഥാന എൻ.എസ്. എസ്. കോഡിനേറ്റർ ശ്രീ. ലക്ഷ്മണൻ നായർ സമ്മാനദാനം നിർവ്വഹിച്ചു.

## നവംബർ 25 സൗജന്യമെഡിക്കൽ ക്യാംപ്

തൃശൂർ മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ ക്രൈസ്റ്റ് കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളും പൊറത്തിശ്ശേരി നാഷണൽ ക്ലബ്ബും സംയുക്തമാക്കി പൊറത്തിശ്ശേരി മഹാത്മ യു.പി സ്കൂളിലാണ് ക്യാംപ് സംഘടിപ്പിച്ചത്. 300 ഓളം രോഗികൾക്ക് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനും സൗജന്യമായി മരുന്നു നൽകുന്നതിനും ഈ മെഡിക്കൽ ക്യാംപിന് കഴിഞ്ഞു.

ഡിസംബർ 1 : അഞ്ചാം ഏകദിന ശ്രമദാനത്തിൽ കോളേജ് സ്റ്റേഡിയം കാടു വെട്ടി തെളിച്ച് വൃത്തിയാക്കുകയുണ്ടായി.

ഡിസംബർ 8: ആറാം ഏകദിന ശ്രമദാനം. ഇരിങ്ങാലക്കുട വൈസ്മെൻ ക്ലബ്ബുമായി സഹകരിച്ച് താലൂക്കാശുപത്രി പരിസര ശുചീകരണം എന്ന ദൗത്യം വളണ്ടിയർമാർ വിജയകരമായി പൂർത്തീകരിച്ചു.

**ദശദിന ക്യാപം (ഡിസം 21.30)**

കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കുറ്റിച്ചിറ ഗവ. എൽ.പി. സ്കൂളിലാണ് അംഗങ്ങൾ ക്യാംപ് ചെയ്തത്. കുറ്റിച്ചിറ നായർ സർവ്വീസ് സൊസൈറ്റി റോഡിന്റെ വികസന പ്രവർത്തനങ്ങളോടൊപ്പം ചർച്ചാ ക്ലാസ്സുകളും ബോധവൽക്കരണ സെമിനാറുകളും കലാകായിക മത്സര പരിപാടികളും



ക്യാംപിന് ഉണർവ്വേകി. ക്യാംപംഗങ്ങളുടെ ആത്മാർത്ഥ പ്രവർത്തനങ്ങളിലൂടെ പൂർത്തീകരിച്ച റോഡിന് സേവന റോഡ് എന്ന് നാമകരണം ചെയ്യുകയുണ്ടായി.

**2002 ജനുവരി 12 – ഏഴാം ഏകദിന ശ്രമദാനം**

കാട്ടുങ്ങച്ചിറ പോലീസ് സ്റ്റേഷൻ പരിസരം വൃത്തിയാക്കി.


**ഫെബ്രുവരി 9 എൻ.എസ്.എസ്. ഡേ:**

കോളേജ് ക്യാംപസ് പ്ലാസ്റ്റിക് വിമുക്തമാക്കുക, എൻ.എസ്.എസ്. ഗാർഡൻ വൃത്തിയാക്കുക എന്നീ ഉദ്ദേശങ്ങളോടെയുള്ള എട്ടാം ഏകദിന ശ്രമദാനം എൻ.എസ്.എസ്. ഡേയായി ആഘോഷിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ പദവിയിൽ നിന്നും വിരമിക്കുന്ന ശ്രീ. പി.സി. വർഗ്ഗീസ് സാറിന് സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി.

സേവന പാതിയിലൂടെ ബഹുദൂരം മുമ്പോട്ടും സഞ്ചരിച്ച വർഷമാണ് കടന്നു പോയത് . എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ച സന്മനസ്സുകളെ നന്ദിയോടെ സ്മരിച്ചു കൊള്ളുന്നു.



K.J. Joseph
NSS Programme Officer



P.C. Varghese
NSS Programme Officer

## Shining Stars of NSS



Susheel Kumar



Jayesh Balan



Shellet Averez



Saji Jose



Sujitha



Reshmy K.J.



Joson K.J.



Shinoj A.V



Thulasy P.R.



Charls K.Chakochan

# സമസ്യ.

ശ്രീലക്ഷ്മി ശ്രീനിവാസൻ
രണ്ടാം വർഷ ജിയോളജി

ഒരു പരീക്ഷണശാലയായ് ജീവിതം മാറവേ;
അനാഥത്വം അടിമത്വതേക്കാൾ
അഭികാമ്യം എന്നു നിനക്കവേ;
രക്തബന്ധങ്ങൾക്കു സാന്ദ്രത കുറയവേ;
സ്നേഹബന്ധങ്ങൾക്കു നിറം മങ്ങവേ;
അർത്ഥമില്ലാത്ത കലഹങ്ങൾക്കും
ആഗ്രഹിക്കാത്ത ചിരികൾക്കും
കാലം വഴിമാറിക്കൊടുക്കവേ;
ഏകാന്തതയിൽ മഴയുടെ സൗന്ദര്യം ഭീഭത്സമാകവേ;
കപടമുഖമണിഞ്ഞ സൗഹൃദങ്ങൾക്കും
സാന്ത്വനങ്ങൾക്കും നടുവിൽ
ഒരൊറ്റപ്പെട്ട ദ്വീപായ് ഞാൻ
ആരെയോ തിരയുന്നു ആരെ?
ആ തിരച്ചിലിന്റെ അർഥമെന്ത്?
പര്യവസാനമെന്ത്?






# മയിൽപീലി

എവിടെവെച്ചു  മറന്നു ഞാനെന്റെ മയിൽപീലി
എൻ *നാഥന്റെ തിരുമുടിയിൽ നിന്നെടുത്തു*
പെറ്റു പെരുകാൻ, മനസ്സിൻ താളിൽ
ഒളിച്ചു വച്ചൊരെൻ മയിൽപീലി
നോവിൽ  സാന്ത്വന മായിരുന്നൊരെൻ  മയിൽ പീലി
എവിടെ വച്ചു മറന്നു ഞാനെന്റെ മയിൽപീലി
സന്തോഷത്തിൻ കൊടുമുടി കയറ്റിയ
കുക്കുവിൻ  പുഞ്ചരിക്കുള്ളിലോ
ഏറെ ചിരിപ്പിച്ചു കൂട്ടുകാരന്റെ ഹൃദയത്തിനുള്ളിലോ
വിരഹത്തിൻ നോവറിഞ്ഞ നിമിഷങ്ങളിലോ
വീണുടഞ്ഞ കണ്ണീർകണങ്ങൽക്കുള്ളിലോ
എവിടെവച്ചു മറന്നു ഞാനെന്റെ മയിൽ പീലി
പിതാവിനെ കൊന്ന ഗോഢ്സെയുടെ തോക്കിൻ മുമ്പിലോ
രക്തകൊതി പൂണ്ട മത്രഭ്രാന്തർക്കിടയിലോ
ജനിക്കും  മുമ്പേ മരിക്കുന്ന കുഞ്ഞുപൈതങ്ങളുടെ
ആരും കേൾക്കാത്ത തേങ്ങലിന്നുള്ളിലോ
സ്വപ്നഭൂമിയാം താഴ്‌വരതൻകണ്ണീരിനുള്ളിലോ
പുഞ്ചിരി നഷ്ടപ്പെട്ട സൗഹൃദങ്ങൾക്കിടയിലോ..
എവിടെ, എവിടെ വെച്ചു മറന്നു ഞാനെന്റെ മയിൽ പീലി

മഞ്ജു പി.യ
രണ്ടാം വർഷ ജിയോള



# കിന്റർ ഗാർഡൻ കേഴ്സ്

"ജനിച്ചതു ഒന്നാമനാകുവാൻ
കല്ലൂപ്പിക്കുന്നു ബുദ്ധിയെക്കൊണ്ട്
ദീർഘകാലമാം ബാല്യ ചിന്തയിൽ
പ്രാർത്ഥനയുടെ വിത്തുപാവുന്നു."

അനൂപ് കെ.ആർ.
രണ്ടാം വർഷ ഭൗതികശാസ്ത്രം

അമ്മ ചുമരിലെ ക്ലോക്കിലേക്കു നോക്കി...ഓ! സമയം പോയതറിഞ്ഞില്ല...മണി പന്ത്രണ്ടര. മോന്റെ വണ്ടി ഇപ്പോ വരും.

ഇന്ന് യു.കെ.ജി.ക്കാർക്ക് പരീക്ഷ തുടങ്ങി....ഇന്നലെ രാത്രി കുറേ വൈകുന്നതുവരെ മോൻ പഠിച്ചു. താനും കൂടെ ഇരുന്നു.....അവൻ എല്ലാം നന്നായി പഠിച്ചിട്ടുണ്ട്.

എന്റെ മോനായിരിക്കും ക്ലാസിൽ ഒന്നാമൻ.............അവന്റെ ടീച്ചർ പറയാറുണ്ട്.. മോൻ മിടുക്കനാണ്.

തെക്കേതിലെ സുഷമയുടെ മോനും അവന്റെ ക്ലാസിലാ...സുഷമ ടീച്ചറാണ്...അവളുടെ ഗമ കാണണം.അവളുടെ മോന് ഏറ്റവും കൂടുതൽ മാർക്കുണ്ടാവുമെന്നാ ഭാവം.

എന്തായാലും തന്റെ മോനോളം വരില്ല. തന്റെ മോൻ പഠിക്കുന്നതു കണ്ടാലറിയാം.....

സുഷമ ടീച്ചറത്രെ...എന്തു ടീച്ചർ. മലയാളമല്ലേ പഠിപ്പിക്കണ്. ഇത് ഇംഗ്ലീഷ് മീഡിയം സ്കൂളാ....അതിന് സുഷമയ്ക്ക് എന്തു ചെയ്യാൻ പറ്റും. അവളുടെ ഭാവം കണ്ടാൽ, ഉം.... കാണാമല്ലോ..?

മോന്റെ വണ്ടിയുടെ ഹോൺ ശബ്ദമല്ലേ കേൾക്കുന്നത്? അമ്മ...വേഗം ഗേറ്റിലേക്ക് ഓടിച്ചെന്നു. അതെ...മോന്റെ വണ്ടി തന്നെ.

വണ്ടി അടുത്തു വന്നു നിന്നു. മുൻ വാതിൽ തുറന്ന് കുട്ടി ബാഗും, വാട്ടർ ബോട്ടിലും തൂക്കിപ്പിടിച്ച് ചിരിച്ചു കൊണ്ടിറങ്ങി. അമ്മ ഓടിച്ചെന്ന് അവനെ വാരിയെടുത്ത് ഉമ്മ വെച്ചു.....വളരെയേറെ നാളുകൾക്ക് ശേഷം കാണുന്നതു പോലെ....

കുട്ടിയെ കൊണ്ടു വന്ന വണ്ടി അടുത്ത വീടിന്റെ പടിക്കൽ കാത്തു നിൽക്കുന്ന അമ്മയെ ലക്ഷ്യമാക്കി നീങ്ങി..

മമ്മീടെ മോൻ പരീക്ഷ നന്നായി എഴുതയില്ലേ?

അമ്മയുടെ ചോദ്യം.

യെസ് മമ്മി, കുട്ടി കൊഞ്ചി കൊണ്ടുരുളി.

ഫുൾ മാർക്കും കിട്ടിയില്ലേ? അമ്മയ്ക്ക് ഉത്കണ്ഠ

യെസ് മമ്മി.....ഹണ്ട്രഡ് കുട്ടി സാകൂതം മൊഴിഞ്ഞു

അപ്പോ മമ്മീടെ മോനാകും ഫസ്റ്റ് അല്ലേ? അമ്മയ്ക്ക് തികഞ്ഞ അഭിമാനം...അതോടൊപ്പം സുഷമടീച്ചറുടെ പടിക്കലേക്ക് അമ്മ പാളി നോക്കി

നൊ, മമ്മീ കുട്ടി അല്പം അമ്പരപ്പോടെ മറുപടി പറഞ്ഞു. അതെന്താ, ഫുൾ മാർക്ക് കിട്ടീട്ടും മോൻ ഫസ്റ്റാകാത്തത്?

അമ്മയ്ക്ക ഒന്നും മനസ്സിലാകാത്തതുപോലെ.....

സുഷമാന്റീടെ മോനും, എനിക്കും പിന്നെ രണ്ടു കുട്ടികൾക്കും ഫുള്ളാ മാർക്ക്.

അമ്മയുടെ മുഖം കറുത്തു. ചുണ്ടുകൾ ഒന്ന് വക്രിച്ചു. കുട്ടിയുടെ തലയ്ക്ക് ഒരു തള്ളുവച്ചു കൊടുത്തു കൊണ്ട് അമ്മ ആക്രോശിച്ചു. അസത്തേ.....അകത്തേക്കു പോ....പോയി വല്ലതും കഴിക്ക്.....


അമ്മയുടെ ഭാവമാറ്റം ഉൾക്കൊള്ളാനാകാതെ കുട്ടി കുറച്ചു നേരം അവിടെ നിന്നുപോയി....പിന്നെ ശരീരം കുലുക്കി അകത്തേക്കു പോയി...പിന്നെ ശരീരം കുലുക്കി അകത്തേക്കു പോകുന്ന അമ്മയുടെ പിറകേ അറച്ചറച്ച് കുട്ടിയും പതുക്കെ നടന്നു....




Kondamkulathi
SILK HOUSE
Tana, Irinjalakuda.

# ദേശത്തിന്റെ ഇരു കോണിൽ നിന്നും

ലക്ഷദ്വീപ ടിബറ്റ് . ഇരുനാടും അകലെയാണ് എന്ന് തോന്നാം എന്നാൽ ക്രൈസ്റ്റിൽ ഇരുവരും അടുത്താണ്. മങ്ങാടിയുടെ താഴ്‌വരയിൽ ഞങ്ങളുടെ ഹൃദയത്തിൽ ഇരുവരും സ്ഥാനം പിടിച്ചിരിക്കുന്നു. അതിർത്തികൾ താണ്ടി ഒരു സൗഹൃദം പടുത്തുയർത്താൻ കഴിഞ്ഞ ഇവരെ എപ്പോഴും ഞങ്ങൾ ഓർക്കുന്നു. അക്ഷരങ്ങളുടെ അച്ചിൽ മാത്രമേ അവരെ ഞങ്ങളിൽ നിന്ന് വേർതിരിച്ചു കാണുവാൻ ആർക്കും സാധിക്കൂ. നാടിന്റെയും ഭാഷയുടെയും മറ്റ് എല്ലാ വേർതിരുവകളുടെയും അതിരുകൾ കവിഞ്ഞ നിങ്ങൾ നൽകി പോരുന്ന ഓരോ സൗഹൃദത്തിനും ദൈവത്തിന്റെ സ്വന്തം നാട്ടിൽ നിന്നും നന്ദി ഒരായിരം സ്നേഹ സന്ദേശങ്ങൾ



**Students From Lakshwadeep**

**Students From Tibet**

Norbu, Lobsang, Namgyal
Tenzin, Penpa, Thuptan

*" We treasure your Friendship beyond boundaries "*



# ഡി സോൺ കിരീടത്തിൽ

## ഒരുമ്മ

ജെയിൻ തോമസ്
ഫൈൻ ആർട്ട്സ് സെക്രട്ടറി

ഫൈൻ ആർട്സ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുന്നതിനു എത്രയോ മുൻപേ അതെന്റെ സ്വപ്നമായിരുന്നു. ഒരുകാലത്ത് ക്രൈസ്റ്റിന്റെ കുത്തകയായിരുന്ന, നാലു വർഷം മുൻപ് നമുക്ക് കൈമോശം വന്ന ഡി സോൺ കലോൽസവക്കിരീടം ഈ വർഷം നമ്മൾ തിരിച്ചുപിടിച്ചു. നിയോഗം അതാണ്. ഡിസോൺ ക്രൈസ്റ്റിനുള്ളതാണ്. ചതിയിലൂടെയും സംഘട്ടനത്തിലൂടെയും അത് പിടിച്ചെടുത്തവരുടെ വിജയം നിലനിൽക്കുന്നതായ ഒന്നല്ല. കാരണം മങ്ങാടിക്കുന്നിറങ്ങിവരുന്ന കലാകാരന്മാരുടെയും കലാകാരികളുടെയും വിജയരഹസ്യം കലർപ്പില്ലാത്ത വിയർപ്പും ദൈവാനുഗ്രഹവും മാത്രമാണ്.

### പടയൊരുക്കം

ഈ വർഷം ഡിസോൺ കിരീടം നമ്മൾ പിടിച്ചെടുക്കുമെന്നു യൂണിയൻ ഉദ്ഘാടനത്തിനു നയപ്രഖ്യാപനത്തിനിടെ ജന. സെക്രട്ടറി ഫിജോ ഉറപ്പിച്ച് പറഞ്ഞപ്പോൾ പലർക്കും അതൊരു തമാശയായിരുന്നു. പക്ഷേ പാളയത്തിലെ പടയൊരുക്കം ആരംഭിച്ചിരുന്നു. ഫൈൻ ആർട്ട്സ് കോഓർഡിനേറ്റർ മാത്യു സാറിന്റെ ആർജ്ജവവും അനുഭവ സമ്പത്തും പുതിയ കുട്ടികൾക്കു ബോദ്ധ്യപ്പെടാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. യൂണിയൻ ഭാരവാഹികളെല്ലാവരും പണിയെടുക്കാൻ തയ്യാറുമായിരുന്നു. പോളും ജോണും എപ്പോഴും എന്നോടൊത്തുണ്ടായിരുന്നു. ഉജ്ജ്വലും രതീഷും പ്രതിഭയുള്ള കുട്ടികളെ തിരഞ്ഞു കണ്ടുപിടിച്ച് പങ്കെടുപ്പിച്ചു. എല്ലാ ഡിപ്പാർട്ടുമെന്റുകളും സന്ദർശിച്ച് അദ്ധ്യാപകരോടു സംസാരിക്കാൻ മഞ്ജുവാണ് മുൻകൈ എടുത്തത്. മുൻ കോ-ഓർഡിനേറ്റർ ഫ്രാൻസിസ് സാർ എന്തു സഹായവും ചെയ്യാനായി രംഗത്തുണ്ടായിരുന്നു. യുദ്ധത്തിനിറങ്ങിയാൽ ജയത്തിൽ കുറഞ്ഞൊന്നും പ്രതീക്ഷിക്കരുത്. അതിന് എന്തു വില കൊടുക്കാനും യൂണിയൻ ഒരുക്കമായിരുന്നു.


### യുദ്ധം തുടങ്ങുന്നു.

പക്ഷെ എന്തുകൊണ്ടോ ജനുവരി 24-ാം തിയതി തൃശ്ശൂർ എൻജിനീയറിങ്ങ് കോളേജിൽ സ്റ്റേജിതര മത്സരങ്ങൾ ആരംഭിക്കുമ്പോൾ ക്രൈസ്റ്റിന്റെ പ്രതീക്ഷകൾക്കു മങ്ങലേറ്റിരുന്നു. ഈ മൽസരങ്ങൾക്കൊടുവിൽ സാധ്യതയുടെ ചിത്രത്തിലൊരിടത്തും ക്രൈസ്റ്റുണ്ടായിരുന്നില്ല താനും.

ഭീഷണികൾക്കും ഊഹാപോഹങ്ങൾക്കും പോലും എടുത്ത് പറയാവുന്ന വിജയങ്ങൾ നമുക്കുണ്ടായിരുന്നു. തമിഴ് ഉപന്യാസ കഥാ രചനകളിൽ പരിമള ഒന്നാം സ്ഥാനം നേടി. ഉറുദു പ്രസംഗത്തിൽ അക്ബറും ഇംഗ്ലീഷ് പ്രസംഗത്തിൽ സജിയും മലയാളത്തിൽ ഫിജോയും ഒന്നാം സ്ഥാനം നേടിയപ്പോൾ, ഒരിക്കൽ കൂടെ പ്രസംഗവേദിയിൽ ക്രൈസ്റ്റിനു എതിരാളികളില്ലാതാവുകയായിരുന്നു.

### മുറുകുന്ന യുദ്ധം.

25-ാം തീയതി വൈകിട്ട് സ്റ്റേജ് മൽസരങ്ങൾ ആരംഭിക്കുമ്പോൾ ക്രൈസ്റ്റിന്റെ ലക്ഷ്യം ഡി സോൺ കിരീടമായിരുന്നില്ല . മറിച്ച് റണ്ണേഴ്സ്അപ്പോ മൂന്നാം സ്ഥാനമോ ആയിരുന്നു. അതിനു വേണ്ടി ക്രൈസ്റ്റിന്റെ മക്കൾ പൊരുതുകയായിരുന്നു. ഫലവുംകിട്ടി. കുച്ചിപ്പുടിയിൽ ഹണി ഒന്നാം സ്ഥാനം നേടി. ഓട്ടം തുള്ളലിൽ രമ്യയും കഥാപ്രസംഗത്തിൽ കവിതയും ഒന്നാം സ്ഥാനത്തെത്തിയതോടെ പ്രതിഭയിൽ മികവ് മങ്ങാടിക്കുന്നിന്റെ കുട്ടികൾക്ക് തന്നെയാണെന്നു തെളിഞ്ഞു. പ്രിൻസിപ്പാളച്ചൻ, വൈസ് പ്രിൻസിപ്പാളച്ചൻ, ബർസാർ, കുറ്റിക്കാട്ടച്ചൻ തുടങ്ങിയവർ പങ്കെടുക്കുന്നവരെ പ്രോൽസാഹിപ്പിക്കാൻ എൻജിനീയറിങ്ങ് കോളേജിലെത്തിയിരുന്നു.



26ാം തീയതി വൈകീട്ട് ക്രൈസ്റ്റ് ആറാം സ്ഥാനത്തായിരുന്നു എന്നു പറഞ്ഞാല് ആരാണ് വിശ്വസിക്കുക? ഇരുപത്തിനാലു മണിക്കൂറിനു ശേഷം ഡിസോൺ കിരീടത്തിൽ ചുംബിക്കാൻ പോകുന്നത് അവരാണെന്നു ആരാണ് പ്രതീക്ഷിച്ചിട്ടുണ്ടാവുക? ഉവ്വ്, ആരൊക്കെയോ പ്രതീക്ഷിച്ചിരുന്നു. ഒരുപാടു പേർ പ്രാർത്ഥിച്ചിരുന്നു. അതുകൊണ്ടാണ് അതുവരെ ഇല്ലാതിരുന്ന വല്ലാത്തൊരു ഒരുമയോടെയും ഭ്രാന്തമായ ആവേശത്തോടെയും ആ രാത്രി മുതൽ പ്രവർത്തിക്കാൻ യൂണിയനു കഴിഞ്ഞത്. ഉജ്ജ്വലും സന്തോഷും പങ്കെടുക്കുന്നവരോട് സംസാരിച്ച് അവരെ പ്രോൽസാഹിപ്പിക്കുന്നുണ്ടായിരുന്നു. പോളും രതീഷും രജിസ്ട്രേഷനുകൾ ശരിയാക്കാൻ എന്നൊടൊപ്പം ഓടി നടന്നിരുന്നു. (എന്റെ പ്രിയപ്പെട്ട സുഹൃത്ത് ആശീർവാദ് ചെയ്ത സേവനങ്ങൾ എടുത്തു പറയേണ്ടതാണ്). ആവശ്യമുള്ള ആർക്കും ഏതു സഹായവും എത്തിക്കാൻ തയ്യാറായി ഉജ്ജ്വലും രഞ്ജുവും ഉറക്കമൊഴിക്കുന്നുണ്ടായിരുന്നു. രമ്യ ഡാൻസ് ടീമിനോടും ഫിജോ ഡ്രാമാ ടീമിനോടും ചേർന്നു. ഡീ സോൺ ടീമിനെ സുഹൃത്തുക്കളും കുടുംബാംഗങ്ങളും അദ്ധ്യാപകരും ചേർന്നു ആ രാത്രി, തൃശൂരിന്റെ ആകാശത്തിനു കീഴിൽ ക്രൈസ്റ്റിന്റെ സ്വപ്നങ്ങൾക്കു തിളക്കമേറ്റി, മായാത്ത ഓർമ്മയാക്കി.

ചിത്രം പതുക്കെ മാറുകയായിരുന്നു. ചില ഇനങ്ങളിലെ വിജയം എക്കാലത്തും ക്രൈസ്റ്റിന്റെ സ്വന്തമാണ്. അത് മാറ്റമില്ലാതെ തുടർന്നു. അങ്ങനെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സംഘനൃത്തത്തിൽ നമ്മൾ ഒന്നാം സ്ഥാനം നിലനിർത്തി. നാടകത്തിന്റെ കാര്യത്തിൽ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ തന്നെ എല്ലാ കലാലയങ്ങളുടെയും പേടി സ്വപ്നമാണ്. ശശിയേട്ടന്റെ കുട്ടികൾ മലയാള നാടകത്തിൽ ഒന്നാം സ്ഥാനം നേടുകയും ചെയ്തതോടെ 27-ാം തീയതി പുലർച്ചെ എല്ലാവരുടെയും ഉള്ളിലും പ്രതീക്ഷ നാമ്പെടുക്കുകയായിരുന്നു എന്നു വ്യക്തമാണ്.

**വിജയത്തിലേക്ക്.**

28-ാം തീയതിയിലെ സന്ധ്യ ക്രൈസ്റ്റിന്റേതായിരുന്നു. ക്രൈസ്റ്റിന്റെ മാത്രം. കാരണം, ആ സന്ധ്യ ഇരുട്ടുവോളം ക്രൈസ്റ്റ് റണ്ണേഴ്സ് അപ്പും കേരളവർമ്മ ജേതാക്കളുമാണെന്ന് എല്ലാവരും വിശ്വസിച്ചു. പത്രക്കാർ കേരളവർമ്മയുടെ ആർപ്പുവിളികളെ സ്നാപ്പുകളിലൊതുക്കുമ്പോൾ ക്രൈസ്റ്റ് ഒരു വലിയ വിതുമ്പലൊതുക്കി നിർത്താൻ പാടുപെടുകയായിരുന്നു. അപ്പോഴും ക്രൈസ്റ്റിന്റെ പ്രതിഭകളെ മാധ്യമ പ്രവർത്തകർ തേടുന്നുണ്ടായിരുന്നു. കാരണം, തബല വാദ്യത്തിൽ ജോസിൻ ഒന്നാം സ്ഥാനം നേടുകയും അർച്ചന മലയാള നാടകത്തിൽ മികച്ച നടിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തതിലൊതുങ്ങിയില്ല. നമ്മുടെ വിജയത്തിന്റെ പെരുമ രമ്യയും ഹണിയും തുല്യപോയിന്റുകൾ നേടി കലാതിലക പട്ടത്തിനു അർഹരായിക്കഴിഞ്ഞിരുന്നു. ഭാഗ്യം ഹണിയെ തുണച്ചു. പക്ഷെ മങ്ങാടിക്കുന്നിനു രമ്യും ഹണിയും ഒരുപോലെ പ്രിയപ്പെട്ട കലാതിലകങ്ങളാണ്.

കിരീടം വഴുതി പോവുകയാണെന്നു തന്നെ എല്ലാവരും കരുതി. മാത്യു സാർ ബി.പി.ഇ.യിലെ തോമസ് സാർ അങ്ങനെ നീണ്ട അധ്യാപക നിരയുടെ സാന്ത്വന സാന്നിധ്യം എല്ലാവർക്കും കരുത്ത് പകരുന്നുണ്ടായിരുന്നു. ഒടുവിൽ ആനിമിഷം വന്നു! ദൈവാനുഗ്രഹത്തിന്റെ അനർഘ നിമിഷം ! അവാസ റിസൽട്ട് പ്രഖ്യാപിക്കപ്പെട്ടു. സംഘഗാനം (പാശ്ചാത്യം) ക്രൈസ്റ്റിനു രണ്ടാം സ്ഥാനം. തൃശൂർ ശ്രീ കേരള വർമ്മ കോളേജിനെ മൂന്നു പോയിന്റിനു പിന്നിലാക്കിയ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിനു നാലു വർഷത്തിനു ശേഷം ഡിസോൺ കിരീടം സ്വന്തം. ദൈവം നിങ്ങൾക്കൊരു സ്വപ്നം നൽകുമ്പോൾ അതു നേടിയെടുക്കുവാനുള്ള ശക്തിയും അവിടുന്നു നൽകുന്നു.


ആകെയുള്ള 83 ഇനങ്ങളിൽ 60 ഓളം ഇനങ്ങളിൽ പങ്കെടുക്കാൻ 110ലധികം കലാകാരന്മാരെയും കലാകാരികളെയും അണി നിരത്തി നമ്മൾ 126 പോയിന്റ് ആകെ നേടി. സ്റ്റേജിനങ്ങളിൽ 93ഉം സ്റ്റേജിതര ഇനങ്ങളിൽ 33ഉം പോയിൻറുകൾ നേടിയാണ് മങ്ങാടിക്കുന്നിലെ പോരാളികൾ ഈ ചരിത്ര വിജയത്തിലേക്കു ഓടിക്കയറിയത്.

**നന്ദി**

കിരീടത്തിൽ മുത്തമിടുന്നതിനു മുമ്പ് പലരെയും ഓർക്കാൻ കടപ്പെട്ടിട്ടുണ്ട്. നന്ദി എന്ന ദ്വയാക്ഷരിയുടെ ചക്രവാളങ്ങൾക്കുള്ളിൽ ഒന്നും ഒതുങ്ങി നിൽക്കുന്നില്ലെന്നും അറിയാം. എന്നാലും.

നൂപുരമണിയുന്നതിനും മുഖത്തു ചായം പുരട്ടുന്നിതിനു മുമ്പ് ക്രൈസ്റ്റിന്റെ കുട്ടികൾ എന്നും പ്രാർത്ഥിച്ചിരുന്നു. ഈ വിജയം ഈശ്വരാനുഗ്രഹമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പ്രിൻസിപ്പാൾ, ബർസാർ, വൈസ് പ്രിൻസിപ്പാൾ തുടങ്ങിയവർ തന്ന പിന്തു ണ പ്രത്യേകം സ്മരിക്കുന്നു. ഫൈൻ ആർട്സ് കോഓർഡിനേറ്റർ മാത്യു സാറിനോടു നന്ദി പറയേണ്ടതില്ല. ഈ വിജയത്തിൽ നമ്മളോടൊപ്പം തന്നെ അഭിമാനിക്കുവാനുള്ള അർഹതയും അവകാശവും അദ്ദേഹത്തിനുണ്ട്.

സ്റ്റാഫ് അഡ്വൈസർമാരായ കെ.ടി.തോമസ് സാർ ബാലുസാർ, ബി.പി.ഇ.യിലെ തോമസ് സാർ എന്നിവർ തന്ന സഹകരണത്തിനും ഒന്നും പകരമാവില്ല. ഓറിയന്റൽ ലാംഗ്വേജിലെ പി.സി. വർഗ്ഗീസ് സാർ, കുര്യൻ സാർ, വി.എ വർഗ്ഗീസ് സാർ, ഇംഗ്ലീഷിലെ ഫ്രാൻസിസ് സാർ, ജാനകി മാഡം, മേരി മാഡം, സത്യൻ സാർ, ബോട്ടണിയിലെ വിൻസന്റ് സാർ എന്നിവരെ ഹൃദയം നിറഞ്ഞ നന്ദിയോടെ ഞങ്ങളോർക്കുന്നു.



ബി.കോമിലെ ആശീർവാദ് എന്ന ഞങ്ങളുടെ ആശി ചെയ്ത ഉപകാരങ്ങൾ ഒരിക്കലും മറക്കില്ല.

കെമിസ്ട്രിയിലെ റപ്പായി സാർ, മാത്തമാറ്റിക്സിലെ തോമസ് സാർ, ഓഫീസ് സൂപ്രണ്ട് ഫ്രാൻസീസ് സാർ, അനദ്ധ്യാപകരായ ഡോണി,ബിജു, രാമകൃഷ്ണൻ ചേട്ടൻ, ഓർക്കാൻ ഇനിയും ഒരുപാട് പേരുണ്ട്. പ്രാർത്ഥിക്കുകയും പിന്തുണയ്ക്കുകയും ചെയ്തവർ, എതിർക്കുകയും, നിരുൽസാഹപ്പെടു ത്തുകയും വെല്ലുവിളിയക്കുകയും ചെയ്തവർ അങ്ങിനെ എത്രയോപേർ.നന്ദി പറയുന്നു, ഈക്യാംപസിലെ ഓരോ മണൽ തരിയോടും പുൽക്കൊടിയോടും കൂടി.

**ഡി സോൺ കിരീടത്തിൽ ഒരുമ്മ.**

ഈ വർഷത്തെകോളേജ് യൂണിയൻ വാക്കു പാലിച്ചു. ഡിസോൺ കിരീടം ഇപ്പോൾ നമ്മുടേതാണ്. ജനുവരി 27-ാം തിയതി വൈകീട്ട് പ്രശസ്ത കവി കടമ്മനിട്ട രാമകൃഷ്ണൻ സമ്മാനിച്ച ഡിസോൺ കിരീടത്തിൽ ക്രൈസ്റ്റിനു വേണ്ടി, കഴിഞ്ഞ നാലു വർഷങ്ങളുടെ ദുഃഖശമനത്തിനു വേണ്ടി, ഞങ്ങൾ ഉമ്മ വച്ചു. മികച്ച ഫോട്ടോഗ്രാഫർക്കുള്ള അവാർഡ് നേടിയ മനോരമയുടെ ബി.അയ്യർ ആ നിമിഷങ്ങളെ ഡിജിറ്റൽ ക്യാമറകൊണ്ട് പരിത്രമാക്കി....

**"ഒരു വാക്ക് പടിയിറങ്ങിയാലും ഞങ്ങൾ തിരിച്ചു വരും. അടുത്ത വർഷം ഡി സോൺ കിരീടം ക്രൈസ്റ്റിലുണ്ടാവണം.മധുര നൊമ്പരങ്ങൾ തിങ്ങുന്ന ഓർമ്മകൾക്കു വേണ്ടി എനിക്ക് അല്ല ഞങ്ങൾക്ക് അതിൽ ഒരിക്കൽ കൂടെ മുത്തമിടണം."**

# *Congragulations*



**Honey Kuriakose**
**Kalathilakam**
**(D zone)**



**Josin Joy**
**Ist Place Tabala**
**Interzone**



**Archana Vasudev**
**Best Actress**
**(D zone)**




**Phijo**
**Interzone Ist**
**(D zone)**



**Remya C.K.**
**D zone**
**Best Perfomance**


D-zone
Fest

# Sports Track











# ഓർമ്മകളുടെ ബലി.



ഇ.കെ. നാരായണൻ സാർ ഞങ്ങൾക്ക് ഒരു ഫിസിക്സ് അദ്ധ്യാപക മാത്രമായിരുന്നില്ല. തളർന്ന് വീണാൽ താങ്ങുമെന്നുറപ്പുള്ള പിതൃസദമായ അത്താണിയായിരുന്നു അദ്ദേഹം.

ഏത് ആൾക്കൂട്ടത്തിലും ശ്രദ്ധിക്കപ്പെടുന്ന ഒത്ത ശരീരവും, എ ബഹളത്തിനിടയിലും വേറിട്ടു കേൾക്കുന്ന ശബ്ദവുമായിരുന്നു അദ്ദേഹം, ഞങ്ങ വിദ്യാർത്ഥികൾക്ക് തന്റെ സാന്നിധ്യത്തിലൂടെ പകർന്ന് തന്നത് അനന്തമ ആത്മവിശ്വാസത്തിന്റെ ആകാശങ്ങളായിരുന്നു. ശാസ്ത്രത്തിന്റെ ചരിത്ര ഫിസിക്സിന്റെ ഫിലോസഫിയും ലോകോത്തരന്മാരായ പുസ്തക കർത്താക്കളെ പിടിച്ച് വളരെ ലളിതമായി നാടൻ മട്ടിൽ അദ്ദേഹം പറഞ്ഞ് പോകുമ്പോൾ, സിലബസ്സി മൂടൽ മഞ്ഞിനപ്പുറത്ത്.... ഭാവിയിൽ കീഴടക്കേണ്ട ചിന്തയുടെ ഹിമാലയ നിരകൾ ഞങ്ങ കണ്ടു. സാറിന്റെ എണ്ണിയൊലൊടുങ്ങാത്ത തിരക്കുകൾക്കും പലകാലങ്ങള പീഡിപ്പിച്ചു പോരുന്ന രോഗങ്ങൾക്കുമിടയിൽ ഞങ്ങൾക്കുവേണ്ടി എല്ലാം മറന്ന് ചെല എത്രയോ ഒഴിവു ദിനങ്ങൾ! ആ നാളുകളിലാണ് ആൽബർട്ട് ഐൻസ്റ്റീൻ മുതൽ സ്റ്റീ ഹോക്കിൻസ് വരെ ഞങ്ങളുടെ ചിരന്തന സുഹൃത്തുക്കളായത്. ആത്മാർത്ഥത സ്പ ചെയ്തെടുത്ത അദ്ദേഹത്തിന്റെ ചീത്തവിളി കേട്ട് പ്രചോദിതരാവാൻ ഞങ്ങൾ കൊത പോയതിൽ അത്ഭുതമുണ്ടോ?

രാഷ്ട്രീയ പ്രവർത്തകരോട് വലിയ ബഹുമാനം പുലർത്ത കൂട്ടരായിരുന്നില്ല ഞങ്ങൾ എന്നിട്ടും ഞങ്ങളെങ്ങനെ കോളേജധ്യാപകനായ ശേഷവും, ചുമട്ട് തൊഴിലാളിനേതാവായി പ്രവർത്തിച്ച അദ്ദേഹത്തെ, അധ്യാ സംഘടനാനേതാവായി ധർണയും സമരവും നയിക്കുന്ന അദ്ദേഹത്തെ ഇത്ര ആരാധിച്ചു എന്നതിന് ഉത്തരം കിട്ടുന്നില്ല. കേരളത്തെ സമ്പൂ സാക്ഷരമാക്കുന്നതിലുള്ള സാറിന്റെ ദേശീയ സാക്ഷരാത മിഷനിലെ നേതൃത്വവുമൊ ഞങ്ങൾ വളരെ വൈകി മാത്രമാണറിയുന്നത്. ബദൽ നോബൽ സമ്മ എന്നറിയപ്പെടുന്ന റൈറ്റ് ലൈവ്‌ലി ഹുഡ് അവാർഡ് ജനീവയിൽ വെച്ച് കേരള ശാ സാഹിത്യ പരിക്ഷത്തിന് വേണ്ടി, ജനറൽ സെക്രട്ടറി എന്ന നിലയിൽ അദ്ദേ കൂടിയാണ് സ്വീകരിച്ചത് എന്ന വാർത്ത ഞങ്ങളെ അഭിമാന പൂരിതരാക്കുന്നു. എങ്ക ലാളിത്യത്തിന്റെ ഉടൽ രൂപമായി ജീവിച്ച്, പാരിസ്ഥതിക സൈദ്ധാന്തികൻ എന്ന നില ദേശീയ തലത്തിൽ തന്നെ അറിയപ്പെട്ട ഈ പ്രതിഭാശാലിയെ ഞങ്ങൾക്ക് വേണ്ട പ്രയോജനപ്പെടുത്താൻ സാധിക്കാതെ പോയത് തികച്ചും ദുഃഖകരമായിപ്പോയി.

ഫോട്ടോഗ്രാഫിയുടെ ലാവണ്യശാസ്ത്രവും, ഫിക്ഷനും നിഴൽ സംഗീ ഒരുപോലെ ആസ്വദിച്ച കലാസ്നേഹി... ഉറച്ച അക്കാദമിക് പാണ്ഡി ജനഗണമനങ്ങളെ ആവേശത്തിന്റെ തിരമാലതുമ്പത്തേയ്ക്കുയർത്തുന്ന പ്രഭാ ചാതുരി.... സ്വർണ്ണത്തിന് സുഗന്ധം പോലെ അതിരുകളില്ലാത്ത മന സ്നേഹവും...അതായിരുന്നു ഞങ്ങളുടെ പ്രിയപ്പെട്ട നാരായണൻ സ തിരുവോണത്തിന്റെ ഒഴിവുകാലം കുതിരാൻ കയറ്റത്ത് വെച്ച് വാഹനദുരന്ത ഞങ്ങളിൽ നിന്ന് തട്ടിയെടുത്ത നാരായണൻ സാറും നളിനി ചേച്ചിയും. ന യഥാർത്ഥത്തിൽ ഞങ്ങൾ കുട്ടികൾക്ക് മാത്രമാണ്.

ഫിസിക്സ് ലൈബ്രറി നാരായണൻ സാറിന്റെ ഓർമ്മയ്ക്ക് സമർപ്പിക്കാ അധികാരികളുടെ തീരുമാനം സമുചിതം തന്നെ. എങ്കിലും ദൈവ സ്നേഹഭയമില്ലാത്ത ടെഫ്ളോൻ മനസ്സുകളെ ബാക്കി നിർത്തി അങ്ങെന്ത സുമനസ്സുകളെ മാത്രം ഇറുത്തെടുക്കുന്നത്.

ഫിസിക്സ് വിദ്യാർത്ഥികൾക്കു വേ

**ജോസഫ്. ജി. കല്ലൂക്കാരൻ,** എം.എസ്.സി. രണ്ടാം വ

Best Compliments From....

# Champion Fire Works.

Irinjalakuda

*With best Compliments from*

# SOCIAL FORUM

A CHARITABLE INSTITUTION DIOCESE OF IRINJALAKUDA.

H.O. Cathedral Junction West
Irinjalakuda - 680 121
Phone : 821875 e-mail : trc_safi@sancharnet.in

Bra
House No.12/75 D secto
Sainik Colony. Farida
Ph : 0129 5419

*With Best Compliments from..........*

# Chemind

LABORATORY CHEMIOCALS EQUIPMENTS
AND GLASSWARES

XXIX/1
CHEM - IND HOUS
M.G. Road- Thrissur - 680 0
phone : 335173 , 4298

*Best Compliments*



*Dealers in : Presentation Articles, Crockery, Toys, Stationery, Baby & School Itmes*

FASHION

## FASHION GIFT CENTRE

TANA IRINJALAKUDA KERALA - 680 121
PH(Shop): 820503, RESI 820655



Best Compliments.....

GW

# Games World

(Sports Goods and Toys)

TANA - IRINJALAKUDA Kerala - 680121. Ph - Shop:821094, Resi:786523

ഇവിടെ ഞാൻ തനിച്ചാണല്ലോ. അയാളോർത്തു. ഇവിടെ മുറിയുടെ നിശബ്ദതയിൽ താൻ ഏകനാണ്. സ്വപ്നങ്ങളുടെ തടവറയിൽ നിന്ന് ഒളിച്ചോടി ബന്ധങ്ങളുടെ ഇരുട്ടറയിൽ നിന്നും കുതറി മാറി ഏകാന്തയിൽ അലിഞ്ഞ് ഈ മുറിയിൽ താനൊറ്റക്ക്.അയാൾ എന്നത്തേയും പോലെ മൂളുവാൻതുടങ്ങി, ആരും കേൾക്കാത്ത ഒരു പാട്ട്, പഴയതൊന്നും അയാൾക്കിഷ്ട്ടമല്ലായിരുന്നു. എല്ലാം പുതിയതായിരിക്കണം. ഇല്ലെങ്കിൽ ജീവിതം പഴയതായിപ്പോകും, പഴന്തുണി പോലെ, ആർക്കും വലിച്ചു കീറാൻ പാകത്തിൽ.


അയാൾ താടിരോമങ്ങളിൽ നിന്ന് ഒന്ന് പറിച്ചെടുത്തു. കൈവെള്ളയിൽ വെച്ച് അത് പരിശോധിച്ചു. ഇത് വല്ലാതെ നീളം കൂടിയിരിക്കുന്നു. ഇന്നലെ ഇതിലും വലുപ്പം കുറവായിരുന്നല്ലോ. നിമിഷങ്ങൾ കടന്നു പോകുന്നത് ഏറെ വേഗത്തിലാണ്. പക്ഷേ ഇതൊരനീതിയല്ലേ. അയാൾ താടിരോമങ്ങളുടെ എണ്ണമെടുക്കാൻ തുടങ്ങി. ഒന്ന്, രണ്ട്, മൂന്ന്... നാലായിരം, നാലായിരത്തിഒന്ന്. പെട്ടെന്ന് ഒരു പ്രാണി അയാളുടെ കണ്ണിനു മുന്നിലൂടെ പറന്ന് ശല്യപ്പെടുത്താൻ തുടങ്ങി. ഛെ നീയെന്റെ എണ്ണം തെറ്റിച്ചുവല്ലോ. മനുഷ്യൻ മാത്രമല്ല പലപ്പോഴും പ്രാണികളും ശല്യക്കാരാവാറുണ്ട്. അയാൾ അതിനെ ആട്ടിപ്പായിക്കാൻ ശ്രമിച്ചു. പ്രാണി അയാളെ വെട്ടിച്ച് മുകളിലേയ്ക്ക് വട്ടമിട്ടു പറന്നു. ഇടയ്ക്കിടെ അയാളുടെ തലയ്ക്കു മുകളിൽ കറങ്ങി. അത് ശല്യം തുടർന്നു കൊണ്ടിരുന്നു. പിടിക്കാൻ കയ്യുയർത്തുമ്പോഴേക്കും അത് തെന്നിമാറി.

എന്തായാലും നീ എപ്പോഴും ജിയിക്കാന് പോകുന്നില്ല. അയാൾ ഉറക്കെ പറഞ്ഞു. പെട്ടെന്ന് ആ പ്രാണി ഒരു ചിലന്തിവലയിൽ വീണു. അത് കണ്ട അയാൾ പൊട്ടിച്ചിരിച്ചു. ചിലന്തിവല ഇളകികൊണ്ടിരുന്നു. അത് പൊട്ടിവീഴുമോ അയാൾ ഭയന്നു. എന്താണ് ആ ചിലന്തി അതിനെ വരിഞ്ഞു മുറുക്കാത്തത്. അയാൾ അക്ഷമനായി കാത്തു നിന്നു. കുറച്ചു നേരത്തിനുശേഷം ആ പ്രാണിയുടെ അനക്കം കുറഞ്ഞിരുന്നു. ചിലന്തി അതിനടുത്തേക്ക് നീങ്ങി, അതിന്റെ ചുറ്റും നൂലുകൾ നെയ്തു. പ്രാണിയുടെ അനക്കം ഇപ്പോൾ അവസാനത്തിലേക്കത്തി. ചിലന്തിവല അതിനെ വരിഞ്ഞു മുറുക്കിയിരുന്നു.

അയാളുടെ പൊട്ടിച്ചിരി ഓരോ നിമിഷവും കൂടിക്കൊണ്ടിരുന്നു. അയാളുടെ നിറുത്താതെയുള്ള ചിരിയിൽ ആ മുറിയാകെ വിറച്ചു കൊണ്ടിരുന്നു. മുറിയുടെ മൂലയിൽ കൂട്ടിവച്ചിരുന്ന കല്ലുകളിൽ ഒന്നെടു അയാൾ ചിലന്തിവലയിലേക്ക് എറിഞ്ഞു. വേണ്ട നീ ജയിക്കണ്ട. ഇവിടെ ഞാൻ മാത്രം മതി. ഞാൻ മാത്ര അയാൾ വീണ്ടും പൊട്ടിച്ചിരിച്ചു. അത് ക്രൂരമാ അലർച്ചയായി മാറി. അപ്പോൾ അയാളുടെ മറിയു വാതിൽ തുറന്ന് രണ്ടു പേർ അകത്തു കടന്നു. പുറ പോകൂ അയാൾ അലറി. അവർ അയാളുടെ കൈകളി പിടിച്ച് പുറത്തേക്ക് വലിച്ചിഴച്ചു. എന്നെ വിടൂ. അയാളു അലർച്ച ഇപ്പോൾ കരച്ചിലായി മാറിക്കൊണ്ടിരുന്നു.

തലയിലൂടെ അരിച്ചിറങ്ങിയ മരവിപ്പി തരംഗങ്ങൾ അയാളെ നിശ്ശബ്ദനാക്കി, അയാളുടെ ചു ശബ്ദകോലാഹലങ്ങൾ നിറഞ്ഞു കഴിഞ്ഞിരുന്നു. അ പരാജയത്തിന്റേതാണോ വിജയത്തിന്റേതാണോ എ എന്നത്തേയും പോലെ അയാൾക്ക് മനസിലായില്ല.

## വിജയത്തിന്റെ പരാജയങ്ങൾ



**ശ്ലീന ഡേവിസ്**
മൂന്നാം വർഷ ബി.എസ്.സി. സുവോളജി.







□ ബാബു രാജ് കെ.വി.
□ Ist BA Economics

നിന്റെ
കണ്ണിൽ നിന്നും
മാഞ്ഞുപോയ
പുഞ്ചിരി പോലെ

നിന്റെ
നനഞ്ഞപാദങ്ങളിൽ
കുതിർന്നു പോയ
സംഗീതം പോലെ

എന്റെ
ഹൃദയത്തിലുമുണ്ട്
വസന്തകാലത്തിൽ
പൊലിഞ്ഞ
മോഹയിതളുകൾ

ഇന്നുയെൻ
കൺപോളകൾക്കുള്ളിൽ
തടിച്ചു കൂടിയിരിക്കുന്നു
ഒരു കർക്കിടക മേഘം
പെയ്യാതിരിക്കാൻ
വയ്യാത്ത മേഘം






ഓർമ്മകൾ മരിക്കുന്നു...


എന്നെ മറന്നു നീയെങ്ങു പോകുന്നു?
എന്നെത്തനിച്ചാക്കിയെങ്ങു പോകുന്നു?
പടികടന്ന് നീ നീങ്ങിയ നേരം
നിന്നരികത്തേക്ക് ഞാനോടിയടുക്കവേ,
എൻ വിളികേട്ടിട്ടും തിരിഞ്ഞൊന്നു നോക്കീല
എന്തേ നീയെന്നാലും വെറുത്തു പോയോ?
അകലേക്കു നീ മറയുന്ന നേരത്തെൻ
മിഴികളറിയാതെ നിറഞ്ഞുപോയി
കഴിഞ്ഞ കാലങ്ങൾ മാടിവിളിക്കുന്നു.
ഒരു കുളിർകാറ്റു പോലീന്നുമെന്നെ.
ആ നല്ല കാലം വലിച്ചെറിഞ്ഞിട്ടു നീ
എന്നെയും കൂട്ടാതെയെങ്ങു പോവുന്നു?
ആ മധുരമാമോർമ്മകൾ കാറ്റിൽപ്പറത്തി
നീയെന്നെത്തനിച്ചാക്കി മറയുന്നുവോ?
ഞാൻ വിളിച്ചിട്ടും തിരിഞ്ഞൊന്നു നോക്കാതെ
ഏകനായ് നീയുമിന്നെങ്ങു പോയീടുന്നു............

ജിൻഷ
രണ്ടാം വർഷ ഇക്കണോമിക്സ്


# C.S.A. (AICUF)

2001-2002 വർഷത്തെ സി.എസ്.എ.യെ പ്രസിഡന്റ് ജെസ്റ്റിൻ എം. അഗസ്റ്റിൻ, സെക്രട്ടറി ദിലീഷ് ഡേവീസ്, ട്രഷറർ ലിയോ ജോസ് എന്നിവർ നയിച്ചു. ഈ വർഷത്തെ സി.എസ്.എ പ്രവർത്തനങ്ങൾ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കുള്ള സ്വാഗതത്തോടെ തുടങ്ങി..19.10.01ൽ സി.എസ്.എ. പ്രവർത്തനങ്ങൾ ഔദ്യോഗികമായി കോളേജ് മാനേജർ ഫാ. യൂസ്റ്റസ് തോട്ടാൻ ഉദ്ഘാടനം ചെയ്തു. ഡിഗ്രി, പി.ജി. വിദ്യാർത്ഥികൾക്കായി സി.എസ്.ഐ. നടത്തയ ഓറിയന്റേഷൻ ക്ലാസുകൾ, അഡ്വ. കുഞ്ഞിപാലും, ഡോ. ഡേവിസ് ചിറയത്ത് എന്നിവർ നയിക്കുകയുണ്ടായി. സി.എസ്.എ. യുടെ സുപ്രധാന സംരഭമായ മാർ ക്ലെമൻസ് മെമ്മോറിയൽ പ്രസംഗമത്സംര നവം. 15ന് നടത്തി. പ്രസ്തുത മത്സരത്തിൽ നമ്മുടെ കോളേജിലെ തന്നെ വിദ്യാർത്ഥിയായ ശ്രീ. ഫിജോ ജോസഫ് പ്രഥമ സ്ഥാനം കരസ്ഥമാക്കി. എല്ലാ വെള്ളിയാഴ്ചകളിലും മോറൽ ക്ലാസുകൾ സംഘടിപ്പിച്ചതും അതിനോടനുബന്ധിച്ച് നടത്തിയ പരീക്ഷകളിൽ ജേതാക്കളായവർക്ക ഉപഹാരങ്ങൾ നൽകിയതും ക്രിസ്തുമസ് ദിനാഘോഷങ്ങളിൽ മനോഹരമായ പുൽക്കൂട് നിർമ്മിച്ചതും അടക്കം നിരവധി പരിപാടികൾ കൊണ്ട് സമ്പന്നമായിരുന്നു. സി.എസ്.എയുടെ ഈ വർഷവും, മൂന്ന് ദിവസമായി ആളൂർ ബി.എൽ.എം.മിൽ വച്ചു നടത്തിയ ക്യാമ്പ് അംഗങ്ങളിൽ നേതൃത്വഗുണം വളർത്തുവാൻ സഹായിച്ചു. AICUF റീജണൽ തലത്തിലും സംസ്ഥാന തലത്തിലും നടന്ന വിവിധ നേതൃത്വ പരിശീലന ക്യാമ്പുകളിലും സെമിനാറുകളിലും സി.എസ്.എ വിദ്യാർത്ഥികൾ പങ്കെടുത്തു. നമ്മുടെ യൂണിറ്റിലെ വിനോദ് പോൾ സംസ്ഥാന AICUF ന്റെ നാഷണൽ ടീം മെമ്പറായും ജെസ്റ്റിൻ എം. അഗസ്റ്റിൻ ഇരിങ്ങാലക്കുട സോണിന്റെ വൈസ് പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചു. മാർ. ജോസഫ് കുണ്ടുകുളം സാമൂഹ്യ പ്രതിബദ്ധതാ അവാർഡ് സി.എസ്. എ അംഗമായ ജസ്റ്റിൻ എം. അഗസ്റ്റിനു ലഭിച്ചു. ഈ സംരംഭങ്ങളിലെല്ലാം ഞങ്ങൾക്കൊപ്പം താങ്ങായി നിലകൊണ്ട ഫാ. ആന്റണി കുറ്റിക്കാട്ടിനും, പ്രിൻസിപ്പാൾ ഫാ. തോമസ് ചക്രമാക്കലിനും കെ.ജെ. വർഗ്ഗീസ് സാറിനും മറ്റെല്ലാവർക്കും ആത്മർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നു.


—————ദിലീഷ് ഡേവിസ്
സെക്രട്ടറി



JUSTINE JOSE
(President)



DILEESH DAVIS
(Secretary)



LEO JOSE
(Treasurer)



# നക്ഷത്രങ്ങൾ പൂത്ത ആകാശച്ചെരുവ്

## ഓർമ്മക്കുറിപ്പുകൾ

**ഫിജോ ജോസഫ്**
**ജനറൽ സെക്രട്ടറി**

യാത്രയിൽ പിന്നിടുന്ന വഴിവക്കിലെ പൂഷടർപ്പുകൾ പോലെ മുഖങ്ങൾ
ഓരോന്നായി മറവിയുടെ അകലങ്ങളിൽ ഓടിയൊളിച്ചു. എന്നിട്ടും
നക്ഷത്രങ്ങൾ പൂത്ത ഒരാകാശച്ചെരുവ് പോലെ ഒരോർമ്മ പിന്തുടരുന്നു.
വരാതിരിക്കില്ല...ഞാൻ തിരിച്ചുവരുന്നുണ്ട്.

**(നീലക്കുന്നുകൾ, എം.ടി)**

തലച്ചോറിന്റേതിനേക്കാൾ ഹൃദയത്തിന്റെ ഭാഷയെ ഇഷ്ടപ്പെടുന്നതിനാൽ ഇതൊരു ഓർമ്മക്കുറിപ്പാണ്. ഓർമ്മകളുണ്ടായിരിക്കണം. ഭാവിയിലേക്ക് ഇന്ന് നൽകുന്ന വാഗ്ദാനങ്ങളാണത്രേ ഓർമ്മകൾ. വർഷങ്ങളുടെ ബഹളങ്ങൾക്കിടയിലൂടെ, സംഭവങ്ങളുടെ ആഘോഷാചരണങ്ങൾക്കിടയിലൂടെ എല്ലാം കാലത്തിനുവിട്ടുകൊടുത്ത് ഞാൻ നടന്നു. അനുഭവങ്ങൾക്ക് മൂന്നല്ല മുപ്പത് വർഷങ്ങളുടെ ആഴമാണ്. എന്തെല്ലാം കണ്ടു? പൊട്ടിത്തകരുന്ന ജീവതങ്ങൾ, നൂൽപ്പാലത്തിലും കൈകോർക്കുന്ന സൗഹൃദങ്ങൾ, പരാജയപ്പെടുകയും വിജയിക്കുകയും ചെയ്യുന്ന പ്രണയങ്ങൾ, *അനർത്ഥമായ പകപോക്കലുകൾ*, അവകാശസമരങ്ങൾ, മടുപ്പിക്കുന്ന കോംപ്രമൈസുകൾ. കഥാപാത്രങ്ങൾ മാറിവന്നാലും ഈ മഹാനാടകത്തിന് അവസാനമില്ല.

ഉറങ്ങാത്ത രാത്രികളിൽ ക്യാംപസിലൂടെ വെറുതെ അലഞ്ഞിട്ടുണ്ട്. മുക്കും മൂലയുമായി വിടർത്താനാവാത്ത ബന്ധം. ഈ ചുവരുകൾ ഒരിക്കൽ ലോകത്തിന്റെ അതിരുകളായിരുന്നു. അവയിൽ നിന്ന് നെടുവീർപ്പുകൾ വമിച്ചിരുന്നു. ഈ പച്ചതുരുത്തിൽ പൂവിട്ടതും കൊഴിഞ്ഞതും സ്വപ്നങ്ങളായിരുന്നു. കൊവേന്ദ പട്ടക്കാരുടേയും പാപികളുടെയും ക്രൈസ്റ്റ് കലാപകാരികളുടെയും കമിതാക്കളുടെയും ക്രൈസ്റ്റ്. പോയവരുടെയും വരാനിരിക്കുന്നവരുടെയും ക്രൈസ്റ്റ്. തെറ്റുപറ്റി. സ്വയം മറന്ന് നിന്നെ സ്നേഹിക്കുമ്പോൾ വേർപാടിന്റെ നിമിഷം പടിവാതിൽക്കൽ പതിയിരിപ്പുണ്ടായിരുന്നെന്ന് ഓർക്കണമായിരുന്നു. വലിയ തെറ്റുപറ്റി

ആത്മാവില്ലാതെ ജീവിക്കുന്ന ശരീരങ്ങൾക്ക് സൂര്യനില്ലാതെ പ്രകാശിക്കുന്ന നക്ഷത്രങ്ങൾക്കും ഈ ഓർമ്മക്കുറിപ്പുകൾ സമർപ്പിക്കുന്നു. എന്നു അങ്ങനെയയായിരുന്നല്ലോ. അങ്ങനെയായിരിക്കട്ടെ. പഴുത്ത പ്ലാവില വീഴുമ്പോൾ പച്ച ചിരിക്കേണ്ട. ഞങ്ങളേക്കാൾ വേഗത്തിൽ നിങ്ങൾ വിസ്മൃതിയിലേക്ക് പൊഴിയും പക്ഷേ ഇ ഞങ്ങളുടെ കിരാതമായ ഊഴം. ഇനിയും വിടരാത്ത ഞങ്ങളു വസന്തങ്ങളെ കാലം ഇവിടെ നിന്ന് പറത്തിക്കളയുന്നു എന്നാലും വരാതിരിക്കില്ല ഞാൻ തിരിച്ചുവരുന്നു.

## മുതുകത്തൊരു ചവിട്ട്.

നിങ്ങൾക്കിപ്പോൾ വേണ്ടത് മുതുകത്തൊരു ചവിട്ടാ ഇടിക്കാനും കുത്താനും ചവിട്ടാനും അതെല്ലാം തിരിച്ചേൽക്കാനു തയ്യാറാവുക. തോറ്റോടിയവരാരും നേതാവായിട്ടില്ല. നട്ടെല്ലു നിവർ നിൽക്കുക. ചങ്കൂറ്റമാണ് വേണ്ടത്. (ദിമാൻ, ഇർവിങ്ങ് വാലസ്)

തിരിഞ്ഞുനോക്കുമ്പോൾ പലത അവിശ്വസനീയമാണ്. ഡിഗ്രിക്കാണ് ആദ്യമായി ഒരു റെഗുല മെയിനിലേക്ക്. സാധാരണക്കാരനായ വിദ്യാർത്ഥിയായി പഠി പോകണമെന്നായിരുന്നു ആഗ്രഹം. സജീവരാഷ്ട്രീയ വേണ്ടെന്നു തീരുമാനിച്ചിരുന്നു. ഒന്നാം വർഷം സുഹൃത്തി ഇലക്ഷൻ പ്രചാരണത്തിനിറങ്ങി. ഓഫറുകളു പ്രവാഹമായിരുന്നു പിന്നീട് എല്ലാറ്റിനോടും നോ തന്നെയാ പറഞ്ഞതും.

പക്ഷേ, പൈതൃകത്തിന്റേയും പാരമ്പര്യത്തിന്റേ തുടർച്ചയായി മൂന്നുവർഷത്തിനുള്ളിൽ എഡിറ്റും ജനറ

സെക്രട്ടറിയുമായി, എന്റെ പ്രിയപ്പെട്ട പാനലിൽ നിന്ന് ജയിച്ചു കയറി. അല്ലാതിരുന്നത് പലതുമായി പ്രമുഖർ അലങ്കരിക്കുന്ന വേദികളിലേക്കുള്ള കുതിപ്പിന് വ്യക്തിപരമായി കൊടുത്ത വിലകൾ വലുതാണ്. ആർക്കും തിരിച്ചുതരാൻ കഴിയാത്തവ. തുറന്ന പുസ്തകം പോലെ ജീവിച്ചിട്ടും അപവാദങ്ങൾ വെറുതെ വിട്ടില്ല. പിന്നിൽ നിന്ന് ഏറെ കുത്തുകൾ ഒടുവിൽ ബ്രൂട്ടസും, കിട്ടിയതത്രയും ഒട്ടും കുറയാതെ കാത്തിരുന്ന് തിരിച്ചു കൊടുത്തു. എന്തിനായിരുന്നു എല്ലാം?

എല്ലാ ക്ലീഷെകളെയും അട്ടിമറിച്ച് മാഗസിനിറക്കിയിട്ടും, മാഗസിനുള്ള കോളേജിന്റെ പിന്തുണ പിൻവലിക്കണെന്ന കൗൺസിലിന്റെ നിർദ്ദേശം തളർന്നിട്ടും, തൃശൂരിലേ തന്നെ പ്രമുഖ പ്രഫഷണൽ കോളേജ് ഈ മാഗസിന്റെ പ്രത്യേകതകളെ അതേപടി അനുകരിച്ച് മാഗസിനിറക്കി കഴിഞ്ഞിട്ടും എന്റെ അല്ല ഞങ്ങളുടെ മാഗസിന്റെ ബാധ്യതകളിൽ നിന്ന് ഞാൻ മോചിതനായിട്ടില്ല. വൈകാരികമായി പോലും എന്നിട്ടും ജനറൽ സെക്രട്ടറിയായി കോളേജ് യൂണിയൻ റിപ്പോർട്ടവതരിപ്പിക്കുമ്പോൾ വാഗ്ദാനം ചെയ്തവയെല്ലാം ഈ കലാലയത്തിനു സ്വന്തമായിരുന്നു. മുൻപില്ലാതിരുന്നവ പെൺകുട്ടികളുടെ ഗാർഡൻ പ്രവേശനം, ക്യാംപസ് ഫലിം, തിരിച്ചു പിടിച്ചു ഡിസോൺ കിരീടം.

എന്തും ചെയ്യാനുള്ള ചങ്കൂറ്റമായിരുന്നു കൈമുതൽ. വെറുംകൈകൊണ്ട് ബസ്സിന്റെ ചില്ലു തകർത്തതും ഭീഷണികൾക്കിടയിലേക്ക് നിസ്സംഗമായി ഇറങ്ങിച്ചെന്നതും അതുകൊണ്ടാണ്. ഇപ്പോഴും ക്യാംപസ് രാഷ്ട്രീയത്തിൽ ഉജ്ജ്വലമായി നിലകൊള്ളുന്നവർ എന്തിനും തയ്യാറായി കൂടെയുണ്ടായിരുന്നു. ഒരിക്കൽ അഞ്ചുപേർ വേട്ടപട്ടികളെപ്പോലെ കലാലയത്തിനു മുന്നിൽ തെരുവുയുദ്ധം നടത്തിയതും കയ്യിൽ വിറകുകൊള്ളികളുമായി എതിരാളികളെ ക്യാംപസിൽ നിന്നു തുരത്തിയതും അകത്തും പുറത്തുമുള്ള അധികാരത്തിന്റെ ഗർവ്വ് മലം തന്നെയാണ്. യൂണിയൻ കാബിനറ്റിൽ ആരൊക്കെ ഡമ്മികളായിരിക്കണമെന്ന് നിശ്ചയിച്ചതും അതേ അധികാരമാണ്. കയറിക്കിടന്ന ഗിരിനിരകളും നീന്തിക്കയറിയ സമുദ്രങ്ങളും മടുത്തിരിക്കുന്നു. ഏതായിരുന്നു വഴി? ലക്ഷ്യം?

നടന്നതൊക്കെ വഴിയും എത്തിയതൊക്കെ ലക്ഷ്യവും. ശരികൾ മാത്രമുണ്ടായിരുന്ന കാലമേ വിട.

ഒരു പേടിയുമില്ലാത്തവന്റെ യഥാർത്ഥ ധൈര്യത്തിന്റെ ശരിയായ പേര് മണ്ടത്തരമെന്നാണ്.

**ഹോസ്റ്റലിൽ നിന്ന്....**

*എന്റെ പരദേശവാസത്തിന്റെ മുഗ്ദ്ധത ഇന്ന് തകരും*
*ശൂന്യമായ മേശ മടക്കപ്പെടും. (പ്രവാസിയായ ഒരു അഫ്ഗാൻ കവി)*


മറ്റെന്താണ് കൂട്ടുകാരെ നമ്മൾ നമ്മുടെ പ്രിയപ്പെട്ട മുറികളും മുറിയാത്ത അടുപ്പങ്ങളും വിട്ട് പറ[ന്ന്] പോകുന്നിതനേക്കുറിച്ച് പറയേണ്ടത്? ഇനി നമ്മുടെ പുലരിക[ൾ] അലാറം വിളികളേക്കൊണ്ട് നിരയില്ല. മാങ്ങാ തേങ്ങാ കപ്പ[ങ്ങ] മോഷണം, പവർക്കട്ടിനിടയിലെ തെറിവിളി, ചാമ്പക്കയിൽ നി[ന്ന്] വീഞ്ഞ് വാറ്റൽ (ഓപ്പറേഷൻ കല്ലുതവാതുക്കൽ) വെളുപ്പാ[ൻ] കാലത്തെ പതിയിരുന്നുള്ള പോസ്റ്ററെഴുത്ത്. എല്ല[ാം] എന്നേയ്ക്കുമായി നമുക് നഷ്ടപ്പെടുകയാണ്. ബക്കറ്റ[ും] തോർത്തും എണ്ണയും ഷേവിംഗ് ക്രീമും ഓസുന്നവര[ും] ഓസാത്തവരും തമ്മിലുള്ള വർഗ്ഗസമരം ഇനിയത്തെ തലമ[ുറ] തുടരട്ടെ.

ഞായറാഴ്ച ഉച്ചയ്ക്ക് ഒരു കുപ്പി മദ്യത്തേക്കുറി[ച്ച്] കാര്യമായി ചിന്തിച്ച് വിൽസും പുകച്ചിരിക്കുന്നവരു[ടെ] ഇടയിലേക്ക് കള്ളിമുണ്ടും കയറ്റി കുത്തി (ഉടുത്തിട്ടുണ്ടെങ്കി[ൽ]) ഡെബണയറും ചാസ്കിറ്റിയും (മുട്ടുശാന്തിക്ക് ക്രൈ[മോ] ഫയറോ ആയാലും മതീട്ടോ) തിരക്കി വരുന്നവരെ നമ്മിളി[നി] എവിടെ കാണും? ആ ഇക്കയുടെ ബൂത്തിലും മറ്റേ ഇക്കയു[ടെ] ചായക്കടയിലും നമുക്കിനി പറ്റാൻ പറ്റിലല്ലോ. പത്രക്കാര[ന്] കനമുള്ള കുടിശ്ശിക. ചോദിച്ചു വരുമ്പോൾ നമ്മൾ പുറത്ത നിന്[ന്] മുറിയടപ്പിച്ച് അകത്തിരുന്ന് നിശ്ശബ്ദരായി ചീട്ട് കളിക്കാറുള[്ളത്] തോർമ്മയുണ്ടോ? പറ്റത്തോടെ സെക്കൻഡ് ഷോയ്ക്ക് പോ[യി] തിയ്യേറ്ററിലെ കസേരകൾ തല്ലിയൊടിയ്ക്കാൻ ഇനിയാരുണ്[ട്] ക്ലാസ് ടൂർ പോകുന്ന ഹോസ്റ്റലേഴ്സിനെ നാറ്റിച്[ച്] മരണമണിയടിച്ച് ലഗ്ഗേജുകൾ പൂജിച്ച് യാത്രയയക്കാറുള്ള[ത്] ആര് മറക്കും? ഇലക്ഷനുകളിൽ ജയിക്കേണ്ടവരെയു[ം] തോൽക്കേണ്ടവരെയും നമ്മളാണ് തീരുമാനിച്ചത്. യൂണിയ[ൻ] ഇനാഗ്രേഷനും കോളേജ് ഡേയുമൊക്കെ എന്ന് വേണമെ[ന്ന്] തീരുമാനിക്കപ്പെടുന്നത് മെസ്സ് ഹാളിലോ സെക്കൻ[ഡ്] ഫ്ളോറിലോ ആണെന്ന് ആർക്കറിയാം ഇനിയൊരു ഹോസ്റ്റ[ൽ] ഡേ ഓർമ്മയിലെ ഉള്ളൂ. (കഴിഞ്ഞ് ഹോസ്റ്റൽ ഡേയ്സി[നെ] ഓർമ്മയുണ്ടായിരുന്നെങ്കിൽ) അമ്മിണി എന്ന ആൺപൂച്ചയ[െ] പൂച്ചയെപ്പോലെ വരുന്ന വാർഡനച്ചനും നമുക്കിനി അന്യരാണ്.

എന്നാലും പരീക്ഷാ കാലങ്ങളിൽ നമ്മളൊരുമി[ച്ച്] പുസ്തകങ്ങളിലേക്ക് മുതലക്കൂപ്പിട്ടു. ഒരു നെഞ്ചിലെ തേങ്ങ[ൽ] എല്ലാ നെഞ്ചുകളും തൊട്ടറിഞ്ഞു ഒരു മാവു പൂക്കുമ്പോ[ൾ] നമ്മൾ സന്തോഷിച്ചു. ഒരിക്കലും പൂക്കാത്ത മാവുക[ൾ] കാണുമ്പോൾ നമ്മൾ ഒരു പോലെ ദുഃഖിച്ചു.

പ്രിയപ്പെട്ട വായനക്കാരീ,

(വായനക്കാരികളോടാണ് ഹോസ്റ്റലിന് പ്രിയം വായനക്കാരന്മാർ ക്ഷമിക്കണം) നിങ്ങൾക്കിത് വായിക്കാ[ം] വായ്മൊഴിയായി കേൾക്കാം. പക്ഷേ ഒരിക്കലു[ം] അനുഭവിക്കാനുള്ള യോഗമില്ലെന്നറിയുക. അതുകൊണ[്ട്] അസൂയപ്പെടരുത്. "യൂനോ ഈ ഹോസ്റ്റേഴ്സെല്ലാം റിയല



എന്തൊരു ബാധാണെന്നറിയോ'' എന്ന് (ഫങ്ഷണൽ ഇംഗ്ലീഷിൽ സ്പീച്ചരുത്...)വേണമെങ്കിൽ സ്റ്റുഡൻസ് കോർണറിലോ ക്യാംപസ് ലയിനിലോ രണ്ട് വാചകമെഴുതിക്കോളൂ

NB: ഒരു തവണകൂടി തിബത്ത് കാണാത്ത ഞങ്ങളുടെ തിബത്തൻ സുഹൃത്തുക്കളോട് ചേർന്ന് ആത്മാർത്ഥമായി പറയട്ടെ. ഫ്രീ തിബത്ത്, ഫ്രീ തിബത്ത്.

**ശവക്കുഴി വക്കിലെ നൃത്തം.**

കലാലയത്തിന്റെ ബഹളത്തിൽ നിന്ന് ഹോസ്റ്റൽ മുറിയിലെ ഒരു ഉച്ചമയക്കത്തെ തട്ടിത്തെറിപ്പിക്കാൻ അവൻ വന്നു. മഹാനഗരത്തിലെ സുഹൃത്ത്.

ഐ ഹാവ് എ സർപ്രൈസ്
തേങ്ങാക്കുല..
ഗ്രാസ് യാർ, ഗ്രാസ്..
നുണ.
സത്യം. സ്വയമ്പൻ കുഞ്ചൻ ഫ്രം അട്ടപ്പാടി.

സംഗതി എന്താണെന്ന് എന്നെങ്കിലും പരീക്ഷക്കണമെന്നൊരു പൂതിയുണ്ടായിരുന്നു. ഇതാ അവസരം. വാതിലിനു സാക്ഷയിടും മുമ്പ് പ്രിയപ്പെട്ട സുഹൃത്തുക്കൾ രണ്ടു പേരു കൂടി അകത്തേക്ക്

*നട്ടുച്ചയ്ക്ക് ഇരുട്ടു കാണുന്നു*
*അഗ്നി പർവ്വതത്തിനു മുകളിലിരുന്ന്*
*നാം വീഞ്ഞു മോന്തുന്നു*
*ശവക്കുഴിയുടെ വക്കിൽ നിന്ന് നൃത്തം ചെയ്യുന്നു.*

പോട്ടെ.?

എവിടേയ്ക്ക്? ,

ഞാനാ ഗുഹാ മനുഷ്യനെ പിന്തുടരുകയാണ്.

*വസ്ത്രവും ഒരതിർത്തിയാണ്*
*അതിനാൽ അതൂരിയെറിഞ്ഞ്*
*തടാകത്തിലെ കാറ്റിനെപ്പോലെ*

എന്താടാ ഇത്

ഹവ്വാ ബീച്ചിൽ നഗ്നനായിരിക്കാൻ സ്വാതന്ത്ര്യമുണ്ട്

അതുശരി

നീയാരാണ്?

പറയില്ല

പ്രോഗ്രാം തെറ്റാണ്

എന്ത് പ്രോഗ്രാം?!

പ്രോഗ്രാം തെറ്റിയാൽ റോബോർട്ടുകൾ മറുപടിപറയില്ലെന്നറിയില്ലേ?

റോബോർട്ട് സഞ്ചരിച്ചു ഹോസ്റ്റലിൽ നിന്ന് കോളേജിലേക്ക്. ഇടനാഴികളിലൂടെ. അപ്പോൾ നോട്ടീസ് ബോർഡിനരികിൽ സൗന്ദര്യപ്പിണക്കം മറന്ന് കൂട്ടുകാരി ഓടി വന്ന് കൊഞ്ചി

ഒന്നും പറയാനില്ലേ..

ഒന്നും പറയില്ല.

പ്രോഗ്രാം തെറ്റാണ്. അത് അറിയാഞ്ഞിട്ടാവില്ല. എന്നെ കളിയാക്കുകയാണ്. ദാ അവൾ നടന്ന് പഞ്ചാരമുക്ക് മറയുന്നു. എന്തോ പറയാനുണ്ടല്ലോ. പോർട്ടിക്കോയിലേക്കുള്ള ആദ്യപടവിറങ്ങി. രണ്ടാമത്തേത് പത്തടി താഴെ സംശയിച്ചു; നിൽക്കാൻ സമയമില്ല എടുത്തു ചാടി.

*ജന്മത്തിൽ നിന്ന് ജന്മത്തിലേക്ക്*
*ചരിക്കുന്നവരെ തടയാൻ കോട്ടകളില്ല.*

ഗാർഡനിലെത്തി നെഹ്റുവിന് ചുവട്ടിൽ ഗുഹാമനുഷ്യനെ പിന്തുടർന്ന സുഹൃത്ത് കിടക്കുന്നു.

സുഹൃത്തേ എഴുന്നേൽക്കൂ.

ശല്യപ്പെടുത്തരുത്.

ഹോസ്റ്റലിൽ തിരിച്ചു പോകാനുള്ള പ്രോഗ്രാം മറന്നുപോയി.

ശ്..ശ്..ശ്...

സുഹൃത്തേ, പ്രോഗ്രാം അറിയാതെ ഞാനെങ്ങനെ...... ഞാനിപ്പോൾ മെഡിറ്ററേറിയൻ കടലിലൂടെ പടിഞ്ഞാറോട്ട് സഞ്ചരിക്കുകയാണ്. കപ്പലിനു മുകളിലതാ വലിയൊരു മഞ്ഞുകട്ടി. നമമളിനി ഒരിക്കലും കണ്ടെന്നു വരില്ല. ഗുഡ്ബൈ.

*അതിർത്തികളിൽ വിശ്വസിക്കുന്നവരോട്*
*ഉറവുകളും നക്ഷത്രങ്ങളും സംസാരിക്കുകയില്ല.*

എങ്ങനെയോ മുറിയിലെത്തി. ഓവർഡോസാണ്. വേദനകൊണ്ട് പിടഞ്ഞ് മരണത്തെ മുഖാമുഖം കാണുമ്പോൾ ഉള്ളറിഞ്ഞ് കരഞ്ഞു.

ദൈവമേ, ഇതാദ്യത്തേതു മാത്രമല്ല അവസാനത്തേതുകൂടിയാണ്.

*(കവിതാ ശകലങ്ങൾ സച്ചിദാനന്ദന്റെ അപൂർണ്ണത്തിൽ നിന്ന്.)*

**ആത്മാവിന്റെ നടനം.** -

*...ംഗോപാംഗങ്ങളുടെ ചലനമല്ല ആത്മാവിന്റെ നടനമാണ് അഭിനയം (...ക്കിത്തം)*

ഫൈൻ ആർട്ട്സ് റൂമിലും ക്യാംപസ് തിയ്യറ്ററിലും അഭിനയം ഞങ്ങൾക്ക് ജീവിതത്തിന്റെ അനുകരണമായിരുന്നില്ല. ജീവിതം തന്നെയായിരുന്നു. അനുഭവങ്ങളാണ് ഞങ്ങളെ അഭിനയം പഠിപ്പിച്ചത്. പുതിയ കുട്ടികൾക്ക് അതറിയില്ല. മനസ്സിലാവുകയുമില്ല. രാത്രികളുടെ വിജനതയിൽ ഞങ്ങളുടെ കഥാപാത്രങ്ങളുടെ ആത്മാവുകൾ അനന്തതയിൽ നിന്ന് ഫൈൻആർട്സ് റൂമിലേക്ക് തുറിച്ചു നോക്കുന്നത് ആത്മാവിലനുഭവിക്കാമായിരുന്നു. ചിലപ്പോഴൊക്കെ സ്റ്റേജിൽ കയറുന്നതിനു മുമ്പ് ആത്മാക്കളുടെ അനുഗ്രഹവും അനുവാദവും വാങ്ങി. ഈ വേട്ടായാടപ്പെടലിന്റെ നൊമ്പരത്തിൽ മനസ്സ് അനാദിയായ നൈർമല്യത്തിലേക്ക് വിടകൊണ്ടിരുന്നു. അങ്ങനെ വേദികളിൽ ഞങ്ങൾ ജ്ഞാനസ്നാനം ചെയ്യപ്പെട്ട് പരിശുദ്ധരായി.

അവതരിപ്പിക്കാൻ മഹാ പുണ്യം സിദ്ധിച്ച കഥാപാത്രങ്ങൾക്ക് ഓർമ്മയിലിപ്പോഴും യൗവ്വനമാണ്. വിപ്ലവം മകളും നഷ്ടപ്പെടുന്ന ഒറ്റക്കാലൻ ബർണാഡ് (വിശുദ്ധ പാപങ്ങളിൽ രക്തമഴ പെയ്യുമ്പോൾ) മകളുടെ ഗർഭത്തിന്റെ ഉക്കരവാദിതവത്തിൽ പങ്കുപറ്റന്ന അലക്കുകാരൻ രാവുണ്ണി (സുഖനിദ്രകളിലേക്ക്)

ഭ്രഷ്ടയായ അന്തർജനത്തെ സ്വീകരിക്കുന്ന ചാത്തൻ പുലയൻ. (പുലാപേടി)ഗോഡ്സേക്ക് പ്രണാമം അർപ്പിച്ചുകൊണ്ട് നിശ്ചലതയിലേക്ക് തിരിച്ചു പോകുന്ന ഗാന്ധിജി (ഭാരതീയം)

തടവറിയൽ ഈറ്റപ്പുലിയെപ്പോലെ കഴിയുന്ന വിപ്ലവകാരിയും മെഡിസിൻ വിദ്യാർത്ഥിയുടെ ഹെന്റി (മെൻ വിത്തൗട്ട് ഷാഡോസ്) ഇതിനുമാത്രം എന്തു സുകൃതമാണ് മുൻ ജന്മങ്ങളിൽ ചെയ്തത്.

പകലുകളിൽ ഭക്ഷണം പോലും മറന്ന് ഞങ്ങൾ റിഹേഴ്സൽ ചെയ്തു. ചിലപ്പോൾ സെറ്റ് നിർമ്മിച്ചു. രാത്രികളിൽ സ്ക്രിപറ്റ് പഠിച്ച് വീണ്ടും വീണ്ടും കളിച്ചു. ഹോസ്റ്റലിൽ നിന്ന് ബാക്കി വരുന്ന ഭക്ഷണം ചോറ്റുപാത്രങ്ങളിൽ കൊണ്ടു പോന്നു. വല്ലപ്പോഴും ആരുടെയെങ്കിലും പൊതിച്ചോർ എല്ലാവരും നിറഞ്ഞ മനസ്സോടെ പങ്കിട്ടു. ഞങ്ങൾ കവിത ചൊല്ലി. വിഡ്ഢിത്തങ്ങൾ വിളിച്ചു പറയാൻ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇടയ്ക്ക് അവയിൽ നിന്ന് പുത്തൻ ആശയങ്ങൾ ഉദിച്ചു. ഫൈൻ ആർട്ട്സ് റൂമിന്റെ വെറും നിലത്ത് കൊച്ചു ബാനറുകൾ പുതച്ച് കൊതുകുകടി കൊണ്ടുറങ്ങി. ഞങ്ങൾ സന്തുഷ്ടരായിരുന്നു.

കാരണം വഴിയമ്പലത്തിലെ സഹശയനമ... ഞങ്ങളുടേത്. ആത്മസംയോഗം ആശയങ്ങളുടേതാ...

ആവിഷ്ക്കാരങ്ങളെയാണ് ഞങ്ങൾ പ്ര... ഭാസന്റെയും ശക്തി ഭദ്രന്റേയും പാരമ്പര്യത്തിൽ നിന്... സോഫോക്ലിസിന്റെയും ഡയനീഷ്യസിന്റെയും... തിയ്യറ്ററുകൾ ഞങ്ങൾ സ്വപ്നം കണ്ടു. ഞങ്ങളുടെ ... ഞങ്ങളിൽ ഒരുവനായി ഉണ്ടും ഉറങ്ങിയും, ശശി... വലിയ മനുഷ്യനുണ്ടായിരുന്നു. മുണ്ടും ഷർട്ടും ... താടി വളർത്തിയ ഭാരതമുനി.

കനലുറങ്ങുന്ന മനസ്സുമായ് പടിയിറങ്ങുകയാണ്.

ഫൈൻ ആർട്സ് റൂമിന് ഇനിയും ഒരുപാട്... പറയാനുണ്ട്. കേൾക്കാൻ ആരെങ്കിലുമുണ്ടെങ്കിൽ...

## Hail, Functional English

functional English, my God, Horrible

ബിരുദത്തിനു ചേരും മുൻപേ ... തുടങ്ങിയതാണ്. ഇംഗ്ലീഷുകാരൊഴിച്ച് സർവ്വരും ... ഇപ്പോൾ കുറേക്കൂടി ശക്തമായി പറയുന്നു. എന്താണ്... തെറ്റ്? ഫാഷൻ പരേഡ് നടത്ത്... പ്രണയിച്ചതോ?യൂണിവേഴ്സിറ്റി സെന്ററിലെ ഉദ്യോ... ഘെരാവോ ചെയ്തതോ? മാധ്യമങ്ങലുടെ ഹദ... ചേർന്ന് നന്നതുകൊമട്ടോ സാമൂഹ്യ പ്രശ്നങ്ങളേ... കൂടുതൽ അടുത്തും സങ്കീർണ്ണമായും അറിയാൻ അവ... ലഭിച്ചിരുന്നതുകൊമ്ടോ പാസ്സീവ് സ്റ്റുഡന്റ്സ് ലൈ... ഞങ്ങൾ പണ്ടേ ബൈ പറഞ്ഞിരുന്നു. ഈ കലാല... ഏത് ഡിപ്പാർട്ട്മെന്റിനുള്ളിതനേക്കാളും ഹ... അധ്യാപക വിദ്യാർത്ഥി ബന്ധം ഞങ്ങൾക്കുണ്ട്. മിക... സംസ്ഥാനത്തിന് പുറത്തുള്ല സർവ്വ കലാശാലകളി... പഠനം പൂർത്തിയാക്കിയ, പ്രശസ്തരായ ... നിരൂപകരടക്കമുള്ള അക്കാഡമിക് ജീനിയസ്സുകളാണ് ... അധ്യാകർ. അവർ സജീവമായുള്ള രാഷ്ട്രീയ... സി.എസ്.എയിലും മാത്രമല്ല. ഫൈൻ ആ... എൻസി.സി.യും വിമൻസ് സെല്ലും അവരുടെ ... ഭ്ദരമായിരുന്നു എന്ന് മറക്കരുത്.

യഥാ ഗുരു തഥാ ശിഷ്യ. മൂന്ന് വർഷത്തി... ഇംഗ്ലീഷിലെ ആറു പേർ യൂണിയൻ ക്യാബിനറ്റി... ഒമ്പതിലധികം സ്ഥാനങ്ങൾ. വഹിച്ചിട്ടുണ്ട്. ... ആർട്സിലും സ്പോർട്സിലും ഞങ്ങളുടെ സാന്നി... സ്വാധീനവും അനി,ഷേധ്യമാണ്. സർവ്വ ഫ്രെയിമിലും ... നിൽക്കാനുള്ള പ്രത്യേക പാടവമാണിത്. അപവ... അധ്യാപകരേയും വിദ്യാർത്ഥികളേയു ഒരു പോലെ ...

നോട്ടീസ് ബോർഡിൽ പ്രത്യക്ഷപ്പെട രണ്ട് പേരുകൾ എത്ര ജീവിതങ്ങളും താളം തെറ്റിക്കുമെന്ന് കസേരകളിൽ അള്ളിപ്പിടിച്ചിരുന്നവർ ഗണിച്ചിട്ടുണ്ടാവില്ല. ഇംഗ്ലീഷിൽ നിന്നുള്ള തുടർച്ചയായ മൂന്നാമത്തെ ജനറൽ സെക്രട്ടറി മാത്രമല്ല, സ്ത്രീ കഥാപാത്രങ്ങളുടെ അപവാദങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടവരുടെ ഇങ്ങേയറ്റത്തെ കണ്ണിയും ഞാനാണ്. ഇത് വ്യക്തി പരമായ അനുഭവമാണ്. മറ്റു പലരുടേതുമായി തട്ടിക്കുമ്പോൽ തുച്ഛവും നിസ്സാരവുമായി ഒന്ന്. ഇംഗ്ലീഷിന് പരിഭവമില്ല. മാങ്ങയുള്ള കൊമ്പിലല്ലേ ഏറ് വീഴൂ. ചത്ത പട്ടികളെ ആരെറിയാൻ? സോഷ്യബിലിറ്റി ഞങ്ങൾക്കെല്ലാം കൂടുതൽ തന്നെയാണ്.

ഒടുവിൽ രണ്ട് റാങ്കുകളും നൂറ് ശതമാനം വിജയവുമായി (ഇതു പോലൊരു വിജയം ഡിപ്പാർട്ട്മെന്റുകളിൽ ഏതിന് അവകാശപ്പെടാം) ഞങ്ങൾ പോകുമ്പോൾ അത് ഒരുപാട് പേർക്കുള്ള മറുപടിയാണ്. മറുചോദ്യവും. ഒരിക്കൽ സാമാന്യം വലിയൊരു രാഷ്ട്രീയസംഘട്ടനത്തിനു ശേഷം ചോരയൊലിക്കുന്ന ദേഹവും കീറിയ വസ്ത്രങ്ങളുമായി സമരത്തിനു മെമ്മോ നൽകാനെത്തിയ അഞ്ച് പേരിൽ നാലും ഫങ്ങ്ഷണൽ ഇംഗ്ലീഷ് വിദ്യാർത്ഥികളാണെന്ന് കണ്ട് പ്രിൻസിപ്പാൾ ആത്മാർത്ഥമായി ചോദിച്ചു:

നിങ്ങൾക്ക് വേറൊരു പണിയുമില്ലേ?

That's it. ഞങ്ങൾ നോക്കിനിന്നില്ല. ഇടപെടുകയായിരുന്നു. ഇടപെട്ടു. കൊണ്ടേയിരിക്കും.

## Speech is like..

A Speech is very much like having a baby, easy and joyful to conceive, but hard and troblesome to deliver.

പ്രസംഗപീഠത്തിൽ നിൽക്കുന്ന അദ്ദേഹത്തോട് എനിക്കാരാധന തോന്നിയിട്ടുണ്ട്.

അസോസിയേഷൻ പ്രവർത്തനോൽഘാടനവേളയിൽ എന്നെ സ്വാഗതം ചെയ്തുകൊമട് ബഹുമാന്യനായ ഒരു വകുപ്പധ്യക്ഷൻ പറഞ്ഞതാണിത്. പണ്ടു കയ്പിറക്കിയതു പലതും അപ്പോൾ മനസ്സിൽ തികട്ടി വന്നു. പ്രസംഗ വേദിയിൽ മുട്ടുകൾ കൂട്ടിയിടിച്ച് ഒരു വാചകം പോലും മുഴുമിക്കാതിറങ്ങിപ്പോയ ഒരു പതിനാറുകാരൻ, സൈഡു നോക്കിയിരുന്ന് മണിക്കൂറുകളോളം സ്വപ്നം കണ്ട ഒരു ചെമ്മച്ചൻ, അങ്ങനെ പലതും, മന്ത്രം കൊണ്ടെന്നപോലെ പ്രസംഗവേദികൾ കീഴടക്കുന്നത് സ്വപ്നംകണ്ടു. സ്വപ്നം കണ്ടുകൊണ്ടേയിരന്നു. അങ്ങനെ പ്രസംഗിച്ചു തുടങ്ങി. സ്വപ്നങ്ങൾക്കു എന്നെ മുഴുവനുമായി കൊടുത്തു.

ക്രൈസ്റ്റാണ് സ്വരത്തെ വരമാക്കിയത്. അക്ഷരങ്ങളെ അഗ്നിസ്ഫുലിംഗങ്ങളും വാക്കുകളെ വിസ്ഫോടനങ്ങളുമാക്കിയത്. ശൈലിയെക്കുറിച്ച് ആദ്യകാലങ്ങളിൽ ആക്ഷേപങ്ങളൊരുപാടുണ്ടായിരുന്നു. സ്വപ്നങ്ങൾക്കു വേണ്ടി സഹിക്കാൻ ഒരുക്കമായിരുന്നു. കേരളത്തിലെ കലാലയങ്ങൾ എന്നെ അംഗീകരിച്ചു തുടങ്ങിയപ്പോൾ എന്റെ ശൈലീദോഷങ്ങൾ എന്റെ മാത്രം പ്രത്യേകതകളായി. പ്രസംഗിക്കുമ്പോൾ മുൻപിൽ പൊട്ടിച്ചിരിക്കുന്നവരേയും പൊട്ടിക്കരയുന്നവരേയും കണ്ടു. അപ്പോൾ സ്വയം മറക്കും. പ്രസംഗൻ ഇല്ലാതാവും. പ്രസംഗം മാത്രമാവും. അങ്ങനെ നിൽക്കുമ്പോൾ മരിച്ചാൽ അതു തന്നെ മോക്ഷമാണ്.

Public Speaking is the shorest way to leadership എന്നാണ് ഈ കലാലയം പഠിപ്പിച്ചത്. അതിന്റെ അർത്ഥാന്തരങ്ങളിലാണ്, എനിയ്ക്ക് തോക്കു വേണ്ട, വാക്കു മതി ലോകം ഭരിക്കാൻ എന്ന ബോണപ്പാർത്തിയൻ വചനം എനിക്കു വെളിപ്പെട്ടത്. ഇലക്ഷൻ പൊളിറ്റിക്സിന്റെ പിന്നാമ്പുറങ്ങളിൽ വാക്കുകളുടെ വിശ്വസ്തതയെ വ്യഭിചരിക്കാൻ, പക്ഷേ, ഞാൻ ബാധ്യസ്ഥനായിരുന്നു. മനസ്താപം തോന്നിയില്ല. യുദ്ധത്തിൽ ജയിക്കാൻ മുന്തിയ ആയുധം തന്നെ പുറത്തെടുക്കണമല്ലോ.


എന്നും കയ്യടികൾ മാത്രം അകമ്പടി വന്നിട്ടുള്ള ക്രൈസ്റ്റിന്റെ പ്രസംഗ പീഠത്തിലേക്ക് ഏറ്റവുമൊടുവിൽ എന്നെ പിന്തുടർന്ന് കൂവലുകൾ വന്നു. പാർട്ടി പൊളിറ്റിക്സ് ഒടുക്കത്തെ ആയുധം പുറത്തെടുക്കുകയായിരുന്നു. മൂന്ന് ദിവസങ്ങൾക്ക് ശേഷം കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂത്ത് ഫെസ്ററിവലിൽ പ്രസംഗത്തിൽ ഒന്നാം സ്ഥാനം നേടി. അത് അവർക്കെതിരായ വിധി പ്രസ്താവനയായിരുന്നുവെന്ന് തെളിയിച്ചിട്ടും തൃപ്തിയില്ല. കലിയടങ്ങിയെങ്കിലും കൊതി ഒടുങ്ങയില്ലാ. ഇനിയും വരും ക്രൈസ്റ്റിന്റെ പ്രസംഗ പീഠത്തിലേയ്ക്ക് കയ്യടികളുടെ അകമ്പടിയോടെ തന്നെ.

## Good bye, I miss you

ഞാൻ മയങ്ങി, ഒരു വെളിപാടിൽ തുറന്ന കണ്ണുകൾ കൊണ്ട് കാണാൻ കഴിയാത്തത് ഞാൻ കണ്ടു.

(ഷെല്ലി)

അതെ ഇവിടെ ജീവിതം ഉണർന്നിരിക്കുമ്പോഴത്തെ സ്വപ്നമായിരുന്നു. ഞാനിവിടെ സ്നേഹം ധൂർത്തടിച്ചു. ഒടുവിൽ മുഷിഞ്ഞു കീറിയ ജീവിതവമായി യാത്ര പറയുമ്പോൾ ജീവിതത്തെ അംഗീകരിക്കുന്തിലെ ത്രിൽ ഞാൻ അനുഭവിച്ചു തുടങ്ങിയിക്കുന്നുന്നു. അത്മാർത്ഥമായി ചിരിക്കാൻ പഠിച്ചിർകകുന്നു. എന്റെ അഗ്നിമനം മുഴുക്കെ സ്നേഹവും ചതുരംഗവും ഭാവിയുടെ സംഗീതവും തിരിച്ചും നിറഞ്ഞിരിക്കുന്നു. ഈ ക്യാംപസിൽ മലരികളും



ചുഴികളുമുണ്ട്. വീട്ടിലുള്ളവർ കൊന്ത ചൊല്ലി പ്രാർത്ഥിക്കുന്നതുകൊണ്ടായിരിക്കണം രക്ഷപ്പെട്ടത്. ദൂരങ്ങൾ താങ്ങാനുള്ള യാത്രയിൽ എന്റെ നക്ഷത്രങ്ങളുടെ സ്നേഹം മാത്രം ഞാൻ കൊണ്ടുപോകുന്നു,

ഈ ഓർമ്മക്കുറിപ്പുകളൽ പരാമർശശിക്കപ്പെടാതെ പോയിതിൽ ആരെങ്കിൽ ദുഃഖുന്നുണ്ടാവാം. ചിലർ വിലയ ആശ്വാസം കൊള്ളുന്നുണ്ടാവാം. എന്നെ ഞാനാനാക്കിയ, എന്നെ സ്നേഹിക്കാൻ പഠിപ്പിച്ച നക്ഷ്ത്രങ്ങളോ, നിങ്ങളേത് ഗണത്തിലാണ്? ഇപ്പോൾ ഒറ്റയ്ക്കായത് ഞാനല്ലേ കടലിനെ ഉൾക്കൊള്ളുന്ന കരപോലെ എന്തിനാണെന്നതിൽ നിറഞ്ഞത്? ഭ്രാന്തിന്റെ വക്കിൽ നിന്ന് കഷ്ടിച്ചാണ് ഞാൻ രക്ഷപ്പെട്ടത്.... നാസാരന്ധ്രങ്ങളിൽ ചുടലപ്പുകയും തലച്ചോറിന്റെ വിജനതയിൽ ആർത്തിപ്പിചിച്ച് ഓരിയിട്ടെത്തുന്ന തീവണ്ടികളുമായി ഞാൻ താണ്ടിയ ചോരച്ച വേനൽ തളർന്ന വീണ് എഴുതാതെ പോയ പരീക്ഷകൾ എന്നിട്ടും ആർക്ക് എന്ത് നഷ്ടപ്പെട്ടു എന്ന് ചോദിക്കരുത്. ഞൻ തൊട്ടതിലൊക്കെ എന്റെ മുദ്ര പതിഞ്ഞിരിക്കും. ഒരിക്കലും മായാത്ത എന്റെ സത്വം എന്നെ ഒഴിവാക്കണമെങ്കിൽ നിങ്ങൾക്ക് ഒരു കാലഘട്ടത്തെ നിഷേധിക്കേണ്ടിവരും. എന്നെ തള്ളിപറയണമെങ്കിൽ ഒരു തലമുറയുടെ സ്നേഹത്തെ തള്ളിപ്പറേയണ്ടിവരും. സ്നേഹത്തിന്റെ ഫലം വേണമെന്നുള്ളവർ അതു നൽകുന്ന സ്നേഹങ്ങളേൽക്കാനും തയ്യാറായിരിക്കണം. സ്നേഹം വേദിപ്പിക്കുന്ന് ഒരിക്കലും മനപൂർവ്വമല്ലല്ലോ.

ഉള്ളിന്റെയുള്ളിൽ ഞാൻ വാശിക്കാരനായ ഒരു കുട്ടി മാത്രമാണെന്ന് നിങ്ങൾക്കറിയാം. നിങ്ങലെന്താണെന്ന് എനിക്കു മാത്രറിയാം. സിദ്ധാർത്ഥ രാജകുമാരനെപ്പോലെ വിഡ്ഢിയാവാൻ ഞാനില്ല. അശോക ചക്രവർത്തിയെപ്പോലെ (മരമണ്ടൻ) പാതിവഴി ഓടിമടങ്ങാനും തയ്യാറില്ല. ആരു ആർക്കും പകരമാവില്ല. കാദംബരീ രസം നുകർന്നവർക മറ്റെന്താണ് രുചിക്കുക? എല്ലാം കാലം മായ്ക്കും എന പഠിപ്പിച്ചത് ഒഴുക്കിനെതിരേ നീന്താൻ പേടിച്ചവരാണ് I hav my own modus ope randi, Modus Vivendi

പ്രിയപ്പെട്ട കലാലയമെ, ഒരിക്കൽ ജീവിത എറിഞ്ഞുടച്ചതിന്, ചവുട്ടയരച്ചതിന് നിനക്ക് ഞാ മാപ്പുതരുന്നു. കാരണം നിന്നോട് നന്ദിയുണ്ട്. ആയുസ്സോള കടപ്പാടുണ്ട്.

വലിയ ചോദ്യങ്ങൾ ചോദിക്കാൻ പഠിപ്പിച്ചതിന്.

ചെറിയ സ്വപ്നങ്ങൽക്കുള്ളലൊതുങ്ങാ പഠിപ്പക്കാതിരുന്നതിന്.

വെയിലിൽ വാടി തീയിൽ കിളിർപ്പിച്ചതിന്.

വീണ്ടും, ജീവിതത്തിന്റെ ആദിമമായ യുദ്ധങ്ങ ഞാനിഷ്ടപ്പെടുന്നു. ഞാനും ഈ യുഗത്തിന്റെ സന്തതിയാ സ്നേഹത്തിൽ ഫാഷിസം കലർത്തിയ തലമുറയുടെ വിത ഞങ്ങൾക്ക് ചിരിച്ചു കൊണ്ട് ആത്മാവ് തിന്നു തീർക്കാനറിയ എന്നാലും ഈ ക്യാംപസ് തന്ന മുറിവുകളും മോഹങ്ങ ഇടനെഞ്ചിലിട്ട് നീറ്റി ഞാൻ സൂക്ഷിക്കും. മാസങ്ങളോ വർഷങ്ങളോളം . എന്റെ ഊഴം വരുന്നതുവരെ. രാവിനു ശേ പകൽ പോലെ അത് വരിക തന്നെ ചെയ്യും. കണ്ണീർ പാടങ്ങള വിതച്ചത് കൊയ്യാൻ മേഘങ്ങൾക്കൊപ്പം ഞാൻ വരും.


*With Best Compliments From,*

Intimate
CARD GALLERY
NEAR TOWN HALL, IRINJALAKUDA - 680 121
PH: 822993 (RESI)

**AN EXCLUSIVE SHOP FOR**

● Greeting cards for all occasions ● Wedding invitation cards ● Visiting cards ●
● Fancy gift items & Soft toys ●

ഏട്ടന്....

എന്റെ ഏട്ടന്

കത്തു കിട്ടി. ഏറെക്കാലമായുള്ള കാത്തിരിപ്പിന്റെ ശുഭാന്ത്യം! പുറത്ത് മഴപെയ്യുന്നു... എല്ലാം പെയ്തു തീർക്കാനുള്ള വെമ്പൽ പോലെ എനിക്കു ചുറ്റും ഇരുട്ടാണ്. പേടിപ്പെടുത്തുന്ന ഇരുട്ട്. എന്റെ ജീവിതത്തിൽ വൈകി ഉദിച്ച സൂര്യൻ ഈ ഇരുട്ടിലെങ്ങോ?

ഏട്ടാ, എന്റെ പകലുകളിലും രാത്രികളിലും ഇനി സംഗീതമുണ്ടാവില്ല.. ഈ ലോകത്തിലുള്ള വിശ്വാസം ഏട്ടനെപ്പോലെ എനിക്കും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു കൊണ്ടാവാം. ഏട്ടനൊരു റിബലല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. ഏട്ടനെ അറിഞ്ഞപ്പോൾ, സൗപർണ്ണികയെ അറിഞ്ഞപ്പോൾ എല്ലായ്പ്പോഴും ഞാൻ ഏട്ടനെ സ്നേഹിച്ചിരുന്നുവെന്ന് അറിയുക, സ്നേഹിക്കുന്നുവെന്നറിയുക, ഇനിയും സ്നേഹിക്കും, എന്നറിയുക.ഏട്ടനായി അംഗീകരിക്കുന്നുവെന്നറിയുക...

ഒരുപാട് സ്നേഹം കൊടുത്ത പലരും വേദന മാത്രം തന്ന് നീറുന്ന കുറെ ഓർമ്മകൾ സമ്മാനിച്ച് കടന്നു പോയ. ഇല്ല, ഇനിയവരുടെ വാക്കുകൾ എനിക്കാശ്വാസമാവില്ല. എന്നെയും എന്റെ സ്നേഹവും അറിയാൻ അവർക്കാവില്ല, പക്ഷേ പുറത് തകർത്തു പെയ്യുന്ന മഴ എന്റെ കണ്ണുനീരാണെന്നു മാത്രം അവർ അറിയുന്നുവത്രെ! സ്നേഹവും പരിധികൾക്കുള്ളിലാണ് അല്ലേ?

എവിടെ നിന്നോ വേർപാടിന്റെ കാലൊച്ച എന്റെയടുത്തെത്തുന്നത് ഞാനറിയുന്നു...നമ്മുടെ ചെറിയ ലോകത്ത് ഞാനിപ്പോൾ തനിച്ചാണ്.. എങ്കിലും വെറുതെ കാത്തിരിപ്പു തുടരുന്നു, മറ്റൊരു സൂര്യോദയത്തിനായ്, ഞങ്ങൾ ഒന്നിച്ചുള്ള അസ്തമനത്തിനായ്..................

ഇഷ്ടത്തോടെ

അനിയത്തിക്കുട്ടി


**( 2001 ലെ മാഗസിൻ The Retract ൽ പ്രസിദ്ധീകരിച്ച ഏട്ടന്റെ കത്തിന്റെ മറുപടി )**

**സംഗീത ജനാർദ്ദനൻ**

ഒന്നാം വർഷ ഫംങ്ഷണൽ ഇംഗ്ലീഷ്

March 28

# The Day of Passion



"I was standing there
Lonely in the crowd
Conselling My heart
That you 'll come, no doubt.

The light were on every where
People were cheering on the ground
Every one was enjoying the Moment
But I was looking for you all around.

Time slipped away, all my hopes were sinking
But the 'eyes' never gave up
For you they were skill waiting
The thrist remained, but you didn't come.

The rose dried in my hand, but you didn't come
I am still waiting and will wait till the end of life
But know, life this evening
You'II never come into my life"

**LINTO. K.JOSE.**
II[nd] B.A. Functional English



# ആത്മ നൊമ്പരങ്ങൾ

□ രിജി. സി.ആർ.
□ രണ്ടാം വർഷ കെമിസ്ട്രി

സൂര്യനെ പോലെ
കടലിൽ മാഞ്ഞു പോവുമോ?
അരുതെന്നു പറയുവാൻ
തുനിയുന്ന ജിഹ്വയെ
പിടിച്ചു നിർത്തിയ
കാലമേ!


നിന്റെ വികൃതികളിൽ
കളിപ്പാവയായ്
തീർന്നതാവാം നാം
വസന്തത്തിലേയ്ക്ക്
നടന്നകലുമ്പോൾ
കാണുമോയെന്നെയെൻ
പ്രിയതോഴാ............
പിന്തിരിഞ്ഞു നീ
നോക്കുമെങ്കിലീ
കനലെരിയുമീനെഞ്ചിൽ
ഒരു ബാഷ്മായതു
മാറുകയാണോ?.................................
നീയെന്നിൽ
നിന്നുമെത്രയകലെയായിരുന്നാലു
മെൻ ഹൃദയത്തിൽ നിന്നുയരുമീ
ആശംസകൾ, നിനക്കായ്..........
നിനക്കു മാത്രമായ്.

# മൊണ്ടാഷ് സിനി ഫോറം

**( സിനി ക്ലബ്ബ്)**



Film Club Co- Ordinator
**Prof. VARGHESE V.A.**



President
**MOHAMMED SHEJIN**



Secretary
**VIMAL**

ക്രൈസ്റ്റ് കോളേജ് കേന്ദ്രീകരിച്ചെടുത്ത മഴവിൽക്കൂടാരം. നിറം എന്നീ സിനിമകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് 1-11-2001 ൽ പ്രൊ.വി. എ വർഗ്ഗീസിന്റെയും കെ എം .മുഹമ്മദ് ഷെജിന്റെയും നേതൃത്വത്തിൽ മൊണ്ടാഷ് സിനി ഫോറം എന്ന സിനി ക്ലബ്ബ് രൂപീകൃതമായി . കെ.എം. മുഹമ്മദ് ഷെജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആദ്യത്തെ ഭാരവാഹികളായി പ്രൊ. വി.എ.വർഗ്ഗീസ് (കോ-ഓർഡിനേറ്റർ ) കെ.എം. മുഹമ്മദ് ഷെജിൻ (പ്രസിഡന്റ് ) ദിനേശ് .യു. നായർ ,അനീഷ് (വൈസ് പ്രസിഡന്റുമാർ ) വിമൽ (സെക്രട്ടറി ) ഷൈൻ ഡേവിസ് ,അർച്ചന (ജോയിന്റ് സെക്രട്ടറിമാർ) എന്നിവരെ തിരഞ്ഞെടുത്തു.

മൊണ്ടാഷ് സിനിഫോറത്തിന്റെ ഉത്ഘാടനം സ്. സിനിമാ നിരൂപണത്തിന് ദേശീയ അവാർഡ് ജേതാവ് പ്രൊഫസർ ഐ.ഷൺമുഖദാസ് നിർവഹിച്ചു. ലോക സിനിമ രണ്ടാം നൂറ്റാണ്ടിൽ എത്തിനിൽക്കുകയാണല്ലോ , ടി.വി.യും വിവരസാങ്കേതിക വിദ്യയും സൃഷ്ടിച്ച വിസ്ഫോടനം നവതലമുറയുടെ സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്. ആഗോള ഗ്രാമത്തിന്റെ തിരക്കുപിടിച്ച നാൽക്കവലയിലേക്ക് എടുത്തെറിയപ്പെട്ട യുവതലമുറ ദൃശ്യ മാദ്ധ്യമ ങ്ങളുടെ നന്മ തിന്മകളുടെ മുൻപിൽ അകപ്പെട്ടിരിക്കുന്ന ഈ വേളയിൽ ക്രൈസ്റ്റിൽ സർഗ്ഗ ചേതനയുടെ ക്രിയാത്മക പ്രതികരണത്തിന്റെ കേളികൊട്ട് ഉയരുകയാണ്. ദൃശ്യ മാദ്ധ്യമ ഭാഷ പഠിക്കാനും , വിലയിരുത്താനും വേണ്ടി മൊണ്ടാഷ് സിനി ഫോറം രൂപമെടുത്തു. എന്നാൽ ഗൗരവബോധമുള്ള സിനിമ അന്വേഷണത്തിലൂടെ ചലച്ചിത്ര നിർമ്മാണത്തിന്റെ സർഗ്ഗ മേഖലയിലേക്കും വളർന്നുകഴിഞ്ഞിരിക്കുന്നു.

ക്രൈസ്റ്റിന്റെ കലാകാരന്മാർ തിരക്കഥയും സംവിധാനവും നിർവ്വഹിക്കുന്ന ലഘുചിത്രങ്ങളായ ഇനിയെങ്കിലും (മലയാളം ) എ സിങ്കുലർ എൻകൗണ്ടർ (ഇംഗ്ലീഷ്)എന്നീചിത്രങ്ങൾ മൊണ്ടാഷ് സിനിഫോറത്തിന്റെ ബാനറിൽ കോളെജ് യൂണിയന്റെ സഹകരണത്തോടെ അണിയിച്ചൊരുക്കി.

രതീഷ് വാസുദേവ് സംവിധാനം ചെയ്യുകയും സന്ദീപ് തിരക്കഥ എഴുതുകയും ചെയ്ത മലയാള സിനിമയാണ് ഇനിയെങ്കിലും ഗിരി തിരക്കഥ -സംവിധാനം നിർവ്വഹിച്ച ചിത്രമാണ് എ സിങ്കുലർ എൻകൗണ്ടർ . ഈ സിനിമയിലെ കഥാപാത്രമായ ഗിരിക്ക് മികച്ച നടനുള്ളഅവാർഡ് ലഭിച്ചു.



# അന്വേഷിച്ചു............. കണ്ടെത്തിയില്ല.



വിവാഹമെന്നൊരു മംഗള കർമ്മത്തിനി
ന്നിതാ ഞാനൊരു  നാരിയെത്തേടുന്നു!
നല്ലൊരു പത്രത്തിൽ ഞാനും കൊടുത്തു
മാട്രിമോണിയലെന്ന വിവാഹ പരസ്യവും
മറുപടിയൊട്ടും വന്നില്ലായതിനാ
ലെത്രയോ പരസ്യങ്ങൾ ചെയ്തു ഞാൻ പിന്നീട്
അന്വേഷണങ്ങൽ തുടർന്നുയതിനായ
മ്മാവൻ വഴിയും പിന്നെ മൂന്നാൽ വഴിയും!
മൂന്നാന് കിട്ട  നല്ലൊരു പെണ്ണിനെയെ
ന്നാലവൾക്കില്ല പഠിപ്പെന്ന കുന്ത്രാണ്ടമെന്നവർ!
അമ്മാവൻ കൊണ്ടു വന്ന പെണ്ണിന്
നിറമില്ലെന്ന് വിധിച്ചതും വീട്ടുകാർ!!
മുറ്റത്തെ മുല്ലയ്ക്കു ഗന്ധമില്ലാത്തതു പോ
ലെയുണ്ടെനിയ്ക്കുമൊരു മുറപ്പെണ്ണ്!
ഞാനുണർത്തിച്ചുയിക്കാര്യമപ്പൊ
ഴറിയിച്ചു തന്റെ വിസമ്മതമമ്മാവൻ!
പിന്നെയും തുടർന്നു പോയന്വേഷണങ്ങളിന്നി
താ  നിൽക്കുന്നുമെൻ ഷഷ്ടിപൂർത്തിയിൽ!
ഇത്രയുമോർത്തു  കിടക്കുന്ന രാത്രിയിൽപ്പെട്ട
ന്നു കേട്ടു ഞാൻ കാലൻ കോഴിതൻ കൂവൽ!!
സമയമായല്ലൊ പോകുവാനെന്നോർത്തു
പെട്ടന്നു നടുങ്ങിപ്പോയി ഞാൻ!
സ്വർഗ്ഗത്തിലാണ് വിവാഹം നടക്കുന്നതെന്നാരോ
പറഞ്ഞതിനനെത്ര സത്യമായ്!
ഭാവി വധുവിനെയൊരു നോക്കു കാണുവാ
നീ സ്വർഗ്ഗത്തിലെങ്കിലുമിടതരട്ടെയീശ്വരൻ

**അഭിലാഷ് സി.എ.**
ഒന്നാം വർഷ ബി.കോം

# ശ്യാമ സുന്ദരി

സ്മിത സൂസൻ തോമസ്
ഒന്നാം വർഷ ഫാങ്ങ്ഷണൽ ഇംഗ്ലീഷ്

സുന്ദരമായ ഒരു സായാഹ്നം ജേർണലിസം വിദ്യാർത്ഥിനിയായി നടന്നിട്ടും ശീലമില്ലാത്ത ഒരു കാര്യത്തിന് തുടക്കം കുറിക്കുവാൻ ഞാനന്ന് തീരുമാനിച്ചു. പത്രം വായന. അന്ന് ആദ്യമായി കനം കുറഞ്ഞ ആ താളിലെ കറുത്ത അക്ഷരങ്ങൾ കണ്ട് ഞാൻ ഞെട്ടി. ആ കറുപ്പ് എന്നെ ആകർഷിച്ചുവോ....കറുത്ത ഒരു സമുദ്രം. കരി തേച്ചതുപോലെയുള്ള ഒരാകാശം. എന്റെയുള്ളിലെ കറുപ്പിന് കനം വളരെ കൂടുതലായിരന്നു. ഞാനതിൽ മുങ്ങാംകുഴിയിട്ടു. വെറുതെയല്ല.

ഞാൻ തിരയുകയായിരുന്നു....എന്തോ..എനിക്ക് ലഭിക്കാത്ത എന്തോ. അത്ര കനത്ത ഇരുട്ടിലും എന്റെ കാഴ്ച വ്യക്തമായിരുന്നു. പെട്ടെന്ന് ഞാനൊരു ദിവ്യപ്രഭ കണ്ടു. അങ്ങോട്ടേയ്ക്ക് നീന്തി അടുക്കാൻ ഞാൻ ശ്രമിച്ചു. ഇരുട്ടും കട്ടക്കറുപ്പും എനിക്ക് പ്രിയപ്പെട്ടതാണെങ്കിൽ കൂടിയും അതിനെ ഉപേക്ഷിക്കാൻ ഞാൻ തീരുമാനിച്ചു. നീന്തി നീന്തി ഞാൻ തളർന്നു മുള്ളുമലകളേയും തീനാളങ്ങളെയും അതിജീവിച്ച് ഞാൻ നീന്തി അയ്യോ.....ഞാനങ്ങ് എത്തിയല്ലോ. ആ ദിവ്യഗോളം എങ്ങോ മാഞ്ഞു. വെളിച്ചം എന്നിൽ നിന്ന് ഒരുപാട് അകലെയാണെന്ന് അന്ന് ഞാൻ മനസ്സിലാക്കി. വീണ്ടും അഗാധമായ കറുപ്പിലേക്ക് ഞാൻ മുങ്ങി. പാതിയിൽ ഉപേക്ഷിച്ച തിരച്ചിൽ ഞാൻ വീണ്ടും തുടർന്നു സ്നേഹം എന്ന വാക്കിന്റെ പൂർണ്ണ അർത്ഥം തേടുകയായിരുന്നു ഞാൻ. സ്നേഹം സംഗീതമാണെന്നും സംഗീതം സാഗരമാണെന്നും സാഗരം അനന്തമാണെന്നും ചെറുപ്പം മുതൽക്കേ ഞാൻ കേൾക്കുന്നു. അതിൽ നിന്ന സ്നേഹം അനന്തമാണെന്ന് എന്റെ അമ്മ എന്നെ പഠിപ്പിച്ചു. പക്ഷെ ആ സ്നേഹസാഗരത്തിന് ഉപ്പരസമാണെന്ന് ക്രമേണ ഞാൻ മനസ്സിലാക്കി. എങ്കിലും ഞാൻ തിരഞ്ഞു. ആ കറുപ്പ് എന്നെ വിഴുങ്ങ നാളിനായ് ഞാൻ കാത്തിരിക്കുന്നു.



അയ്യോ. എനിക്ക് എന്നെ നഷ്ടപ്പെടുകയാണ് ഞാൻ മാത്രം സ്നേഹിച്ചിരുന്ന എന്നിലെ ഞാൻ ഇല്ലാതാവുകയാണ്. ആ കറുത്ത അക്ഷരങ്ങളിൽ നിന്ന് ഞാൻ കണ്ണുകളെടുത്തു. ആ പത്രത്താള് മാറ്റി ദൂരേക്ക് വെച്ചു. പഴയ ശീലങ്ങൾ തുടരുന്നതാകും നന്ന് അല്ലേ?.......................അത് തീരെ ആത്മാർത്ഥമല്ലാത്ത ഒരു മന്ദഹാസമായിരുന്നു.

# ധനമിത്ര
## കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

**DHANAMITHRA ARCADE, CHRIST COLLEGE JN,**
**IRINJALAKUDA- 680 125**
**PH: 825744, 828744**

**Website : www dhanamithra. com**
**E-mail : mail@dhanamithra**


**T.V.JOHNSON**
Chairman

**P.T. GEORGE**
Dy. Chairman

**JOY A.J.**
Mg.Director

"അതിഥികൾക്ക് ആതിഥ്യം
സൽക്കാരങ്ങളുടെ അലങ്കാരം
ബേക്കറികളിൽ ചാൾസ്"

# ചാൾസ്
ബേക്കറി സൂപ്പർ മാർക്കറ്റ്
ചെറി കോംപ്ലക്സ്
ഠാണ. ഇരിങ്ങാലക്കുട
PH : 828495 - 820248
Resi : 821248 - 825001



*Best Compliments from..............*

# Planet Com

Ph : 821428,828642, 820479,822365.

C.S. MANSION, Near Christ College Irinjalakuda - 680125
e-mail:planetcom2000@yahoo.com

**Our Sevices : - Browsing, E - mail, DTP, Computer Educaiton, Tution Classes for High School students Tourist Taxi & Marriage Bureaw**

*Best Compliments From*


# S & S COMMUNICATIONS

BPL mobile
Believe in the best

Near St. Thomas Cathedral
Ph : 826514, 827848.Mobile : 9846007539
E- Mail : sibypaul@vsnl.com

Best Compliments.......

# Mambilly
## CYCLE EMPORIUM.



**Thrissur Road Tana Irinjalakuda. Ph: 821604**



# ഭാവങ്ങൾ

ദർശിനി സംജ്ഞ
ഒന്നാം വർഷ ഭൗതിക ശാസ്ത്രം

**ഒന്നാംഭാവം**

രാവ്,
പതുങ്ങിവന്ന, ക്ഷണിക്കപ്പെടാത്ത
അതിഥി.
പ്രഭാതം,
തിങ്ങിനിറഞ്ഞ ശകടത്തിൽ
ഓടിക്കയറിയവൻ..
ഇതിനിടയിൽ...

**രണ്ടാം ഭാവം**

പച്ചവേഷങ്ങൾ
ചുറ്റിലും
താങ്ങും തണലുമായ് നിൽക്കവേ,
നാലാം ദിവസം കാട്ടാളൻ
രക്ഷകനോ?

**മൂന്നാംഭാവം**

ഇപ്പോൾ കുന്നിന്റെ ചുവട്ടിൽ
ഞാൻ ഏകയായ ഒരു മരം.
മുകളിൽ പാറക്കൂട്ടങ്ങൾക്കിടയിൽ
മറന്നുവെയ്ക്കപ്പെട്ടിരിയ്ക്കുന്നു...എന്തോ ഒന്ന്.
ഇനി...തിരിച്ച് ?

**നാലാംഭാവം.**

ഉപേക്ഷ....
സ്വീകരിക്കാനാകാതെ
അതു തകർന്നിരിക്കുവോ?
പേപിടിച്ച ഒരു നായ!
്തു കടിച്ചെടുത്തിരിക്കാം;
ഒരു കുടച്ചിലിൽ
അനേകായിരും കഷണങ്ങളായ്
ചിതറുന്നുണ്ടാവാം.

**അഞ്ചാം ഭാവം**

ദൂരെ.. ആകാശത്തിൽ
നക്ഷത്രം പൊഴിയുന്നു.
സഫലീകരിക്കാനാകാത്ത,
ആഗ്രഹവുമായി..
അഗാധഗർത്തത്തിലേക്ക്...,
മറ്റു നക്ഷത്രങ്ങളിലൊന്ന്
കൈ പിടിച്ചുയർത്തിയെങ്കിൽ

**ആറാംഭാവം.**

സൗരയൂഥം
ഗ്രഹങ്ങൾ ഒമ്പത്,
നടുവിൽ സൂര്യൻ..
ഇടയ്ക്കെങ്ങോ ഭൂമി,
ഭൂമിയെ ചുറ്റി ചന്ദ്രൻ
പക്ഷേ.....
ഇപ്പോൾ ചന്ദ്രൻ
ശനിയെ വലം വെയ്ക്കുന്നു.
സൂര്യൻ ഭൂമിയേയു!
ഗ്രഹങ്ങൾ അനേകം.
പ്രളയമോ പരിവർത്തനമോ,
അതോ
നിലവിട്ടൊഴുകുന്ന ചിന്തകളോ...??

## വിലപ്പെട്ടത്

പ്രിയേ..
ങ്ങ്ഹും... എന്തുവേണം?
അതെവിടെയാണ്?
വാട്ട്?
ഞാൻ തന്ന സാധനം.....
ഓ. ദാറ്റ് റെസ്റ്റിഷ് തിങ്ങ്.. അല്ലേ?
അതെ..അത് തന്നെ.
സോറി യാർ; ഐ മിസ്ഡ് ഇറ്റ് സംവെയർ
അയ്യോ....
വൈ? വാട്ട് ഈസ് ഇറ്റ്?
അതെന്റെ ഹൃദയമായിരുന്നു.
ങ്ഹാ; ഞാൻ വിചാരിച്ച
വിലപ്പെട്ടതെന്തെങ്കിലുമായിരിക്കുമെന്ന്

സന്തോഷ് ക്രിസ്റ്റി
മൂന്നാം വർഷ ഫങ്ങ്ഷൻ ഇംഗ്ലീഷ്

BEST COMPLIMENTS FROM
SEVENSEAS
(A/c, Bar attached Hotel & Restaurant)
Near Court, Irinjalakuda- 680 121, Thrichur Dt.
Ph: 820201

ആശംസകളോടെ..............
ചിറയത്ത്
ഗോൾഡ് സൂപ്പർ മാർക്കറ്റ്
ചിറയത്ത് ടവർ
സൗത്ത് ചാലക്കുടി
ഫോൺ : 703567, റെസി. 702167

# ചുവര്



പഴയ ചുവരുകളായിരന്നു
സൗകര്യം
അറിയാതെ വിരൽമുട്ടി
അറിയാതെ ചവിട്ടേറ്റ്
അറിയാതെ പുകപടർന്ന്
കെട്ടിയിട്ട ഞരമ്പുപോലെ
നിറയെ, വരകളും,
വർണ്ണങ്ങളുമുള്ള
ആ പഴയ ചുവര്
അതായിരുന്നു സൗകര്യം
ഒന്നുറക്കെ മഷികൂടയുന്നതിനോ
കുളിക്കാത്ത കാലൊന്നുയർത്തി വയ്ക്കുന്നതിനോ
എനിക്ക്
തഴിതൊടിഞ്ഞ വാതിലിൽ വന്നലറുന്ന
എത്തിനോട്ടങ്ങളെ
പ്പേടിക്കേണ്ടായിരുന്നു.
എത്രകൊതുകിനെ വേണമെങ്കിലും
ചുവരുചേർത്തടിക്കാമായിരുന്നു.
എന്നാലിപ്പോൾ
പഴയ സ്വപ്നങ്ങൾക്കു മുകളിലേക്ക്
പുതിയ വർണ്ണത്തിന്റെ വേലികെട്ടി,
വിരൽപ്പാടുകളേയും
പുകപ്പടർപ്പുകളേയും വിഴുങ്ങി,
ചുവര്
ഒരൊറ്റവർണ്ണത്തിലേക്ക് ചേക്കേറി.
കാലുനീളാതെ,
വിരലുമുട്ടാതെ,
പുകപടർത്താതെ,
ഞാനും.......

പ്രതീഷ് ടി.എൻ.
രണ്ടാം വർഷ രസതന്ത്രം

K.P.L. OilMills Ltd.

P.O. Box No. 2

Irinjalakuda. 680 121

ഇന്ന്
എനിക്കൊന്നിനും
വയ്യ!
വിശാലമായ
നീലാകാശത്തേയ്ക്ക്
കണ്ണും നട്ടിരിക്കാനല്ലാതെ!
വഴികാണാതെ
വിയർക്കുന്ന
ഒരു കുരുടനോയാ,
വെള്ളുത്ത
തൂവൽമേഘങ്ങൾക്കൊപ്പം
പറക്കാൻ കൊതിക്കുന്ന
ഒരു കുഞ്ഞിനോയാ
എന്റെ
അതിമൃദുലമായ
വിരലുകളൊന്നു നീട്ടാൻ
എനിയ്ക്കു വയ്യ!
വയ്യ!!!
തെരുവിൽ
കൊഴിഞ്ഞു വീഴുന്ന
ബാല്യത്തിന്
വില പറയാനും
ഗുജറാത്ത് സഹായ നിധി
ശേഖരിക്കാനും
പെയ്യാൻ മറന്ന
മഴയത്ത്
ഒരേ കുടക്കീഴിൽ
തെരുവോരത്ത്
ഘോരഘോരം
പ്രസംഗിക്കുന്ന
നിങ്ങൾക്ക്
ചെവി നൽകാനും നല്ല
നാളേയ്ക്കായി
പ്രാർത്ഥിക്കാനും
കൂട്ടുകാരി
എനിക്കു വയ്യ
നിന്നോടൊത്ത്
കണ്ണടച്ചു കൊണ്ട് ഓടാനും
ഒപ്പം
നീ പറയുന്ന തമാശകൾക്കായ്
മുഖം നോക്കാതെ
പുഞ്ചിരിയ്ക്കാനും

# ഉൾക്കാഴ്ച

**രേഷ്മ കെ.ജെ.**
രണ്ടാം വർഷ രസതന്ത്രം.

# തിരിച്ചറിവ്

അവൻ അവളെ പുണർന്നത്.
മരവിച്ച യാന്ത്രികത മുറ്റി നിൽക്കുന്ന....
ദ്രുത താളങ്ങളുടെ നടുവിലായിരുന്നു....
നനുനനുത്ത
നറുമണം പൊഴിക്കുന്ന
ഇളം തെന്നലിന്റെ നിറവിൽ,
അവർ അവരിൽ അവരെ കണ്ടെത്തി...
ഹൃദയതാളങ്ങളുടെ കമ്പനം,
നിർവൃതിയുടെ മർമ്മരങ്ങളായോ.....
രാവിന്റെ നേർത്ത രേണുക്കൾ
വിരസതയുടെ താഴ്വരയിൽ പെയ്തിറങ്ങിയപ്പോൾ
ഹൃദയത്തിന്റെ നിറം കറുത്തു തുടങ്ങി.:....
തേങ്ങിവിതുമ്പുന്ന വീനസിനെ
അവർ നാലായി പിന്നിക്കീറി....
അതിലോരോന്നിലും
വിഷം തേമ്പിയ മുള്ളുകൾ കുത്തിയിറക്കി....
അവയിൽ നിന്നൂറിയ ചുടുചോര
ആവോളം നുകർന്നു...
പിന്നീട് കാർമേഘ കീറെടുത്ത്, മുഖം തുടച്ചു...
വല്ലാതെ ഭാരിച്ച വായിച്ചു
ഉള്ളിലേക്കു വലിച്ചെടുത്ത്
വിളറിയ അധരങ്ങൾ അകറ്റി...
അവർ ചിരിക്കാൻ ശ്രമിച്ചു...
പക്ഷെ,
അവർക്ക് അവരെ നഷ്ടപ്പെട്ടിരുന്നു..
ചതുപ്പുനിലത്തിലേക്കുള്ള ആദ്യത്തെ കാൽവെപ്പ്..

ദിനേഷ് യു. നായർ
ഒന്നാം വർഷ മാത്തമാറ്റിക്സ്

# Campus Fest





















CAMPUS PASSIONS












# നിശാഗന്ധിക്കൊരു മൂളിപ്പാട്ട്



പ്രേമം മൂത്ത് ആത്മഹത്യചെയ്തു. അവൻ നിസ്സംശയം
പറയും. നിനക്കറിയാമായിരുന്നില്ലേ, നിന്നെ കാമുകനും എന്നെ
കാമുകിയും ആക്കി അവർ വിളിച്ചുകൂവിയത്? ഈ നിറപ്പകിട്ടു
കൾക്കിടയിൽ ജീവിക്കുന്ന അവർക്ക്, ഒരുഭാഷയേ ഉള്ളൂ. അതി
ലാണവരുടെ ശ്വാസോച്ഛ്വാസം. വ്യർത്ഥസങ്കൽപ്പങ്ങളുടെ കാണാ
ക്കയങ്ങളിൽ മുങ്ങിത്താണുകൊണ്ടിരിക്കുമ്പോൾ അവർക്കേകയാ
ശ്വാസം നമ്മളായിരുന്നു. നമ്മുടെ മൗനങ്ങളുടെ അർത്ഥതലങ്ങ
ളിൽ അവർ അവരുടേതായ ഭാഷ ചേർത്തി. പക്ഷേ, നമ്മളെ
തൊന്നും ശ്രദ്ധിച്ചിരുന്നില്ലല്ലൊ. പിന്നെയെന്തേ നിനക്കിങ്ങനെ
യൊക്കെ തോന്നാൻ? എനിക്ക് മനസ്സിലാവുന്നില്ല, ഒട്ടും.

അറിയാതെയെങ്കിലും എന്റെ മനസ്സൊന്നു പതറിയാൽ
നീ പറയുമായിരുന്നു, അവരുടെ വാക്കുകളിലല്ല ഞാൻ ജീവി
ക്കുന്നതെന്ന്. നിറഞ്ഞ കണ്ണുകൾക്കെതിരെ മുഖം തിരിച്ചിരുന്ന്
കണ്ണുനീർ തുടയ്ക്കാൻ ആംഗ്യം കാണിച്ചിരുന്ന നീ, ഇന്നെന്റെ
മുൻപിലിരുന്ന് ഒരു കൊച്ചു കുട്ടിയെപ്പോലെ പൊട്ടിക്കരയുന്നു.
നിന്റെ മുൻപിൽ നിർന്നിമേഷയായി, വികാരഭേദങ്ങളില്ലാതെ ഇരി
ക്കാനേ എനിക്ക് കഴിയുന്നുള്ളൂ.

അക്ഷരങ്ങളിലായിരുന്നു നമ്മുടെ ജീവിതം നിന്റെ
അക്ഷരങ്ങളിൽ ഞാനും, എന്റെ അക്ഷരങ്ങളിൽ നീയും ചില
പ്പോഴൊക്കെ എന്റെ അക്ഷരത്തെറ്റുകളെ ചൂണ്ടിക്കാട്ടി നീ പതു
ക്കെചിരിക്കുമായിരുന്നു. നിന്റെ പരിഹാസച്ചിരിലൂടെ അവയിലെ
തെറ്റും ശരിയും എനിക്ക് മനസ്സിലാകുമായിരുന്നു. ഇന്ന്, എന്റെ
മുൻപിൽ ഒരു വലിയ അക്ഷരത്തെറ്റായി നീയിങ്ങനെ.... പക്ഷേ,
നിന്നെപ്പോലെ ചിരിക്കാൻ. അതിലൂടെ പലതും മനസ്സിലാക്കിത്ത
രാൻ എനിക്ക് സാധിക്കുന്നില്ല. ഒരു വലിയ തെറ്റായ ഞാൻ, നിന്നെ
തിരുത്തുന്നതെങ്ങനെ?


മഴയുടെ സംഗീതമാസ്വദിക്കുവാൻ നമ്മളൊരുമിച്ചൊ
ത്തുകൂടുമായിരുന്നു. മുറ്റത്ത് തളംകെട്ടിക്കിടക്കുന്ന മഴവെള്ള
ത്തിന്റെ നൃത്തച്ചുവടുകളിൽപോലും കണ്ണുകളയയ്ക്കാതെ, ആ
സംഗീതത്തിൽ മാത്രം കാതോർത്ത് തുടക്കം മുതൽ അവസാനം
വരെ സ്വയമറിയാതെയിരിക്കുമായിരുന്നു. അതിനവ
കൊടുത്ത വ്യാഖ്യാനങ്ങൾ പ്രേമം മുതൽ ഭ്രാന്തിവരെ

അക്ഷരങ്ങളെപ്പോലെ നമ്മൾ സംഗീതത്തെയു
സ്നേഹിച്ചു. എന്റെ മൂളിപ്പാട്ടുകളിലെ താളപ്പിഴകളിൽ നിന്ന
നീ സംഗീതം സൃഷ്ടിച്ചു. അതിന് രാഗവും ഭാവവും നൽക
ശ്രുതിമധുരമാക്കി. എന്റെ താളപ്പിഴകളുള്ള മൂളിപ്പാട്ടുകളില്ല
യിരുന്നെങ്കിൽ, നിന്നിൽ സംഗീതത്തിന് പിറവിയുണ്ടാവില്ല
യിരുന്നെന്ന് എന്നും നീയെന്നെ ഓർക്കില്ലായിരുന്നെന
എന്നും നീയെന്നെ ഓർമ്മിപ്പിക്കുമായിരുന്നു. ഇന്നാ സംഗീത
നിനക്കന്യമാണ്. നിന്നിൽ പ്രതിധ്വനിക്കുന്നത് എന്നോകേ
കുക്കിന്റെ മാറ്റൊലികൾ മാത്രം. നിന്റെ മുന്നിൽ ഒരു വിഡ്ഢ
രൂപമായി, ഒരാവർത്തനമായി ഞാനും ...

നിശാഗന്ധി പൂക്കുന്നതും നോക്കി ഉറക്കമിളച്ചിര
ക്കുമ്പോൾ അതിന്റെ ജനനവും മരണവും ഒരുമിച്ച
നോക്കിക്കാണുമ്പോൾ നീ പറഞ്ഞിരുന്നു, ആ നിശാഗന്ധ
യെപ്പോലെ എല്ലാം പെട്ടെന്നവസാനിച്ചിരുന്നെങ്കിലെന്ന്. പി
വിയോടെ ആ പുഷ്പം പരത്തുന്ന സുഗന്ധം നിമിഷനേര
കൊണ്ടില്ലാതാവുമ്പോൾ, മരണത്തിന്റെ ഗന്ധം വഹിക്കുവാ
നിനക്ക് വിഷമമായിരുന്നു. അതാസ്വദിക്കുവാൻ എന്നെയു
നീയനുവദിച്ചിരുന്നില്ല. ആ നിനക്കെങ്ങിനെ വിഷക്കുപ്പിയ
മായി എന്റെ മുന്നിലിരിക്കാൻ സാധിക്കുന്നു. ഈ ഇരുട്ടുമു
യിലുന്ന്, ആ നിശാഗന്ധിയെ എന്നപോലെ നിന്റെ മരണവു
ആസ്വദിക്കുവാൻ, എത്ര നിസ്സംഗതയോടെയാണ് നീയാവശ
പ്പെട്ടത്! എല്ലാ അവസാനങ്ങളുടേയും തുടക്കങ്ങൾ അസാദ്ധ
മെന്നു കരുതുന്ന അസാധാരണത്വങ്ങളിൽ കുരുങ്ങിക്കിടക
ന്നതായിരിക്കുമോ ? നീ പഠിപ്പിച്ചു തന്ന പാഠങ്ങളിലൊന്നു
ഇത്തരം ചോദ്യങ്ങളോ ഉത്തരങ്ങളോ ഇല്ലായിരുന്നു.

ഞാൻ അറിയുന്നു, നിശാഗന്ധി വിരിയാൻ തു
ങ്ങുമ്പോൾ ആ നീണ്ട യാത്രയ്ക്ക് നീയൊരുങ്ങുകയായ
അതിന്റെ പിറവിയിൽ, പരക്കുന്ന സുഗന്ധത്തിൽ മയങ്ങി നി
ങ്ങളില്ലാത്ത, കൂക്കുവിളികളില്ലാത്ത, നിനക്കന്യമായ ലോ
ത്തേക്ക്, പതുക്കെ, വളരെ പതുക്കെ നീ നടന്നടുക്കും നിശ
ഗന്ധി മടങ്ങുമ്പോൾ നീയുമങ്ങനെ.... പിറവിയിലും ജീവി
ത്തിലുമെന്നപോലെ മരണത്തിലും നിന്നെ പിൻതുടരാനെ
രുങ്ങുമ്പോൾ, ഒരു നിമിഷം, ഇനിയുമൊരു നിശാഗന്ധിയു
പിറവിയും കാത്ത്, ഈ ഇരുട്ടറയിൽ, ഒരക്ഷരത്തെറ്റായ
മൂളിപ്പാട്ടായി.......

അർച്ചന വാസുദേ
IDC ഫങ്ഷണൽ ഇംഗ്ലീഷ





# E T & T

**COMPUTER EDUCATION & TRAINING CENTRE.**

**I r i n j a l a k u d a .**




*With best compliments*

**K.L.F OIL INDUSTRIES**
P.B. No. 40, Fr. Dismas Road,
Near Christ College,
Irinjalakudā - 680 121,
Thrissur Dist., Kerala.
Phone : 0488-826705 to 707.
Fax: 0488-825708.

*TASTE THE DIFFERENCE*



# പിഴച്ച പെണ്ണിന്റെ അവസാന രാത്രി

**സി.ജെ ജിയോ ജോസ്**

ഒന്നാം വർഷ ഫംങ്ക്ഷണൽ ഇംഗ്ലീഷ്

കൂരിരുൾ നിറഞ്ഞ രാത്രിയിൽ ഒരാത്മാവിന്റെ കേഴൽ .ആരൊക്കെയോ അത് കേൾ ക്കുന്നു , എനിക്കും അത് കേൾക്കാം .

പുറത്ത് മഴ തകർത്ത് പെയ്യുകയാണ്. അവളുടെ മനസ്സിൽ പെയ്ത മഴയേക്കാൾ എത്രയോ നിസ്സാരമാണ് പുറത്ത്പെയ്യുന്നമഴ,എന്നവൾക്ക് തോന്നി. ഇന്ന് അവളുടെ ആദ്യരാത്രിയാണ്. അവൾ ജനിച്ചു വീണ ആദ്യത്തെ രാത്രിയല്ല. മറിച്ച് ചെയ്യാൻ ആഗ്രഹമില്ലാഞ്ഞിട്ടും ചെ ണ്ടിവന്ന പാപങ്ങളുടെ പെരുമഴ തോർന്ന് അവൾ ശാന്തമായ ആദ്യത്തെ രാ അവളുടെ മനസ്സാകുന്ന സീമന്ത ക്ഷേത്രത്തിൽ വിളക്കുകത്തിച്ച് സിന്ദൂ തൊടുവിച്ച രാത്രി. അവളുടെ ഈശ്വരന്മാരുടെ ഈശ്വരനായ സേതുവു ന്നിച്ചുള്ള ആദ്യത്തെ രാത്രി .

മുല്ലപ്പൂവിരിച്ചപട്ടുമെത്തയിൽ അവളിങ്ങനെ തലതാഴ്ത ഇരിക്കുകയാണ് . ഏതോ വലിയ തെറ്റുചെയ്തിട്ട് ശിക്ഷയും കാത്തിരിക്കു ഒരുകൊച്ചുകുഞ്ഞിനേപ്പോലെ .അവളുടെ തലമുടിയിഴകളിൽനിന്നും മുല്ല വിന്റെ നേർത്തസുഗന്ധം സേതുവിന്റെ നാസികയിലേക്ക് ഇരച്ച് കയറി.അ ളോട് ആദ്യമായി എന്ത് ചോദിക്കണമെന്നറിയാതെ എന്ത് പറയണമെന്ന യാതെ സേതു വാക്കുകൾക്കുവേണ്ടി പരതി. അവസാനം ഒരുവലി കടലിൽപ്പെട്ട് ശ്വാസം കിട്ടാതെ മുങ്ങി തുടിക്കുന്ന കുട്ടിക്ക് രക്ഷപ്പെടാൻ ഒ കച്ചിത്തുരുമ്പ് കിട്ടിയ സന്തോഷത്തിലെന്ന പോലെ അവൻ അവളോട് ചോ ച്ചു.

ലക്ഷ്മീ എന്താ ഇങ്ങനെ ഒന്നും മിണ്ടാതിരിക്കണേ എന്തങ്കി മൊക്കെ പറയെടോ. അവൾ ഒന്നും മിണ്ടിയില്ല. അവൾക്ക്സേതുവിനേ എന്തൊക്കെയോ പറയണമെന്നുണ്ട്.പക്ഷേ ഏതോ ഒരുലോകത്തിൽ ഏ ഒരുനമായയിൽ ലയിച്ചതുപോലെ അങ്ങിനെ ഇരിക്കുകയാണ് . സേതു രണ് ന്നുവട്ടം ഈചോദ്യം ആവർത്തിച്ചു.പക്ഷേ ശ്മശാനത്തിലെന്ന പോലെ മൂക അവളെ വിഴുങ്ങിയിരിക്കുന്നു.

അവസാനം അയാൾ വികാരഭരിതമായി അവളുടെ മേനിയിൽ ഒ തൊട്ടു.അവളുടെ ശരീരം വിയർക്കുന്നതായി അയാൾക്കുതോന്നി.

സേതുവിന്റെ സ്നേഹം അവൾക്ക് മനസ്സിലാക്കാൻ സാധിച്ചെങ്കി ,സേതുവിനെ സ്നേഹിക്കാൻ അവൾക്ക് കഴിഞ്ഞില്ല.ആദ്യരാത്രിയിൽ ഈ നേക്കാൾ തന്നെ സ്നേഹിക്കുന്ന ഭർത്താവിനോട് ഒരുവാക്കുപോലും പറയ സാധിക്കാത്തതിൽ അവൾക്ക് തന്നോടുതന്നെ വെറുപ്പ്തോന്നി. നിത്യം ശ ക്കുന്ന ദൈവങ്ങളെ അവൾ ഒരിക്കൽക്കൂടി ശപിച്ചു. എന്താ ലക്ഷ്മീ നീ ന്നോട് ഒന്നും മിണ്ടാത്തത്.നിനക്കെന്നേട് ദേഷ്യമാണോ ,പുറംതിരിഞ്ഞ ക്കുന്ന അവളോട് സേതു ഒരിക്കൽ കൂടി ചോദിച്ചു. കരഞ്ഞ് കലങ്ങിയ അ ളുടെ കണ്ണുകൾ ഒരിക്കൽകൂടി ഈറനണിഞ്ഞു.ഇത്രയധികം സ്നേഹത്ത തനിക്ക് അർഹതയുണ്ടോ എന്നവൾ സ്വയം ചോദിച്ചു.സ്നേഹം നിറ തുളുമ്പുന്ന സേതുവിന്റെ മനസ്സ് അവൾക്ക് പകൽ പോലെ വ്യക്തമായിരു

ഒരുതരം വികാരഭരിതമായിരുന്നു അവളുടെ മനസ്സ്.സേ വേട്ടൻ തന്നിൽ നിന്നെന്തൊക്കെയോ പ്രതീക്ഷിക്കുന്നു എന്നവൾക്ക് മന ലായി. സേതുവേട്ടാ എന്ന് വിളിച്ചു കരഞ്ഞു കൊണ്ട് അവൾ ആ കാല് ങ്ങളിൽ വീണു. എന്തിനാ ഈ പിഴച്ചപെണ്ണിനോട് ഇത്രയും ദയ കാണി ,എന്തിനാ ഈ തേവിടിശ്ശിയെ സ്വന്തം ഭാര്യയാക്കിയത്,

എന്തിനാ എല്ലാം അറിഞ്ഞുകൊണ്ട് ഈ തെറ്റിലേക്ക് ചാടിയ

ഒരുനിമിഷം അവൾ അവളെ തന്നെ മറന്നു. ജീവന്റെ ജീവനെ തോന്നിയ സേതുവിനെ മറന്നു.

നിങ്ങൾക്കിനിയും രക്ഷപ്പെടാം ,ഒരു രാത്രി ,ഒരുരാത്രി ക

With
Best
Compliments
From,

# Pournami

**DRESS MAKERS & CURTAIN WORKS**

AKP Junction, Irinjalakuda. Ph: 821441

# ROYAL

digital studio & video

E.G. Complex.
Tana, Irinjalakuda. Ph: 820303

നിമിഷങ്ങൾക്കകം ഡിജിറ്റൽ പാസ്സ്പോർട്ട്
ഫോട്ടോ എടുത്തുകൊടുക്കുന്നതാണ്

# FARADY ELECTRICALS

Irinjalakuda. Ph:820002.

റഫ്രിജറേറ്റർ, എയർ കണ്ടീഷൻ, മോട്ടോർവൈന്റിങ്ങ്, ഹൗസ് വയറിങ്ങ്, മിക്സി ഫാൻ റിപ്പയറിങ്ങ് തുടങ്ങിയ എല്ലാവിധ ഇലക്ട്രിക്ക് ജോലികളും ഉത്തരവാദിത്വത്തോടുകൂടി ചെയ്തുകൊടുക്കുന്നു.

പ്രസന്റേഷൻ സെറ്റുകൾ ലേഡീസ് ഫാൻസി ഐറ്റംസ് &സ്റ്റേഷനറി etc...

# ബ്യൂട്ടി കോർണർ.

ഗിഫ്റ്റ് ഹൗസ് & ഫൂട് വെയർ

ഇ.ജി കോംപ്ലക്സ്
ഠാണാ – ഇരിങ്ങാലക്കുട
Ph:821664

# Anagha

Studio & Videos
P.T.R.Mahal, Kattungachira.
Ph: 825651 (R)821266(pp)

B/W Pasport
Size Phot within
one hour

Ph: 825651 (Resi)
821266 (pp)

*Weding Photos, Video Recording,*
*Group Photos 7 Lamination,*
*Enlargements, Out Door Groups,*
*And All other Photographic*
*Services*

നിങ്ങൾക്ക് വേണ്ടി എന്റെ കിടപ്പറ വിരിക്കാൻ എനിക്ക് വിഷമമില്ല.എന്റെ ശരീരമാണ് നിങ്ങൾക്ക് വേണ്ടതെങ്കിൽ എടുത്തുകൊള്ളൂ. വസ്ത്രങ്ങൾ വലിച്ചുകീറി ശിക്ഷലഭിക്കാൻ കാത്തുനില്ക്കുന്ന കുറ്റവളിയേപ്പോലെ അവൾ തല താഴ്ത്തി നില്ക്കുകയാണ്. എന്തു ചെയ്യണമെന്നറിയാതെ സേതുവിന്റെ മനസ്സിലെ പച്ചമനുഷ്യൻ പരക്കംപായുകയാണ് .അവസാനം ലക്ഷ്മീ .................... എന്ന ആ വിളിയിൽ അവളറിഞ്ഞു സ്നേഹത്തിന്റെ മാറ്റ്.

എന്താ നീയിപ്പോ പറഞ്ഞേ „ ഞാൻ രക്ഷപ്പെട്ടേ.. എവിടേക്ക്? നീ തന്നെ പറ. നീയില്ലാണ്ട് ഞാൻ രക്ഷപ്പെടേ? ഇനിയും നിനക്കെന്നെ കാണാൻ കഴിഞ്ഞില്ലേ , ഇനിയും നിനക്കെന്നെ മനസ്സിലാക്കാൻ സാധിച്ചില്ലേ? ലക്ഷ്മിയെ മാറോടണച്ചുകൊണ്ട് സേതു പൊട്ടിക്കരഞ്ഞു. ഒരു മനുഷ്യ ജീവൻ ഈ ഭൂമിയിൽനിന്നും അടർത്തിയെറിഞ്ഞിട്ടും ഈശ്വരൻ വെറുതെ വിട്ട പ്രതിയെപ്പോലെ അവൾ സേതുവിന്റെ മുഖത്തേക്ക് നോക്കി .ആശങ്കയായിരുന്നില്ല ആ മുഖത്ത് തികഞ്ഞ ആത്മാർത്ഥതയായിരുന്നു. ലക്ഷ്മിക്കു തെറ്റി . അവൾ വിചാരിച്ച മനുഷ്യനെയല്ല സേതുവിൽ കണ്ടത് .

അറിയണം സേതുവേട്ടനെല്ലാം അറിയണം. കുറച്ചേ സേതുവേട്ടനറിയൂ. അവളുടെ ഭാരം മുഴുവനുമവൾ സേതുവേട്ടന്റെ കാല്ക്കീഴിൽ ഇറക്കിവെച്ചു.

വിധിയുടെ കൊടും ക്രൂരതയ്ക്കു മുന്നിൽ പകച്ചുനിൽക്കുന്ന വെറും പന്ത്രണ്ടു വയസ്സുകാരിപ്പെൺകുട്ടിയെ അവളോർക്കുന്നു, ഈശ്വരൻ തനിക്കു സമ്മാനമായി നല്കിയ ഭ്രാന്തിന്റെ മായാജാലങ്ങളറിയാതെ മക്കളുടെ മുൻപിൽ വെച്ച് ഉടുതുണി ഉരിയുന്ന പെറ്റമ്മയെ അവളോർക്കുന്നു. അരസ്മാരം സമ്മാനിച്ച നുരയിലും പതയിലും കിടന്ന് ഇഴയുന്ന ചേച്ചിയുടെ രൂപമവൾക്ക് കാണാം.

പുരുഷവർഗ്ഗത്തിന് മുഴുവൻ ശാപമായ ദുഷ്ടനായ് അച്ഛൻ സ്നേഹിച്ച പെണ്ണിന് രണ്ട് പെൺകുഞ്ഞുങ്ങളെ ദാനമായി നല്കി വീണ്ടും സ്ത്രീയുടെ രഹസ്യമറിയാൻ കൊതിക്കുന്ന കാട്ടാളൻ ഓർക്കുമ്പോൾ തന്നെ അവൾക്ക് ലജ്ജ തോന്നുന്നു. പുരുഷൻ അവൻ കാട്ടാളനാണെന്നറിഞ്ഞത് സ്വന്തം അച്ഛനിൽ നിന്നുതന്നെയാണല്ലോ.

ലക്ഷ്മിയെ വേശ്യയാക്കിയ ആ അവധിദിവസം അവളിന്നും ഭയത്തോടെ ഓർക്കുന്നു. ലക്ഷ്മീ....ലക്ഷ്മീ.... ഭ്രാന്തിയായ അമ്മ അലറിക്കരയുന്ന ആ രാത്രി അവളുടെ കൺമുമ്പിൽ തെളിയുന്നു. അടുത്തുചെന്നു നോക്കിയപ്പോൾ അമ്മ ചങ്ങല പൊട്ടിച്ചിരിക്കുന്നു. "നിൽക്കമ്മേ എവിടേയ്ക്കാണോടുന്നതമ്മേ വിടെടീ എന്നെ? എനിക്കു പോണം എന്റെ സുകുവേട്ടന്റെ അടുത്തേയ്ക്ക് പോകണം എനിക്ക് ഒരു നിമിഷം അമ്മയുടെ ഭ്രാന്ത് നിശ്ചലമായെന്ന് ലക്ഷ്മിക്കു തോന്നി. ഒരു വിധേന അവൾ അമ്മ[...] മുറിയിലിട്ടുപൂട്ടി. ഇന്നു തന്നെ അമ്മയെ കൃഷ്ണ[...] വൈദ്യരെ കാട്ടണം. അടുപ്പിൽ തീ പുകഞ്ഞിട്ട് ദിവസങ്ങ[...] റെയായി. അമ്മാവന്റെ അടുത്തേയ്ക്ക് പോകാതെ നിവൃത്തിയില്ല. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ഈ തെണ്ടൽ[...] അമ്മാവന്റെ വീട്ടിലേക്ക് ചെന്നു. അമ്മാവൻ കാശുതന്ന[...] ആവോളം. നൂറ് ചോദിച്ചതിന് ആയിരം തന്നു. പകരം അമ്മാവനെടുത്തത് അവളുടെ മാനമായിരുന്നു. എത്ര തന്നാലു[...] അതിന്റെ വിലയാവില്ലല്ലോ. ഭ്രാന്തിയായ അമ്മയ്ക്ക് മരുന്ന് മേടിക്കാൻ വേണ്ടി തെണ്ടാൻ പോയ മകൾക്ക് വി[...] നൽകിയ സമ്മാനം. അതാ വീണ്ടുമൊരു മനുഷ്യജീവ[...] ശബ്ദം ഭൂമീദേവി കേൾക്കുന്നു. ലക്ഷ്മി ആദ്യമായും അ[...] സാനമായും പ്രസവിച്ചു. അവളൊരു തൊഴിൽ കണ്ടെത്ത[...] സ്ത്രീവർഗ്ഗം എന്നും വെറുക്കുന്ന തൊഴിൽ

രണ്ട് മാസം കഴിഞ്ഞ് അമ്മ ദീനം വന്ന് മരി[...] അനിയത്തി വേശ്യാലയത്തിൽ മനം നൊന്ത് ചേച്ചി ഒരുമു[...] കയറിലൊടുങ്ങി. ഈ ഭൂമിയിൽ ഇനി ലക്ഷ്മിക്ക് കൂട്ട് അ[...] ൾ മാത്രം. പിഴച്ചുണ്ടായ കുഞ്ഞിനെ വെള്ളത്തി[...] മുക്കികൊന്നു. ചേച്ചിയെപ്പോലെ ഒരു മുഴം കയറി[...] ടുങ്ങാം. അവൾ ചിന്തിച്ചു. ഇല്ല വിധി അതായിരുന്നില്ല. [...] ണത്തിന് പോലും വേണ്ടാത്ത പാഴ്ജന്മം.

ഇനിയാരെയും അവൾക്ക് സംരക്ഷിക്കേണ്ട. ത[...] മാത്രം സംരക്ഷിച്ചാൽ മതി. പിന്നെയവൾ തിരിഞ്ഞുനോ[...] യിട്ടില്ല. മനുഷ്യർക്കവൾ സുഖം മാത്രമായി. അവളുടെ രാ[...] കൾക്ക് ലക്ഷങ്ങൾ വഴിമാറി. അവളുടെ നിമിഷങ്ങൾ [...] ഭൂമിയിൽ വിലപ്പെട്ടതായി. എല്ലാവർക്കും അവളുടെ ശരീ[...] മതി അവളെ ആർക്കും വേണ്ട.

"സേതുവേട്ടാ ഇനിയുമെന്നെ സ്നേഹിക്കുന്[...] ഇനിയും സേതുവേട്ടന്റെ മനസ്സ് എനിക്കുവേണ്ടി ദാഹി[...] ന്നോ, പറ ഇനിയും സേതുവേട്ടനെന്നെ വേണോ?"

"മതി ലക്ഷ്മീ, മതി. എനിക്ക് മനസ്സിലാ[...] നിന്നെ, എനിക്ക് മനസ്സിലാകും ഈ കണ്ണീർ എനിക്ക് [...] സ്സിലാകും എന്റെ ലക്ഷ്മിയെ മറ്റാരേക്കാളും" വേദനയാ[...] പുളയുന്ന ഒരാത്മാവിൻ

തന്റെ തേങ്ങൽ അയാൾ അവളിൽ കണ്ടു. ഇ[...] നീ എന്റേതാണ്. ഇന്നുമുതൽ നീ വേശ്യയല്ല വിശുദ്ധ[...] ണ്. ഇന്നു ഞാൻ നിന്റെ നെറുകയിൽ തൊട്ട സിന്ദൂരം നി[...] പാപങ്ങളെല്ലാം കഴുകി. ഇനി മുതൽ നീ ചീത്തയ[...] നീയെന്റെ പെണ്ണാണ്. സേതു അവളെ മാറോടണച്ച് ചും[...] ച്ചു. ആ ചുംബനത്തിന് വിശുദ്ധമായ ഒരു ചൈതന്യമു[...] യിരുന്നു. കഴിഞ്ഞുപോയ ദുർദിനങ്ങളിൽ നിന്ന് വരാ[...] ക്കുന്ന നല്ല നാളുകളിലേക്ക് അവളുടെ ആത്മാവ് പറ[...] യർന്നു. പുറത്ത് പെയ്യുന്ന മഴ ഇനിയും തോർന്നിട്ടില്ല. [...] മഴയും എപ്പോഴെങ്കിലും തോരും ലക്ഷ്മിയുടെ ജീവി[...] പോലെ. ●


സൗന്ദര്യത്തിന്
പ്രകൃതിദത്തമായ പരിരക്ഷ.
ചന്ദ്രികയുടെ പ്രകൃതിദത്തമായ സിദ്ധികൾ നിങ്ങളുടെ ചർമ്മത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കുക നിങ്ങൾക്ക് പുതിയ ഉണർവും ഉന്മേഷവും ശുചിത്വവും അനുഭവപ്പെടും ദിവസം മുഴുവൻ. നിങ്ങളുടെ സൗന്ദര്യ സംരക്ഷണത്തിന് ഇതിനെക്കാൾ നല്ല മറ്റൊരു മാർഗ്ഗം ഇല്ല തന്നെ ഇന്നും എന്നും
CHANDRIKA
AYURVEDIC SOAP
CHANDRIKA
AYURVEDIC SOAP
An Original Vegetable Oil Soap Since 1940


കെ.എസ്.ഇ. ലിമിറ്റഡിന്റെ പുതിയ ഉൽപ്പന്നം
Love at First Taste
Vesta
ice cream
The Magic of Fresh Milk
Manufactured by
KSE LIMITED
DAIRY DIVISION
Konikkara, Thrissur - 680 406
Tel : 0487 - 356394,351501

# മാന്ത്രിക ചുവരുകൾ

**അനീഷ് കെ.**
(സബ് എഡിറ്റർ)
ഒന്നാം വർഷ ജിയോളജി

അന്ന്
എന്റെ ചുവരുകളിൽ
..വിപ്പാകുന്ന ചിതലുവന്നിരുന്നു
ഭ്രാന്തമായ സ്വപ്നങ്ങളെ
മനസ്സിന്റെ മോർച്ചറിയിൽ
തണുത്ത ഐസിലല്ലാതെ
എരിയുന്ന കനൽ ചിന്തയിലിട്ട്
കറുത്ത തുണികൊണ്ട്
മൂടിയുറക്കിയിരുന്നു.
കാലം.
എന്റെ നഷ്ട ബോധത്തെ
വമിക്കുന്ന ദുർഗന്ധമാക്കിയിരുന്നു.
എല്ലാം വേദനയോടെ
മറന്ന് കൊണ്ട്....
എങ്കിലും
ഇന്നെന്റെ നഷ്ടസ്വപ്നങ്ങളുടെ
താഴ്‌വരയിൽ നിന്നും
ഒരു സുവർണ്ണ
സൗഹൃദത്തിന്റെ മാരിവില്ല്
ചുവരുകളിൽ നിഴലായ്
മാറിയിരിക്കുന്നു.
നീലക്കുറിഞ്ഞികൾ
പൂത്തപോലെന്റെ
ഹൃദയം കുളിർക്കുന്നു.
ഈ
സൗഹൃദത്തിനുമായിരം
നന്ദി

## Aptech Computer Education, Irinjalakuda.

# ST. STEPHEN'S COLLEGE OF ADVANCED STUDIES

**(MG university Off - campus Centre)**

List of Courses Offered:-

| UG courses: - | P.G Courses |
|---|---|
| BBA | MBA |
| BCA | MCA |
| BA English | Msc. IT |
| Bsc. Computer Science | LLM |
| Bcom Computer Application | M com. |

For more details contact:-

**ST. STEPHENS COLLEGE OF ADVANCED STUDIES**
IKM Buildings, Opp. Microwave station, Tana,
Irinjalakuda ph: 0488- 824409

ACCP WORLD PROGRAM
Universally Accepted Products Across 52 countries.
Alliances with Global Leaders
Latest Industry Researched Course
Global placement Assistance Service.
Communication and personalitv development.
Project Based Learning.
Ameda hybrid learning methodology.
WE CHANGE LIVES GLOBALLY

Contact:-

## APTECH COMPUTER EDUCATION,

IKM Buildings, Opp. Microwave Star Tana, Irinjalakuda Ph: 0488-824409.

**Computer Hardwar& Networking Specialisation Batch**
കമ്പ്യൂട്ടർ അസംബ്ലിംഗ്
മെയിന്റനൻസ്
ട്രബിൾ ഷൂട്ടിംഗ്
ഇൻസ്റ്റാലേഷൻസ്
ഇന്റർനെറ്റ് സൊലുഷൻസ്
**Novel, NT, LINUX NETWORKING etc.**

**LINUX**
**OS For the next generation**
**LINUX For all &**
**LINUX. Office**
**LINUX Networking & Administration**
**C, C++ & Java on Linux**

*The IT Group Since 1994.....*

IRS

കാത്തലിക്ക് സെന്റർ
ഇരിങ്ങാലക്കുട
PH: 822449, 826063

**WEB APPLICATIONS**
**sh_vUn-ssk-\À**
**sh_vt{Im{Km-aÀsh_vam-\À**
**Online pracicing with our golden, Silver & Bronze Sites**
**irinjalakuda.com**
**christ college irinjalakuda.org**
**irinjalakuda.com/epsilone**
**irinjalakuda.com/s&s**
**irinjalakuda.com/kse**
**irinjalakuda.com/woodlands etc..**

**SMART ACCOUNTANT**
**Diploma/ Advanced Diploma in Computerised Financial Accounting**
**Tally, Daceasy, Tata Ex, Wings, payroll & Inventory, Access, Excel**

# ചിതലെടുക്കുന്ന ചിന്തകൾ

അഫ്സൽ ടി.എ.
ഒന്നാം വർഷ മാത്തമാറ്റിക്സ്

ഇതിനെ നിങ്ങൾക്ക് ഒരു വിരഹിയുടെ വിരൽപ്പാടുകളായോർക്കാം, അല്ലെങ്കിൽ ഒരു ഭ്രാന്തന്റെ ജല്പനങ്ങളായ് മറക്കാം. മറവിയുടെ മാറാപ്പിലോ ചിന്തയുടെ ചിപ്പിയിലോ നിങ്ങൾക്കിത് ഒളിച്ചു വെക്കാം.

എഴുതുന്ന വാക്കുകളിലും വരികളിലും മനം മടുപ്പിക്കുന്ന വിരഹത്തിന്റെ ഗന്ധം വമിച്ചിരുന്ന ദിനരാത്രങ്ങൾ എല്ലാം നഷ്ടപ്പെടുന്നു എന്ന ഭീതിയിൽ നിന്നും ഒന്നും നഷ്ടപ്പെടാനില്ലെന്ന തലത്തിലേക്ക് നിമിഷങ്ങളുടെ ദൂരം മാത്രം. എന്താഗ്രഹിക്കുമ്പോഴും ആരെ സ്നേഹിക്കുമ്പോഴും നഷ്ടപ്പെടുമെന്ന് കരുതി സ്നേഹിക്കണമെന്ന് എന്നെ പഠിപ്പിച്ചത് ആരാണോ? എല്ലാം പഠിപ്പിക്കുന്ന ഒരു ഗുരുനാഥയായി നീ എന്റെ അരികിലെന്നോ ഉണ്ടായിരുന്നിരിക്കാം.

അവ്യക്തതയുടെ അസ്വസ്ഥതയുടെ പിൻവിളികൾ. ശൂന്യതയിലെ ആത്മാവിന്റെ സംഗീതം. വിരഹികളുടെ നെടുവീർപ്പുകളും നിശ്വാസങ്ങളും ശൂന്യതയിലും നിഴലിറ്റുകയാവീം. അതെ ജീവിതം നഷ്ടപ്പെടലുകളുടേയും മനസ്സിലാക്കുകളുടേയും ആകെത്തുകായണെന്ന് മനസ്സിലാക്കിയ നിമിഷം

സ്വപ്നങ്ങളേയും സങ്കൽപ്പങ്ങളേയും എനിക്ക് ഭയമാണ്. ജീവിത മരുഭൂമിയിലെ യാത്രയിൽ സ്വപനങ്ങളെനിക്ക് വെറും മരീചികമാത്രമായി മാറുകയായിരുന്നു. ഞാൻ അവയിലേക്കെത്തിപ്പെടാൻ ശ്രമിക്കുന്തോറും അവ എന്നിൽ നിന്നും അകന്നകന്നു പോകുന്നു. സ്വപനങ്ങളും ഞാനും, കടലും ആകാശവും പോലെ വിഭിന്ന ധ്രുവങ്ങളിലാണ്. പുറമേ നിന്ന് നോക്കുന്നവർക്ക് ഞങ്ങൾ ഒന്നാവുന്നത് കാണാം. എന്നാൽ അടുത്തേക്ക് വരുന്തോറും ; ഞങ്ങൾ തമ്മിൽ അകന്നു പോകുകയാണെന്ന് മനസ്സിലാക്കുന്നവർ എത്രയോ വിരളം.

മനസ്സിന്റെ തീരങ്ങളിലേക്ക് ഓർമ്മകളുടെ തിരകൾ അടിച്ചു കയറുന്നു. സ്വപ്നങ്ങളുടെ പൂഴിമണൽ ഈ തീരത്തുനിന്നും ആ തിരകൾ അപഹരിക്കുകയാണ്. കടൽ കാക്കകളുടെ ദുഃസ്സഹമായ ശബ്ദം ഇവിടെ ശേഷിക്കുന്നത് പഴയ സ്വപ്നങ്ങളുടെ അവശിഷ്ടങ്ങളാണ്. നഷ്ടസ്വപ്നങ്ങളുടെ അവശിഷ്ടങ്ങൾ.

ഒരു നിമിഷം എന്നെപ്പോലെ നിങ്ങളും ചിന്തിക്കണം. ഓരോരുത്തരും എത്ര വലിയ വിഡ്ഢികളാണെന്ന് നേടാമെന്നാഗ്രഹിച്ചതെല്ലാം നഷ്ടപ്പെട്ട് നിരാശയിലാഴുമ്പോഴും. നഷ്ടപ്പെടാൻ വേണ്ടി ഞാനും വീണ്ടും

എന്തൊക്കെയോ നേടണമെന്നാശിക്കുന്ന പമ്പരവിഡ്ഢിക ഇന്ന് സ്വപ്നങ്ങളുടെ വെള്ളി വെളിച്ചം പോലും നഷ്ടങ്ങളു കാർമേഘ പടലം മൂടിയിരിക്കുന്നു. അവയെല്ലാമൊ പെയ്തൊഴിഞ്ഞേക്കും.

സ്വപനങ്ങളുടെ ചിലന്തിവലയിൽ ഭാവിയെ ഇരയെക്കാത്ത് പതുങ്ങിയിരിക്കുന്ന വെറുമൊരു ചിലന്തിയാ മാറിയോ ഞാൻ. യാഥാർത്ഥ്യങ്ങളുടെ കൊടുങ്കാറ്റ പേരമാരിയും അതിജീവിക്കാനാവാ.. ചിലവന്തി വല മാ സ്വന്തമായുള്ള വെറുമൊരു ചിലന്തി. പ്രതീക്ഷകളു കിരണങ്ങൾ തട്ടുമ്പോൾ സ്വപ്നങ്ങളുടെ ഈ ചിലന്തി ഇനിയും തിളങ്ങുമായിരിക്കും.

# ചെട്ടിയാർ അസോസ്സിയേറ്റ്സ്

ന്യൂ പാരിഷ്ഹാൾ കോംപ്ലക്സ്, (ടൗൺ കോ - ഓപ്പറേറ്റീവ് ബാങ്കിനു സമീപം)

ഠാണാ - ഇരിങ്ങാലക്കുട

Ph: 0488- 828162, 706661

**ഹോം നേഴ്സിങ്ങ്**

പ്രസവാനന്തര ശുശ്രൂഷ ചെയ്യുവാനും, രോഗ്കളെയും വൃദ്ധന്മാരെയും പരിചരിക്കുന്നതിനും, കുട്ടികളെ സംരക്ഷിക്കുന്നതിനും, വീട്ടുജോലിക്കും മറ്റും പരിചയസമ്പന്നരായ സ്ത്രീകളെ ആവശ്യമുള്ളവർ ഞങ്ങളുടെ ഒഫീസുമായി ബന്ധപ്പെടുക.

**കൂടാതെ**

സെക്കന്റ് ഹാന്റ് മോട്ടോർ വാഹനങ്ങൾ, ഗൃഹോപകരണങ്ങൾ, എംപ്ലോയ്മെന്റ് സർവീസ്, മാര്യേജ് ബ്യൂറോ എന്നീ സർവ്വീസുകളും നടത്തിവരുന്നു.

**സ്വർഗ്ഗം ഹോം നേഴ്സിങ്ങ്** ഞങ്ങളുടെ സഹോദര സ്ഥാപനമായ സ്വർഗ്ഗം ഹോം നേഴ്സിങ്ങ് ചാലക്കുടി പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സമീപം പുതുതായി പ്രവർത്തനം ആരംഭിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു.

എന്ന് പ്രൊപ്രൈറ്റർ.

*With best Compliments from:*



*The Leading Sports goods*
Dealers in Kerala

## OKTOPALS

**M.G.ROAD, THRISSUR**

*We give special concession to all Panchayatyh Municipalities and Registered Clubs*

PH : 335424 : 337757
Res : 444169
Fax : 339249

## OKTOPALS SPORTS

**M.G.ROAD, THRISSUR**

## NetView
COMPUTER SHOPPE

**V.T.Road, Chettiparambu, Irinjalakuda - 680 121**

**Phone : (Off) 822473 Mobile : 98460 94826**

Internet Connection,
Installation,
Modems, Computers,
Printers, UPS,
Scanners,
PC Peripherals,
Computer Accessories etc.

ചില നേരങ്ങളിൽ വന്നു ഭാവം.............. ..............സത്യമാകാത്ത ഒരു വിശ്വാസം... ...തൊട്ടറിയാനാവാത്ത ശക്തി. ചഞ്ചലത.... മൃദുല............ ഇതിനെ മനസ്സൊന്നു വിളിക്കുന്നു. ഇച്ഛയേയും, ഇച്ഛാ ശക്തിയുടേയും ഇടയിൽ ഇതിന് മുഖങ്ങളേറുന്നു. ശാന്തതയുടെ ബീഭത്സതയുണ്ട്. അസുരതയുണ്ട്, ക്രൗര്യത്തിന്റെ എത്ര വേഷപ്പകർച്ചകൾ.. എത്ര നിസാരഭാവങ്ങൾ.....സങ്കോചങ്ങൾ.......... മനസ്സേ നീയെത്ര വാചാലം?

## കരുണം.

